No. 67. വില 7 ണ.


B. 185



വിശുദ്ധ കോൺസ്റ്റാന്റ്


10/159

വി. കോൺറാഡ്






പോർട്ടുഗീസ്സ്



S. J. Press/ Mannanam/ 1946.





Cum permissu superiorum.

കുസുമങ്ങൾ *No. 67.*

B 183
Free Distribution
DVK Central Library
Bangalore - 5

വി. കോൺറാഡ്

ഒന്നാം അദ്ധ്യായം

ജനനവും ബാല്യവും

ഒന്നാം ലോകമഹായുദ്ധത്തിനുമുമ്പ് അതിപ്രശസ്തങ്ങളായി വിരാജിച്ചിരുന്ന ഏതാനും ചെറുരാജ്യങ്ങൾ സാമ്രാജ്യവെറിപൂണ്ട ഏതാനുംപേരുടെ ബുഭുക്ഷാത്മാഹോമിക്കപ്പെട്ടിട്ടുണ്ട്. പലേ നൂറാണ്ടുകളായി, കുരുവി കൂട്ടി കൂട്ടുന്നതുപോലെ, തേനീച്ച തേൻ ശേഖരിക്കുന്നതുപോലെ കെട്ടിപ്പൊക്കിയ സംസ്കാരത്തെ ഇരമ്പിമറിഞ്ഞുവരുന്ന വെള്ളക്കുത്തലിൽ ഒലിപ്പിച്ചുകൊണ്ടു മഹായുദ്ധങ്ങൾ കടന്നുപോകുന്നു. യുദ്ധത്തിൽ വിജയിയായവൻ സ്വാഭീഷ്ടസിദ്ധിക്കായി അശക്തന്റെ അവകാശത്തിനു മേൽ അവന്റെ അതിത്തി നൂൽ പിടിക്കയും ഈ ചെറുരാജ്യങ്ങൾ ഭൂപടത്തിൽനിന്നു അസ്തമിക്കയും ചെയ്യുന്നു.

മദ്ധ്യയൂറോപ്പിലെ നിരവധി ചെറുരാജ്യങ്ങളിൽ ഒന്നാണ് "ബവേറിയ". ഉന്നതമായ പർവ്വതശൃംഗങ്ങളും, വളഞ്ഞു ഒഴുകുന്ന നീലനദികളും, ഫലസമൃദ്ധമായ വയലുകളും, വിസ്തൃതമായ മേച്ചിൽസ്ഥലങ്ങളും ഈ നാടിന്റെ പ്രകൃതിസൌന്ദര്യത്തെ ബഹുമടങ്ങു വർദ്ധിപ്പിക്കുന്നു. നീണ്ടുനിവർന്ന കമാനങ്ങളിൽ ഫലസമൃദ്ധമായി ലസിക്കുന്ന മുന്തിരിത്തോപ്പുകൾ ഒരിടത്തു; അംബരചുംബികളായ പർവ്വതശൃംഗങ്ങൾ വേറൊരിടത്തു: നീലച്ചു

തഴച്ചുനില്ക്കുന്ന ഓലിവ് തോപ്പുകളും, സൈപ്രസ് കൂട്ടങ്ങളും, യൂക്കാലിപ്റ്റസ് മരങ്ങളും വേറൊരിടത്തു്. ഹംസക്രൌഞ്ചങ്ങൾ സ്വച്ഛന്ദം വിഹരിക്കുന്ന മാനസസരസ്സുകളും വിളനെല്ലുണിഞ്ഞ കേദാരങ്ങളും തട്ടേശവാസികളുടെ കാഷ്ഠികജീവിതത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

കുതികാൽ കുത്തിക്കയറുന്ന തിവണ്ടിപ്പാതകളും, വെള്ളപ്പായിൽ ഓട്ടുന്ന കളിവള്ളങ്ങൾ നിറഞ്ഞ കായലുകളും അവിടുത്തെ ഗതാഗതത്തെ ത്വരിതപ്പെടുത്തുന്നുണ്ടു്. ഓരോ ഗ്രാമങ്ങളിലുമുള്ള കാഷ്ഠികോല്പന്നങ്ങളെ വിറ്റഴിക്കുന്ന വിപണികളും അവരുടെ മതാത്മകജീവിതത്തെ വിളിച്ചറിയിക്കുന്ന ഗ്രാമീണദൈവാലയങ്ങളും കുന്നിൻപുറങ്ങളിലും സാനുപ്രദേശങ്ങളിലും കണ്ടുമുട്ടാവുന്നതാണു്.

"നേട്ടാൽ" താഴ്വരയുടെ ഒരുവശത്തായി "ബേയർബേക്ക" തീവണ്ടിസ്റ്റേഷന്റെ ഇപ്പുറത്തു്, "വേംഗ്" എന്ന ചെറുഗ്രാമത്തിനപ്പുറത്തു്, ഉള്ള ഒരു ഗ്രാമമാണു്, കഥാപുരുഷന്റെ ജന്മദേശമാകുവാൻ ഭാഗ്യം ലഭിച്ച "പാർഷാം." പരിക്ഷ്കാരത്തിന്റെ പരിവർത്തനങ്ങൾ ഒന്നുംതന്നെ ഈ നാടിനെ ആക്രമിച്ചിട്ടില്ല. ഗ്രാമണപ്രഭുക്കൾ തങ്ങളുടെ കൃഷിത്തോപ്പുകളിൽ കൊല്ലംകൊലയും നടത്തി ഭരിച്ചുവരുന്നു. ഇടപ്രഭുക്കന്മാരുടെ തറവാട്ടുവഴക്കു ചിലപ്പോഴൊക്കെ അവിടെ തലയെടുക്കാറുണ്ടു്. "വെൻഷോഫ്" എന്ന തോട്ടം പാർഷാമിലെ ജന്മിയുടേതാണു്. 1818 ഡിസംബർമാസം 21-ാംനു- നമ്മുടെ കഥാനായകൻ വെൻഷോഫിൽ ജാതനായി. അടുത്തദിവസം സ്ഥലം ഇടവകപ്പള്ളിയിൽവച്ചു ഈ ശിശുവിന്റെ ജ്ഞാനസ്നാനം കൈക്കൊള്ളുകയും, സ്നാപകയോഹന്നാന്റെ നാമം സ്വീകരിക്കയുംചെയ്തു.

തലമുറകളിലായി കാത്തുവരുന്ന ആചാരമര്യാദകളിൽക്കവിഞ്ഞു തന്നാട്ടുകാർക്കു ഒന്നുംതന്നെ സ്വീകാര്യമായിരുന്നില്ല. അഥവാ ആരെങ്കിലും വല്ല പരിവർത്തനത്തിനായി മുതിരുകയാണെങ്കിൽ യാഥാസ്ഥിതികത്വത്തിന്റെ

സമ്മർദ്ദമേറ്റു അവൻ പലായനം ചെയ്യുവാൻ നിർബ്ബന്ധിതനാകും. നമ്മുടെയിടയിൽ ഇതിനു വിപരീതമാണെന്നു തോന്നുന്നു. അനാവശ്യമായ പരിഷ്കാരങ്ങളിൽ ഭ്രമിക്കാത്തവർ വല്ലവരുമുണ്ടെങ്കിൽ അന്നു അവൻ പതിന്നാലാം നൂറ്റാണ്ടുകാരനാണെന്നു വിധിക്കപ്പെട്ടും. സന്ധ്യാമണികേട്ടു് തന്റെ നെറ്റിയിൽ ഒരുത്തൻ കുരിശടയാളംവരച്ചാൽ, നൂറ്റൊന്നു കണ്ണുകൾ അവജ്ഞയോടെ അവനിൽ പതിക്കുന്ന കാലമായിപ്പോയി. പാഷ്യാമിലെ ഗ്രാമീണജീവിതത്തെ നമുക്കു ഇപ്രകാരം ചിത്രിക്കാം. പത്തായം കാലിത്തൊഴുത്തു് ആദിയായവകൾ ഉൾപ്പെട്ട നെടിയ എട്ടുപുകൾ, ഒരു ചെറിയ വായനമുറി, ഒരു പ്രാർത്ഥനാലയം, തീൻ ജന്മിയുടെ മതിൽകെട്ടിലെ കാണേണ്ട കാഴ്ച. കുടുംബാംഗങ്ങൾ മതപഠനം, അക്ഷരാഭ്യാസം, കൃഷിശാസ്ത്രം, മുതലായവകൾ പഠിക്കുന്നതു് ഇതിനുള്ളിലാണു്. പാരീസിലോ കേംബ്രിഡ്ജിലോ, ഓക്സ്ഫോർഡിലോ സർവ്വകലാശാലകൾ പൊടിപൊടിച്ചു നടത്തട്ടെ, പാർശ്വംപഞ്ചായത്തിൽ വക്കാലത്തിനു ഇതൊന്നും ആവശ്യമില്ല. കൈമിട്ടുക്കുള്ള കരനാഥന്മാരെയാണു അവക്കുവേണ്ടിയതു്.

ഫ്റഞ്ചുവിപ്ലവത്തിന്റെ പ്രത്യാഘാതത്താലും നെപ്പോളിയന്റെ യുദ്ധാപജയത്താലും ജനാവലിയുടെ വിശ്വാസത്തിനു സാരമായ ക്ഷതംപറ്റിയിരുന്നു. യുദ്ധാനന്തരം മടങ്ങിയെത്തിയവരിൽ തലതിരിഞ്ഞ ചില ആശയങ്ങൾ വേരുന്നിയിരുന്നു. സത്തിനെ അസത്താക്കാൻ എളുപ്പമുണ്ടല്ലോ. എന്നാലും സൂര്യപുരുഷന്റെ മാതാപിതാക്കൾ ഉത്തമ കത്തോലിക്കരും സഭയുടെ ശിക്ഷണത്തിൽനിന്നു കടുകുസമം വ്യതിചലിക്കാത്തവരുമായിരുന്നു. ബെർതലോമയും ജെർത്രൂദ് ബെൺഡോഫും വിവാഹബന്ധത്തിൽ ഏർപ്പെട്ടതു് 1800-ൽ ആയിരുന്നു. ജീവിതവിശുദ്ധിയിലും സഹാനുഭൂതിയിലും സമ്പന്നന്മാരായിരുന്ന ഈ ദമ്പതികളുടെ നേതൃത്വത്തിൽ ആ കുടുംബം ഒരു ദൈവാലയമായും പഠനക്കളരിയായും രൂപാന്തരപ്പെട്ടു.

പുത്രസന്തതി ഇവർക്ക് ധാരാളമാണ്. ജോൺ അവരിൽ ഒമ്പതാമനായിരുന്നു. അവരുടെ കൃഷിത്തോപ്പിൽ തന്നെ കൂടിയാണവരായിട്ട് വളരെപ്പേർ ഉണ്ടായിരുന്നു. ഇവർക്കെല്ലാം മതിയാകുംവണ്ണം ആത്മശരീരസംരക്ഷണങ്ങൾ നല്കുന്നതിൽ ബെർത്തോലോമയോയും ജെർത്രൂദും ഒരിക്കലും അശ്രദ്ധ പതിപ്പിച്ചില്ല. സന്മാതൃക, നല്ലവാക്കുകൾ, ആവശ്യമെന്നുകണ്ടാൽ കഠോരത്തിനു തക്കതായ ശിക്ഷ ഈ മാർഗ്ഗേണ അവിടെ സമാധാനവും സംതൃപ്തിയും നടമാടിയിരുന്നു. ശാന്തമായ കുടുംബജീവിതത്തിൽ വിപ്ലവത്തിന്റെ ബീജം വിതറിയ ഒരുത്തനോട്ടം കരുണപ്രദർശിപ്പിച്ചിരുന്നില്ല. പലരുടേയും നാശത്തിനു കാരണമാകാതിരിപ്പാനായി അവരെ തോട്ടത്തിൽനിന്നും പറഞ്ഞുവിട്ടിരുന്നു.

ബെൻഡോഫേർസിൽ എത്രനാൾകാലം ജോലി നോക്കിയിരുന്ന വസ്തുതന്നേ വേണ്ടത്ര നല്ല സർട്ടിഫിക്കേറായി അന്യർ പരിഗണിച്ചിരുന്നു. തൊഴിലാളികളുടെ ഒരു പരിശീലനകളരിയായി അവിടം രൂപാന്തരപ്പെട്ടു.

ഭക്തരായ കുടുംബാംഗങ്ങളുടെ സമാധാനത്തിനു നിദാനം അവിടെ നിലവിലിരുന്ന മതൈക്യമാണ്. പ്രതിദിനം നൂറാമ്പത്തിമൂന്നുമണിജപം ചൊല്ലുന്നതിൽ ഒരു വീഴ്ചയും അനുവദിച്ചിരുന്നില്ല. കുടുംബാംഗങ്ങൾ എല്ലാവരും പ്രാർത്ഥനാലയത്തിൽ സമ്മേളിച്ചാണ് ഈ കൃത്യം അനുഷ്ഠിച്ചിരുന്നത്. നമ്മുടെ ഇടയിൽ ചില വ്യത്യാസങ്ങൾ കാണപ്പെടുന്നുണ്ട്. അത്താഴംകഴിഞ്ഞു അന്നങ്ങളെല്ലാം ഓരോ വഴിക്കുപോകുക, അല്ലെങ്കിൽ ചാവടിയിൽ ഇരുന്നു വെടിപറയുക. അമ്മമാരും കുട്ടികളും (മുതുന്ന് പെൺകുട്ടികൾ പക്ഷെ ഇവിടേയും ലീവെടുക്കാറുണ്ട്) അകത്തേമുറിയിൽ ഇരുന്നു കൊന്ത എത്തിക്കുക. വൈഷോഫിൽ ഈ പരിഷ്കാരം പടിപുരയ്ക്കുപുറത്തായിരുന്നു. ക്രൂലിക്കാരും യജമാനരും പരിശുദ്ധ ജനനിയുടെ മുമ്പിൽ സമന്മാർ. എല്ലാവരും ഒന്നിച്ചു ജപമാല ഉരുവിട്ടിരുന്നു. വിശുദ്ധവാരത്തിൽ ഈ പതിവ് ദിവ

സംതോഷം മുന്നപ്രാവശ്യംആണ്. ത്രികാലജ്ഞങ്ങൾ പൊതുവായി നിശ്ചയിക്കയാണ ചട്ടം. സമയവുംസന്ദർഭവും അനുവദിക്കുന്നഅവസരത്തിലെല്ലാംഅവർ വി. ഭോജനത്തിനണയുകയും സഭയുടെ നിയമങ്ങൾ അക്ഷരശ: പാലിക്കയും ചെയ്തിരുന്നു. പിള്ളത്തൊട്ടി മുതൽ കുഞ്ഞുങ്ങൾക്ക നല്ല പാഠങ്ങൾ നല്കുവാൻ ആ മാതാപിതാക്കൾ നിശ്ചയിച്ചിരുന്നു. അദ്ധ്വാനത്തെ സ്നേഹിക്കാനും ത്യാഗാത്മകമായി പരിശീലിക്കാനും ധാർമ്മികധൈര്യം പ്രായോഗികജീവിതത്തിൽ പ്രദർശിപ്പിക്കുവാനുംവേണ്ട ശിക്ഷണങ്ങൾ അവിടെ സുലഭമായിരുന്നു. ദൈവജ്ഞാനമാണ സകല ജ്ഞാനത്തിന്റേയും ഇരിപ്പിടമെന്നുള്ള വസ്തുത ജെർത്രൂഡ് സദാ സ്മരിച്ചിരുന്നു. തങ്ങളുടെ സന്താനങ്ങളെ ഈ ജ്ഞാനത്താൽ നിപുണരാക്കുകയാണ പ്രധാന കർത്തവ്യമെന്നു അവർ ധരിച്ചു. കുഞ്ഞുങ്ങളുടെ മതപഠനത്തിൽ പ്രത്യേകശ്രദ്ധ പതിക്കുവാൻ ഈ ചിന്ത ഉത്തേജകമായിരുന്നു. ജോണിൽ കണ്ട പ്രത്യേകത അവളെ സന്തുഷ്ടയാക്കി. വെറും ആറുവയസ്സുപ്രായമായപ്പോൾതന്നെ വേദോപദേശപുസ്തകത്തിലെ പ്രാർത്ഥനകളും രഹസ്യങ്ങളും അവൻ ഹൃദിസ്ഥമാക്കി. ക്രൂരതെ സഹോദരേയും വിസ്മയിപ്പിക്കുമാറു, മതകാര്യങ്ങളെപ്പറ്റി അവൻ അഭിപ്രായം പുറപ്പെടുവിക്കുകയും, സംസാരിക്കുകയും ചെയ്തിരുന്നു. പലപ്പോഴും വിസ്മയാധീനയായ മാതാവു് തന്റെ കൊച്ചുമോളാണോയിൽനിന്നു പലതും പഠിക്കുവാനാണിടയായത്. ഒരു ഉത്തമയായ മാതാവിന്റെ സൂക്ഷമുണ്ടെങ്കിൽ, പരിശുദ്ധാത്മാവിയേയും അവിടത്തേ ദാനങ്ങളേയും സ്വീകരിക്കുവാനുള്ളപ്രാപ്തി കുട്ടികൾക്ക ചെറുപ്പത്തിലേ ലഭിക്കുന്നു.

അമ്മയുടെ ശിക്ഷണത്തിനനുഗ്രണമായി കുടുംബത്തിലെ ഇതരഅംഗങ്ങളും വേണ്ട സൻമാതൃകകൾ കാണിച്ചിരുന്നു. ഇതിന്റെ ഫലമായി പ്രകൃത്യാപുണ്യത്തിലേയ്ക്കു ഗമിച്ചിരുന്ന ചെറുബാലൻ അഭിവൃദ്ധിപ്പെടാൻ ഇടയായി. പ്രതിദിനപ്രാർത്ഥനകൾ ഭക്തിയോടെ ചെല്ലുന്നതിൽ അവൻ മുടക്കംവരുത്തിയില്ല. ക്രൂരതെ അ

ധികസമയം മുഴങ്കാലിൽനിന്നു പ്രാർത്ഥിക്കുന്നതു അവ
ന്റെ ദിനചര്യയായിരുന്നു. ഒരു മാലാഖയെപ്പോലെ അ
വൻ പള്ളിയിൽ ദിവ്യനാഥനെ ആരാധിച്ചുകൊണ്ടുനി
ല്ക്കുന്നതു പലർക്കും വിസ്മയാവഹമായിരുന്നു.

ആറാമത്തെവയസ്സിൽ ജോൺ എഴുത്തുപഠിക്കുവാൻ
തുടങ്ങി. ഉദ്ദേശം അരമണിക്കൂർ നടന്നാൽ മാത്രമേ പാ
ഠശാലയിൽ ചെന്നെത്തുകയുള്ളൂ. ബാലനായ ജോൺ ത
ന്റെ എഴുത്തോലയുമേന്തി പിന്നിലായും, അവനു വഴി
കാട്ടുവാൻ നിയോഗിതയായ പരിചാരിക മുമ്പിലുമായി
പ്രതിദിനം വിദ്യാലയത്തിലേയ്ക്കു പോകുന്ന കാഴ്ചരസാവ
ഹമാണ്.ഏതാനും ദിവസംകൊണ്ടു അവൻ തനിയേ യാ
ത്രചെയ്യുവാൻ പ്രാപ്തനായതിനാൽ ഒരു മാർഗ്ഗദർശിയുടെ
ആവശ്യകത പിന്നീടുണ്ടായില്ല. പ്രായത്തിൽക്കവിഞ്ഞ
അവന്റെ ജ്ഞാനം മാതാപിതാക്കൾക്കു ബോദ്ധ്യമായി
രുന്നു.

പള്ളിക്കള്ളന്മാരെന്നു ഒരു കൂട്ടമുണ്ടു്. വിദ്യാലയ
ത്തിലേക്കുള്ള വഴിയരുകിൽ നില്ക്കുന്ന മാവു പുളി ആദി
യായ ഫലവൃക്ഷങ്ങളെ കയ്യേറിച്ചെയ്യും, വല്ല വഴിപോ
ക്കരുടെ തല എറിഞ്ഞുപൊട്ടിച്ചതിനുള്ള ശകാരവും ചെ
വിക്കു ഞരടുംവാങ്ങി പുസ്തകസഞ്ചിയിൽ കെട്ടിയും കഴി
ഞ്ഞുകൂടുക ഇവരുടെ ജീവിതത്തിലെ ഒരു വശമേ ആകു
ന്നുള്ളൂ. ക്രൂരതെ വല്ല വൃക്ഷച്ചുവട്ടിലും കളിച്ചു സമയം
പോക്കുകയും ആശാനു പിടികൊടുക്കാതെ കഴിക്കുയുമാ
ണു് ഭാവിയിൽ അവരെ പെരുങ്കള്ളന്മാരോ അപസർപ്പ
കോദ്യോഗസ്ഥന്മാരോ ആക്കിതീർക്കുന്നതു്. ജോൺ ഈ വ
കചിത്തക്രൂരതയിൽ ഉൾപ്പെടുവാൻ ഇഷ്ടപ്പെട്ടില്ല. കായ്ക്കു
ത്തിനും അകായ്ക്കുത്തിനും വഴക്കടിക്കുന്ന പീറപ്പിള്ളേരെ
വിട്ടകന്നു അവൻ ഏകനായിത്തന്നെ യാത്രചെയ്തു. തങ്ങ
ളുടെ കുട്ടികളുടെ രക്ഷയിൽ ഉത്കണ്ഠിതരായ മാതാ
പിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ ജോണിനു ഏല്പിക്ക
യായിരുന്നു പതിവു്. യാത്രാക്ലേശം അറിയാതിരിക്കുന്നതി
നായി ജോൺ ജപമാല എത്തിച്ചുകൊണ്ടാണു് നടക്ക
പതിവു്. ഈ ഭക്തകൃത്യം അവനു ഏറ്റവും പ്രധാനമായ ഒരു

ചാരമായിരുന്നു. ഇതുമൂലം സഹോദരത്തിലെ ജപമാല മുതലായ ഭക്ഷാനുഷ്ഠാനങ്ങൾ നയിച്ചിരുന്നതു് ബാലനായ ജോണായിരുന്നു.പട്ടിപ്പു ഇറങ്ങുമ്പോൾതന്നെ ജോൺ കുരിശടയാളം വരച്ചു ജപമാല ആരംഭിക്കും.അതിൽ സഹകരിക്കുവാൻ സന്നദ്ധതയുള്ളവരെ മാത്രമേ അവൻ കൂടെകൊണ്ടു പോകയുള്ളു. ആരെങ്കിലും ഇതിനു എതിർ പ്രവർത്തിച്ചാൽ തീർന്നു അവന്റെ സഹയാത്ര.

ശാന്തതയും എളിമയും അവന്റെ ജന്മായത്ത ഗുണമാണു്. ആരെങ്കിലും തങ്ങളുടെ ദുർബുദ്ധിചെലുത്തുവാൻ ഇതു ഒരുപകരണമാക്കിതീർക്കുവാൻ ജോൺ സമ്മതിക്കയില്ല. സന്ദർഭാനുസരണം തന്റെ എതിരാളിയെ എതിരിടുവാനുള്ള മനഃശക്തിയും അവനുണ്ടായിരുന്നു. ബാലന്റെ ആന്തരീകഗുണങ്ങൾ അവന്റെമുഖത്തു പ്രസ്പഷ്ടം പ്രതിബിംബിച്ചിരുന്നു. 'റൊൻഷോഫി'ലെ കുഞ്ഞുമാലാഖയെന്നാണു അന്യർ അവനെ സംബോധനചെയ്യിരുന്നതു്. മാത്സര്യം ഉരച്ചു അടിപിടിയിലേക്കു പതിക്കുന്നവരുടെ മദ്ധ്യത്തിൽ ജോൺ ഒരു സമാധാനദൂതൽതന്നെ ആയിരുന്നു. ബാലസാധാരണമായ വഴക്കുകൾ പൊട്ടിപുറപ്പെട്ടുമ്പോൾ സാമാധാനം സ്ഥാപിക്കുന്നതിനായി അവൻ യാവച്ചക്യം ശ്രമിക്കുമായിരുന്നു. എന്നാൽ ദുർബുദ്ധിയുടെ ശാഠ്യംനിമിത്തം അതിനിടയാകില്ലെങ്കിൽ അവൻ വളരെ ഖേദിച്ചിരുന്നു.

ദൈവദൂഷണം, കള്ളസത്യം ആദിയായവ കേൾക്കുന്നമാത്രയിൽ ജോൺ ആപാദചൂഡം വിറകൊണ്ടുപോകും. അപ്രകാരമുള്ള സന്ദർഭങ്ങളിൽ ഇതരർ പാപം ചെയ്യാതിരിക്കുവാൻ അവൻ അവുന്നത്ര ശ്രമിക്കാറുണ്ടു്. എന്നാൽ ജോണിന്റെ ധാർമ്മികശക്തിയെ അവഗണിച്ചു ആരെങ്കിലും ദൈവദൂഷണം ഉച്ചരിച്ചാൽ ബാലൻ ഉടനെ മുട്ടുകുത്തി നിലം തൊട്ടുകൊണ്ടു ദൈവകാരുണ്യത്തിനായി അർത്ഥിച്ചിരുന്നു. നിത്യമഹിമാവായ ദൈവത്തിൽ ദുഷ്യം ആരോപിച്ച മനുഷ്യന്റെ അജ്ഞതയ്ക്കും ഔദ്ധത്യത്തിനും അവൻ മാപ്പിരന്നിരുന്നു. പ്രീതവാക്കുകൾ സംസാരിക്കുന്നവർക്കും അവന്റെ സമിതിയിൽ സ്ഥാനമു

ല്ലായിരുന്നു. ഒരു സംഗതിപോലും ഇല്ലാതിരിക്കാവതല്ല, ഇന്നത്തെ ബാലന്മാരിൽകാണുന്ന ഒരു പ്രത്യേകത. ഈ എഴുതുന്നതൊന്നും വായിക്കുന്ന നിങ്ങളും തീരെ മണ്ടന്മാരായിരുന്നുവെന്നു സമ്മതിക്കുവാൻ നമ്മൾ തയ്യാറില്ലല്ലോ. നമ്മൾ ലോകത്തിലെ ചില വിക്രിയകൾ അറിഞ്ഞതു എത്ര പ്രായം ചെന്നതിൽപ്പിന്നെയാണ്. എന്നാൽ ഇന്നത്തെ കൊച്ചുകുട്ടികൾ, മുട്ട വിരിഞ്ഞിട്ടില്ലാത്തവർപോലും ഏതെല്ലാം കാര്യങ്ങൾ ഗ്രഹിച്ചിരിക്കുന്നു!! ഒരിത്തിരി അവരെ സൂക്ഷിച്ചാൽ, അടുത്ത തലമുറകളുടെ ഭാവിയെക്കുറിച്ചു നാം പരിപൂർണ്ണനിരാശരായിപ്പോകും. സഹജരിൽ ആരെങ്കിലും ഒരു ചീത്തവാക്കു പറഞ്ഞുപോയാൽ തിന്നു, അന്നു ജോണിന്റെ കമ്പനിയിലെ നടപ്പു്. അവൻ അന്നു വേറേ ക്ലൂട്ടിരക്കിപോകയേ ഗതിയുള്ളു. കൂടാതെ വഴിമദ്ധ്യേ താൻ അന്നുച്ചരിക്കുന്ന ഭക്ഷാഭ്യാസങ്ങൾക്കു 'ആമ്മേൻ' ചൊല്ലാത്തവരും അവന്റെ സ്നേഹിതവൃന്ദത്തിൽ അധികം വിലസുകയില്ല.

ചീത്തസംഭാഷണങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർ ജോണിയുടെ പൊടി കണ്ടാൽ അപിടനന്നു പറന്നുകളയും. "ക്ലൂട്ടരേ, പതിയപ്പറയടാ, ജോണിവരുന്നു; മിണ്ടല്ലേടാ," എന്നുള്ള കുശുകുശുപ്പോടെ അവർ നാലുപാടും ഓടിക്കളയും. പുണ്യവാനായ ഒരുത്തന്റെ മുമ്പിൽ അധമ്മം ചെയ്യുവാൻ ഏതുവങ്കനും അല്പം മടിക്കും. പുണ്യസമ്പത്തിന്റെ പരിമളധോരണി നാലുപാടും വ്യാപിപ്പിച്ചുകൊണ്ടാണു യഥാർത്ഥ വിശുദ്ധർ കഴിയുന്നതു്.

ജോണിയുടെ മാതൃകതന്നെ മറുകുട്ടികൾക്കു പുണ്യജീവിതത്തിലേയ്ക്കു വേണ്ടത്ര പ്രേരണ നൽകിയിരുന്നു. ക്ലൂടാതെ തന്നേക്കാൾ പ്രായംക്ലൂടിയവരോടും ദൈവസ്നേഹത്തെപ്പറ്റി അവൻ ഉപദേശങ്ങൾ നൽകിയിരുന്നു. ജപമാലഭക്തിയുടെ ഫലങ്ങളും, സ്വകടമകൾ നിവ്വഹിക്കേണ്ട ആവശ്യകതയും, അനുസരണയിലുള്ള ആത്മാർത്ഥതയും അവൻ സുസ്പഷ്ടം ക്ലൂട്ടുകാരെ മനസ്സിലാക്കി.

തന്റെ ജീവിതശുദ്ധീകരണത്തിനു അവൻ ചെറുപ്പംമുതൽ ശ്രദ്ധാവധാനനായി. 'സ്വകർത്തവ്യങ്ങളെ അറി

18245

കയും അതിന്റെ പരിപൂർത്തിക്കായി ശ്രമിക്കുകയുമായിരുന്നു അവന്റെ ജീവിതത്തിലെ മുദ്രാവാക്യം. പ്രകൃത്യതീതമായ അനുഗ്രഹത്തിന്റെ ഒലിച്ചിറക്കമാണ് ഈ ജ്ഞാനത്താൽ നാം കാണുന്നതു്. തന്നെ അറിയുകയും തന്നെ ജയിക്കുകയും ചെയ്യുവാൻ ഇതു കേട്ടത്ത ഒരു പ്രമാണം മാത്രം ദീപമായി സ്വീകരിക്കുവാൻ കഴികയുള്ളൂ.

സ്വഭാവശുദ്ധീകരണം ഒരിക്കിരി നേരത്തെ അത്മവിജയമല്ല, പ്രയത്നത നിരന്തരമായ പരിശ്രമത്തിന്റേയും ആശാനിഗ്രഹത്തിന്റേയും ഫലമാണ്. സത്യസന്ധിവേചനത്തിനാവശ്യകമായ ബുദ്ധിവികാസവും തന്റെ അവബോധത്തിൽ നന്നെന്നു തോന്നുന്നതുമാത്രം ചെയ്യുന്നതിലുള്ള മനസ്സിന്റെ നിശ്ചയദാർഢ്യമാണു സ്വഭാവത്തിന്റെ പിൻബലങ്ങൾ.

അജ്ഞാനത്തിൽനിന്നും ദുഷ്ടങ്ങളെ തരണംചെയ്യുന്നതിൽനിന്നുമാണ് നമ്മുടെ മനസ്സിനു ഉൾക്കൂട്ടി ലഭിക്കുന്നതു്. നിസ്സാരങ്ങളായ പ്രതിലോമശക്തികളുടെ അമ്പാരി എഴുന്നള്ളത്തിനു വഴിമാറിക്കൊടുത്താൽ തീരുന്നതിന്റെ കരുത്തു്. പാഷ്ണമിലെ കുടുംബനായകർ ഇതു മനസ്സിലാക്കിയിരുന്നു.സ്വസന്താനങ്ങളും കുടുത്ത ജീവിതയാഥാർത്ഥ്യങ്ങളുമായി മരുവുവാൻ സന്ദർഭം നല്കുന്നതിൽ അവർ ഉത്സാഹികളായിരുന്നു. സ്വന്തം വയലിൽ ഇതരക്കുലിക്കാരോടൊപ്പം അവർ കൃഷി ഇറക്കുന്നതിൽ പങ്കെടുത്തു. അവരുടെ സന്താനങ്ങളും ഈ തൊഴിലിൽ ഭാഗഭാക്കാകണമെന്നായിരുന്നു അവരുടെ ആഗ്രഹം. നമ്മുടെയിടയിലും ജന്മികളുണ്ട്. സ്വയം ക്ലേശിക്കാർ ചെയ്യുക, ഇവർ ചെയ്യിപ്പിക്കുക. ഇതിന്റെ വിപരീതഫലമല്ലേ അടുത്ത തലമുറയിൽ കാണുന്നതു്. തലമുറകളായി സംഭരിച്ച കുടുംബസ്വത്തു അലസരും സുഖലോലുപരുമായ ഒരു കൂട്ടത്തിന്റെ കയ്യിൽ എത്തിച്ചേരുന്നു. തങ്ങളുടെ പ്രപിതാക്കൾ നടത്തിപ്പൊന്നിയാണ് ഇതു സംഭരിച്ചതെന്നു അറിയാതെ അവർ വാരിക്കോരി ചിലവിടുന്നു. അഴിമതിക്കാരായ നടത്തിപ്പുകാരും കായ്സ്ഥരുംകൂടി ഒരു വ്യാഴവട്ടത്തിനുള്ളിൽ അവിടെ ദീപാളികു

ളിപ്പിക്കുന്നു. എന്നാൽ തങ്ങളുടെ സന്താനങ്ങളും ഭാവിയിൽ അവരുടേതായി തീരുംനിരിക്കുന്ന സ്വത്തിന്റെ ഭരണഭാരം ക്രമശ:വഹിച്ചു ശീലിച്ചാൽ ആ കുടുംബം ലയം സഹിക്കേണ്ടിവരികയില്ല. ജോണും സഹോദരന്മാരും തങ്ങളുടെ മാതാപിതാക്കന്മാരോടൊപ്പം കുടുംബകൃത്യങ്ങളിൽ പങ്കുവഹിച്ചു. നെറിയിലെ വിയർപ്പുകൊണ്ടു തന്റെ അപ്പം കണ്ടെത്തുവാൻ വേണ്ടശക്തി ആ പഠനത്തിൽനിന്നു ലഭിച്ചു. ക്രമേണ തങ്ങളുടെ മാതാപിതാക്കളുടെ പുണ്യമായ ജീവിതമാതൃക തങ്ങളിൽ പകർത്തുവാനും ഇതവസരംനല്കി.

നമ്മുടെ കഥാനായകൻ അദ്ദേഹത്തിന്റെ മാതാപിതാക്കളോടു സഹകരിച്ചു ഗാർഹികകൃത്യങ്ങളിൽ പങ്കെടുക്കയും നാട്ടംപുറത്തെ പാഠശാലയിൽ വേണ്ട പഠനം തുടരുകയും ചെയ്തു. പതിന്നാലാമത്തെ വയസ്സുവരെ ഈ പരിപാടി നിർവ്വിഘ്നം നടന്നുപോന്നു. ജോൺ തന്റെ അമ്മയേയാണു പ്രധാന മാർഗ്ഗദീപമായി കരുതിയിരുന്നത്. ആ ഗുണവതിയായ മാതാവിന്റെ നിർദ്ദേശങ്ങൾക്കു അണുവും ഭംഗംവരുത്താതെ കാക്കുവാൻ ജോൺ പ്രത്യേകം ശ്രദ്ധാന്വിതനായിരുന്നു. ദൈവം തന്റെ അഭിലാഷങ്ങളെ ഒരുത്തനിൽ പ്രാവർത്തികമാക്കുന്നതിനായി ഒരു ഉപകരണം തിരഞ്ഞെടുക്കാറുണ്ട്. ജോണിനെ ജീവിതത്തിന്റെ ഊടുവഴിയിൽ കൂടെ സ്വർഗ്ഗത്തിലേക്കുള്ള ഒറ്റയടിപ്പാതയിലേയ്ക്കു മാർഗ്ഗനിർദ്ദേശം ചെയ്യേണ്ട കർത്തവ്യം അവന്റെ അമ്മയേയാണു ഏൽപ്പിച്ചിരുന്നത്. അല്പെങ്കിലും പുണ്യവാന്മാരുടെ സൃഷ്ടിൽ—അതു സൃഷ്ടിയായി പരിഗണിക്കപ്പെടാമെങ്കിൽ—അവരുടെ മാതാക്കൾ കാതലായ ഒരു ഭാഗം വഹിക്കുന്നതായാണു പ്രായേണ കണ്ടുവരുന്നത്. മാതാവിന്റെ പുണ്യസമ്പത്തല്ലേ ചൊട്ടയിൽതൊട്ടു സന്താനത്തിനു ഒരു ശിക്ഷ ഊന്നിക്കൊടുക്കുന്നത്. തന്റെ കാലശേഷവും മനുഷ്യർക്കും ദൈവത്തിനും സ്വീകാര്യമായ ഒരു ജീവിതം നയിക്കുന്നതു ദർശിക്കയാണു ഏതു മാതാവിനേറെയും ആഹ്ലാദം. ബാലനായ ജോൺ തന്നെ അക്ഷരശ:അനുസരിക്കുന്നതും, ദിവ്യ

മാതാവിന്റെ പ്രതിമയുടെ മുമ്പിൽ അഞ്ജലിബദ്ധനായി നിലകൊള്ളുന്നതും ചെറിയ ത്യാഗങ്ങളാൽ തന്റെ ആത്മാവിനെ ദൈവേഷ്ടത്തിനു വിധേയമാക്കുന്നതും അവന്റെ മാതാവിന്റെ ദൃഷ്ടികളിൽ എത്തുപെടാറുണ്ട്. അവന്റെ സഹോദരർ ബാലോചിതമായ ക്രീഡകളിൽ വ്യാപൃതരാകുമ്പോൾ ജോൺ ഏതെങ്കിലും അദൃശ്യമായ മൂലകളിൽ പതുങ്ങി തന്റെ ദിവ്യനാഥനുമായി ആത്മീയവിഹാരങ്ങളിൽ ഏർപ്പെടുക സാധാരണമാണ്. അവന്റെ നിഷ്കാപട്യം ആ കൊച്ചുമുഖത്തും നീലക്കണ്ണുകളിലും തുളുമ്പിനില്ക്കുന്നതു ഒറ്റനോട്ടത്തിൽ ദൃശ്യമാകും. അവൻ സ്വകൃത്യങ്ങളെ ഒരിക്കലും വോറൊരു അവസരത്തിലേക്കു മാറ്റിവെക്കാറില്ലായിരുന്നു. നിശ്ചിതമായ സമയം അവനുള്ളപ്പോൾ അനിശ്ചിതമായ ഭാവിയിലേക്കു അവന്റെ കർമ്മപരിപാടികളെ നീട്ടിക്കൊണ്ടുപോകുക ബുദ്ധിപൂർവ്വകമല്ലല്ലോ. ഈ ശീലം ജോൺ മരണപര്യന്തം പാലിച്ചു. അല്ല, ഈ ഒരു ശീലമാണു ജോണിനെ ഒരു പുണ്യവാനാക്കിതീർത്തതെന്നു വഴിയേ മനസ്സിലാകും. ജോണിനു തന്റെ മനസ്സിനെ ഒരു വിധത്തിലും ദൈവത്തിൽനിന്നകറ്റി ലോകകൃത്യങ്ങളിൽ നിക്ഷേപിക്കുവാൻ കഴിഞ്ഞില്ല. നസ്രസിലെ ഉണ്ണിക്കിശോരനെക്കുറിച്ചുള്ള ഒരു വിദൂരചിന്ത അവനിൽ സദാ ഇരമ്പികൊണ്ടിരുന്നു. വയലിൽ കലപ്പ പൂട്ടുമ്പോഴും, ധാന്യംവിതയ്ക്കുമ്പോഴും, കുരുവിപ്പുറവകളെ ആട്ടുമ്പോഴും ഈ ചിന്ത അവനെ പിന്നോക്കം വലിച്ചിരുന്നു. അതാണു പലപ്പോഴും അവന്റെ അന്തരാത്മാവു് സ്തോത്രഗീതങ്ങളാൽ സർവ്വേശസന്നിധിയിൽ ഗാഢനിദ്രയിലാഴ്ത്തപ്പെട്ടതു്. അവൻ കൊച്ചുകണ്ണും തുറന്നു തന്റെ ദിവ്യനാഥനെ പാടിസ്തുതിക്കുമ്പോൾ ആഗാനാമൃതത്തിന്റെ പ്രതിധ്വനിയേറ്റു അവന്റെ അമ്മയുടെ ഹൃദയംസന്തോഷസാഗരത്തിൽ നീന്തിത്തുടിക്കാറുണ്ടായിരുന്നു. ഒരു കൊച്ചുപുണ്യവാന്റെ അമ്മ! എന്തൊരു ബഹുമതി! ഇതെല്ലാ മാതാക്കളും അനുസ്മരിച്ചെങ്കിൽ.

ത്യാഗത്താൽ സ്നേഹം വൃദ്ധിതേടുന്നു. കുരിശുകളാൽ അതിന്റെ കറ കഴുകപ്പെടുന്നു. ജോൺ വലിയ ഒരു പരീക്ഷയ്ക്കു വിധേയനാകേണ്ട സമയം സമാഗതമായി. തന്റെ ജീവിതത്തെ കൈയ്യടക്കിയിരുന്ന അവന്റെ അമ്മ തന്റെ ഐഹികവ്യാപാരത്തിനു വിരാമമിട്ടു. വെറും പതിനാലുവയസ്സുമാത്രമേ ജോണിനുണ്ടായിരുന്നുള്ളൂ. ലോകവ്യാമോഹങ്ങൾ അവന്റെ മാംസത്തിൽ കുരുക്കുന്ന പ്രായം. തന്റെ ജനനിയുടെ സഹായം ഏറ്റവും അവശ്യമായ സന്ധിയിൽ അവർ അവനെ ഏകനാക്കിക്കൊണ്ടു തിരോഭവിച്ചു. എന്നാൽ ഇതുകൊണ്ടു അവന്റെ ക്ലേശത്തിനു സമാപ്തിവന്നില്ല. ഏകാധാരമായ പിതാവും രണ്ടുകൊല്ലത്തിനുശേഷം കഥാവശേഷനായി. ജോൺ ബാല്യം വിട്ടു കൈമാരത്തിലേയ്ക്കു കാലുകുത്തുന്നേയുള്ളൂ. ലോകവ്യാമോഹങ്ങൾ അവനെ വഞ്ചിക്കുവാനായി നൃത്തം ചവുട്ടി ഇറങ്ങുന്നേയുള്ളൂ. അവന്റെ ബാലഹൃദയത്തിൽ ലൌകിക പ്രതിപത്തി വെച്ചുകെട്ടുവാനായി ലോകം, പിശാചു, ശരീരം ഇവ കോപ്പുകൂട്ടുന്ന അവസരം. ജോൺ മതാപിതാക്കളുടെ സഹായവും നിയന്ത്രണവും ഏറ്റവും ആവശ്യപ്പെട്ടപ്പോൾ താൻ ഒരു അനാഥബാലനായി കാണുവാനാണ ഇടയായതു്. എന്നാൽ നല്ല കാലത്തു ചെയ്ത വൃത്തം കാലക്രമത്തിൽ സത്ഫലം പുറപ്പെടുവിക്കയില്ലേ. അവന്റെ സദ്വൃത്തയായ മാതാവു് അവന്റെ പിഞ്ചുകാലുകൾ നല്ലവഴിക്കു ചരിക്കുവാനാണ പഠിപ്പിച്ചിരുന്നതു്. അവൻ തന്നെ അവിശ്വസിച്ചു. പരമകാരുണികനായ സത്യദൈവത്തിൽ ശരണം ഗമിച്ചു. അവന്റെ മൂത്തസഹോദരരിൽ തന്റെ മേലധികാരികളെ ദർശിക്കുവാൻ അവനു വിഷമമുണ്ടായില്ല. അവരുടെ നിയന്ത്രണത്തിനുതന്നെ ഹോമിച്ചുകൊണ്ടു ജോൺ തന്റെ ഭക്തഭ്യാസങ്ങളെ തുടർന്നു. വേലക്കാരോടൊപ്പം അവനും കൃഷിവൃത്തിയിൽ പങ്കുകൊണ്ടു. അതിലുപരിയായ ഒരു സ്ഥാനം മോഹിച്ചുമില്ല. എളിമയുടെ താണതലങ്ങളിൽ ദൈവവുമായി ഏകീകരിക്കുവാൻ അവനു കൂടുതൽ സൗകര്യം കിട്ടി. അധികാരത്തിന്റെയും, ഔന്നത്യത്തിന്റേയും,

ആഡംബരത്തിന്റെയും, മദ്ധ്യേ, പക്ഷേ, എളിയവരുടെ മിത്രമായ മിശിഹായെ കണ്ടില്ലെന്നു വരും. എന്നാൽ മുട്ടുചെയിലിൽ പാറപൊട്ടിക്കുന്ന കല്ലാശാരിയുടെകൂടെ, കലപ്പപൂട്ടുന്ന ഉഴവുകാരന്റെകൂടെ, ഭാരം ചുമക്കുന്ന ഹാർബർ തൊഴിലാളിയുടെകൂടെ, ആശ്വാസദായകനായ അവിടുന്നു സഹയാത്ര ചെയ്യുന്നുണ്ടാകാം.

ജോണിന്റെ മൂത്തസഹോദരർ അവന്റെ ഭക്തജീവിതത്തിന് അങ്കുശമിട്ടുപിടിക്കുവാൻ യത്നിച്ചില്ല. എന്നുതന്നെയല്ല തങ്ങളുടെ കുഞ്ഞനുജന്റെ ഭക്താഭ്യാസത്തിനുവേണ്ട പ്രോത്സാഹനങ്ങൾ നല്കുവാൻ അവർ ഉത്സാഹിച്ചു. തങ്ങളുടെ കുലത്തിനും, കുടുംബത്തിനും, നാടിനും മഹിമയുളവാക്കുവാനുള്ള ഏക ഉപാധിയാണീ ചെറുബാലൻ എന്നവർ അറിഞ്ഞിരുന്നില്ല. എങ്കിലും ദൈവവുമായുള്ള ഒരുത്തന്റെ സംസർഗ്ഗത്തിനു മാർഗ്ഗതടസ്ഥം ചെയ്യുന്നതു മഹാപാപമായിഎണ്ണുവാൻ അവർക്കു കഴിഞ്ഞു. ഭക്തരായ തങ്ങളുടെ മാതാപിതാക്കൾ അനുവർത്തിച്ച ജീവിതനയത്തിൽനിന്നുഅണുമാത്രം വ്യതിചലിക്കുവാൻ ആ സഹോദരർ ആഗ്രഹിച്ചില്ല. ജനിച്ചനാൾ തുടങ്ങി ആചരിച്ചുവരികയാണ് ഈ പരിപാടികൾ. ദൈവത്തിന്റെ നുകം മധുരവും, ഭാരം ലഘുവുമാണ്. അതു ആസ്വദിക്കുവാൻവേണ്ടും ധർമ്മചിന്തനമ്മിൽ ഉണ്ടായിരുന്നാൽമാത്രംമതി. ഈ സഹോദരരുടെ ജീവിതചര്യയെക്കുറിച്ചു വി. കോൺറാഡിനെ വിശുദ്ധപദത്തിലേയ്ക്കു ഉന്നയിക്കുവാൻ നടത്തിയ സംരംഭത്തിൽ ലഭിച്ച സാക്ഷ്യം വിജ്ഞേയമാണ്. ജോണിന്റെ സഹോദരർ ധനികരായിരുന്നെങ്കിലും സർവ്വവിധ ആഡംബരങ്ങളും അർഭാടങ്ങളും അവർ വർജ്ജിച്ചിരുന്നു. അവർ പെരുമാറ്റത്തിൽ ഭ്രുതദയയും സഹിഷ്ണുതയും പ്രദർശിപ്പിച്ചു. കൂടാതെ, ഉത്തമ കത്തോലിക്കാജീവിതംനയിക്കുന്നതിൽ അഹമഹമികയാ ഉത്സുകരായിരുന്നെന്നും അവർ തെളിവുനൽകി. അനീതിയിൽനിന്നാണു അസമാധാനം സംജാതമാകുന്നത്. സാധുക്കളായ തൊഴിലാ

ളികളെ പിഴിയുന്ന മുതലാളികളും, സ്വസഹോദരന്റെ അവകാശം അപഹരിക്കുവാൻ കള്ളപ്രമാണം രചിക്കുന്ന ദുരാഗ്രഹികളുമാണു സമുദായമധ്യത്തിൽ അസമാധാനം ഉണ്ടുവിപ്പിക്കുന്നതു്. 'വെൻഷോഹ്' കുടുംബത്തിൽ ഈ രണ്ടു ഘടകങ്ങൾക്കും സ്ഥാനം ഇല്ലായിരുന്നു. തന്മൂലം സമാധാനത്തിന്റെ നിത്യചന്ദ്രിക അവിടെ എന്നും തുളുമ്പിനിന്നിരുന്നു.

മാതാപിതാക്കളുടെ മരണാനന്തരം ജോൺ തന്റെ ഭക്തജീവിതം ഇരട്ടിക്കുയാണുണ്ടായതു്. വിശ്രമം ഈ ലോകത്തിലില്ലെന്നു അവനു ചരിപൂർണ്ണബോദ്ധ്യമായിരുന്നു. തന്മൂലം അലസതയിൽ സമയംകൊല്ലുക, അവനു സ്മരിക്കുപോലും കഴികയില്ല. പ്രവൃത്തിയിലും പ്രാർത്ഥനയിലുമായി അവൻ തന്റെ ജീവിതത്തെ ചിലവഴിച്ചു. നിരന്തരപ്രവൃത്തിയോടു നിരന്തരപ്രാർത്ഥനയും ചേർപ്പിക്കുവാൻ അവൻ ശ്രമിച്ചു. കൃഷിപ്പാടങ്ങളിൽ അധ്വാനിക്കുമ്പോഴും അവന്റെ കൈത്തണ്ടയിൽ തന്റെ അവിഭാജ്യമായ ജപമാല ചുറ്റിക്കിടക്കും. ആ അക്ഷയസൂത്രത്തിലാണു അവന്റെ ചെറു ആത്മാവു് തൊട്ടുതുകിടന്നിരുന്നതു്. ജോലികൾ സമാപിക്കുമ്പോൾ അവിടെ ഇരുന്നു തന്നെ അവൻ കൊന്തനമസ്കാരം ആരംഭിക്കും. കർഷകന്റെ ജീവിതം പ്രാർത്ഥനയിലും പ്രവൃത്തിയിലും സമ്മിശ്രമായിരിക്കണം. പ്രകൃതിയുടെ അനുകൂല്യത്തെ ഇരുകണ്ണു അശ്രയിച്ചുജീവിക്കുന്ന ഒരു സമുദായമില്ല. ദൈവകാരുണ്യമാണു ചൊട്ടയെടുത്തു വിളനെല്ലായി കളപ്പുരയിൽ കയറേണ്ടതു്.

ജോണിന്റെ കിടപ്പുറയിൽ ഒരു ചെറിയ ബലിപീഠമുണ്ടായിരുന്നു. അഥവാ അവൻ ബലിപീഠത്തിന്റെ മുമ്പിൽ ശയ്യവിരിച്ചു ഉറങ്ങിയിരുന്നു. ചില രാത്രികളിൽ മുഴുവനും അവൻ മുട്ടിൽനിന്നു ജാഗരണം അനുഷ്ഠിച്ചിരുന്നു. അവന്റെ കിടക്ക ചില രാത്രികളിൽ മനുഷ്യസ്പർശമേൽക്കാതെ വരുന്നതു് അവന്റെ സഹോദരിയായ ത്രേസ്യാ പല ദിവസങ്ങളിലും സൂക്ഷിക്കുന്നുണ്ടായിരുന്നു. അവിടത്തെ കുതിരലായത്തിന്റെ മുമരുകളിൽ പീഡാനു

ഭവചിത്രങ്ങൾ തൂക്കിയിരുന്നു. ചില അവസരങ്ങളിൽ ഈ പടങ്ങളുടെ മുമ്പിൽ ജോൺ ഇരുകൈകളുംവിരിച്ചു പ്രാർത്ഥനയിൽ ലയിച്ചിരിക്കുന്നതായി കാണപ്പെടാറുണ്ട്. അവൻ നിത്യവും ദിവ്യപൂജയിൽ സഹകരിച്ചിരുന്നു. വഷ്കാലത്തു തെരുവീഥികൾ മഞ്ഞടിഞ്ഞുനിറഞ്ഞുകിടക്കുമ്പോഴും കൃത്യം നാലുമണിക്കു കുരിശടിയിൽ ഹാജരായി പള്ളിവാതിൽ തുറക്കുന്നതും പ്രതീക്ഷിച്ചു ജോൺ നില്ക്കുക പതിവായിരുന്നു.തന്റെ ദിവ്യനാഥനുമായി കണ്ടുമുട്ടുവാനുള്ള ഉൽക്കടമായ അഭിവാഞ്ഛയാണു അവനെ ഈ ത്യാഗവൃത്തിക്കു പ്രേരിപ്പിക്കുന്നത്. തന്റെ ആത്മീയോൽക്കർഷത്തിനായി ദൈവം അനുവദിച്ച ഒരു ദിവസത്തിലെ പ്രഥമഫലം അങ്ങനെ, ദിവ്യസക്രാരിയിൽ കാരാഗാരം അനുഭവിക്കുന്ന ദിവ്യനാഥനു സമർപ്പിക്കു സമുചിതംതന്നെ.

ജോൺ എല്ലാ ഞായറാഴ്ചയും, ഉദ്ദേശം അരമണിക്കൂർ യാത്രചെയ്തു 'ഗ്രൈസ് ഞെർക്കു' എന്ന ഇടവകപള്ളിയിൽചെന്നു പാപസങ്കീർത്തനം കഴിക്കുകയും ദിവ്യഭോജനം ഉൾക്കൊള്ളുകയും പതിവായിരുന്നു. നിഷ്ക്രമനമായ മാർഗ്ഗങ്ങളിൽക്കൂടെ സുകൃതജപങ്ങളും ഉരുവിട്ടു പരിശുദ്ധ ജനനിയുടെ നാമത്തിലുള്ള ഒരു കപ്പേളസന്ദർശനവും കഴിച്ചതിനുശേഷമേ അവൻ വീട്ടിൽതിരിച്ചെത്തുകയുള്ളൂ. ജീവിതാന്ത്യംവരെ നിലനിന്ന ദൈവമാതൃഭക്തി കുരുത്തു തഴച്ചതു പക്ഷെ ഈ കപ്പേളയിൽ കഴിച്ച ഏതാനും നിമേഷങ്ങളിലായിരിക്കാം.

ജോൺ ചിലപ്പോൾ തന്റെ പ്രത്യേകരായ ചങ്ങാതിമാരേയും കൂട്ടിക്കൊണ്ടു പരിശുദ്ധ മാതാവിന്റെ ബലിപീഠങ്ങൾ സന്ദർശിക്കുവാൻ പുറപ്പെടാറുണ്ട്. ഈ തീർത്ഥസംഘം മാതൃസുവങ്ങൾ ആലപിച്ചും ഭക്തികൊടുത്ത സംഭാഷണങ്ങളിൽ ഏർപ്പെട്ടും വിനോദവേളകൾ നിത്യസമ്മാനത്തിനു അർഹമാക്കിത്തീർത്തു. തന്റെ ഭക്തരായ ബാലസംഘം ഈദൃശസ്നേഹപ്രകടനങ്ങളിൽ ഏർപ്പെടുമ്പോൾ സ്നേഹമുള്ള ദിവ്യമാതാവു് ഈ അരുമക്കുഞ്ഞുങ്ങൾക്കായി സ്വർഗ്ഗത്തിൽ ഓരോ മഹിമയുടെ കിരീടം ചമയ്ക്കുകയായി

രുന്നിരിക്കും. അവർ തീർത്ഥസ്ഥലങ്ങളിൽ എത്തുന്നതുവരെ ഭക്ഷണസംബന്ധകങ്ങളായ സംഭാഷണങ്ങളും ഗാനങ്ങളും തങ്ങളുടെ സ്വകീയ നാഥയ്ക്കു പാദകാണിക്കവെയ്ക്കുന്നതു ക്രൂടാതെ, വിശ്രമാശകൾ സ്വീകരിച്ച അമ്മയുടെ സ്തുതിക്കായി കാത്തുവെയ്ക്കുയും ചെയ്തിരുന്നു. അതിനുശേഷം ഓരോരുത്തരും തങ്ങളുടെ ചെറുപൊതികൾ അഴിച്ചു ലഘുഭക്ഷണംകഴിക്കും. എന്നാൽ ഏകനായ അവസരത്തിൽ ജോൺ ഒരിക്കലും വഴിക്കു ഭക്ഷിച്ചിരുന്നില്ല. കഴിയുന്നത്ര സമയം ദിവ്യസക്രാരിയിൽ വച്ചുകൊള്ളുന്ന ഉണ്ണിക്കിശോരനെ ആശ്വസിപ്പിച്ചതിനുശേഷം നൂറിരട്ടി പുണ്യസമ്പത്തോടുകൂടി ഗൃഹോന്മുഖരായി ഇവർ തിരിച്ചുപോന്നു. ക്രിസ്തീയാത്മാവിയിൽ ജീവിക്കുന്നവരുടെ വിനോദങ്ങൾ ഇപ്രകാരമാണ്. തങ്ങളുടെ ദൈവത്തോടുകൂടി ഏതാനും നിമിഷങ്ങൾ കഴിക്കയാണ് അവരുടെ ആനന്ദം. ഇന്നു ചെറുചൂരൽ വീശിക്കൊണ്ടു അമ്മ പള്ളിമുറ്റംവരെ വന്നാലെ നമ്മൾ ഞായർ കുമ്പാനയ്ക്കു മനസ്സുവെയ്ക്കയുള്ളുവെന്നസ്ഥിതിയായി.

സംസാരിക്കുന്നതിനു ഒരു ഉദ്ദേശ്യംവേണം. തല്ക്കാലം ഒന്നും ചെയ്യുവാനില്ലാത്തതുകൊണ്ടു വെടിപറഞ്ഞു സമയം പോക്കുമെന്നു കരുതരുത്. ഈവെടിയേറു അയൽക്കാരായ പലരുടേയും നല്ലപേർ നശിക്കുന്നുണ്ട്. സംഭാഷണത്തിന്റെ കൊഴുപ്പുകൂട്ടുവാനായി അയൽവക്കത്തെ ഗാർഹികരഹസ്യങ്ങളിലേയ്ക്കു കടക്കാറുണ്ട്. എത്രനേരം പിന്നെ മുസ്സോലിനിയേയും ഹിറ്റ്ലറിനേയും പറഞ്ഞു സംസരിക്കാം? അതിലുള്ള ആസ്വാദ്യത പെട്ടന്നു വറ്റിപ്പോകും. അതുകൊണ്ടാണ് അയൽവക്കത്തെ വിശേഷങ്ങൾ സംസാരവിഷയമാകുന്നത്. ഒരു സെൻസസ് റിപ്പോർട്ടുപോലെ ഇതു ഒന്നിൽനിന്നു മറ്റൊന്നിലേയ്ക്കു കടക്കും. അവിടെ ഉള്ളതും ഇല്ലാത്തതും ഈ വാഗ്പ്രവാഹത്തിൽ ഒലിച്ചുവരും. എത്ര യുവതികൾ, എത്ര ഭാര്യമാർ, ഭർത്താക്കന്മാർ, അവരുടെ വിമർശനത്തിനു മൂർത്തിയടയുന്നു. എന്തുവേണ്ടും കരി അവിടെ വാരിതേക്കപ്പെടുന്നു. ഒരു സംഗതി നാം വിസ്മരിക്കരുത്. അപരന്റെ

നല്ല പേരിൽ കളങ്കം ആരോപിക്കുന്നവൻ നരഹത്യ ചെയ്യുന്നു. അതിന്റെ ശിക്ഷയും പാപത്തിനനുസൃതം കൂട്ടിയുള്ളതായിരിക്കും.

എന്തുകൊണ്ട് വ്യർത്ഥ സംഭാഷണങ്ങളിൽനിന്നു ഒഴിഞ്ഞിരുന്നുകൂടാ. ഒരുത്തന്റെ ശത്രു അവന്റെ നാക്കാണെന്നു പലരും പറയുന്നുണ്ട്. അനാവശ്യസംസാരങ്ങളാണു നമ്മെ പല കുടുക്കുകളിലും ചാടിക്കുന്നത്. ജോണിനു ഒരു നിഷ്കർഷയുണ്ട്. ആവശ്യമുള്ളപ്പോൾമാത്രം സംസാരിക്കുക, അതും ആവശ്യാനുസരണംമാത്രം. വ്യർത്ഥ സംഭാഷണത്തിനവനെ കൂട്ടുകിട്ടുകയില്ല. എന്നാൽ ബഹുമാന്യരായ വല്ലവരുമാണു ഈ സംസാരത്തിന്റെ ചരടു പിടിക്കുന്നതെങ്കിൽ, ഈ സംഭാഷണത്തിനു വളംവെച്ചുകൊടുക്കാതെ, ഈഷത് അസ്വാരസ്യതയോടെ അവൻ പറയും, "നമ്മുടെ മന്യരായ അയൽക്കാരുടെ കുറ്റങ്ങളും കുറവുകളും വിളിച്ചുപറയുന്നതിൽ ഭേദം ഒരു കൊന്ത എത്തിക്കയല്ലേ." സമ്മതം മൂളുന്നതിനുമുമ്പായി അവൻ കരിശടയാളം വരച്ചുകഴിയും. ഈ ഒരു ചെറിയ വിദ്യകൊണ്ടു പലരുടേയും ഹൃദയത്തെ സ്പർശിക്കുവാൻ അവനു കഴിഞ്ഞിട്ടുണ്ട്. ഒരു ബാലന്റെ സന്മാതൃക പല വൃദ്ധഹൃദയങ്ങളേയും കഠിനമായ ഭാഷയിൽ ശാസിക്കുന്നതിങ്ങനെയാണ്. നമ്മുടെ കൃശുപടയാളികളാണ് ചിലപ്പോൾ ഒരു കുടുംബത്തിലെ വരിവത്തനത്തിനു ഹേതുഭൂതരാകേണ്ടതു്. ദൈവരായിരിക്കണം ഭക്തിമാന്യത്തിൽ കഴിയുന്ന മാതാപിതാക്കളെ തിരുക്കർമ്മങ്ങളിലേയ്ക്കു നയിക്കുവാൻ.

പള്ളിയിൽപ്പോകുന്നവർ പലരുണ്ട്. എന്നാൽ ദിവ്യപൂജയിൽ ഭാഗഭാക്കാകുന്നതെങ്ങനെയെന്നു പലർക്കും അറിഞ്ഞുകൂടാ. ഉടുത്തൊരുങ്ങി പള്ളിയിൽച്ചെന്നു ചന്ദ്രംമടഞ്ഞൊരു ഇരുപ്പു്; മണികേട്ടു ചിലപ്പോൾ മുട്ടിൽ നിന്നെന്നുംവരും. എന്നാൽ കപാലഗിരിയിൽ ഇരുപതു നൂറ്റാണ്ടുകൾക്കുമുമ്പു നടന്ന രക്തപ്പുണ്ണമാണു ഇവിടെ നിണച്ചൊരിച്ചിലില്ലാതെ നടക്കുന്നതെന്നു അവർ അനുസ്മരിക്കുന്നില്ല അന്നു കാൽവരിക്കുന്നിനെ വീക്ഷിച്ചുനിന്ന ദിവ്യമാതാവിന്റേയും ഭക്തസ്ത്രീകളുടേയും യോഹ

ന്നാൻ ശ്രീഹായുടെയും ഭാഗമാണെ നാം നിഷ്ഫലിക്കുന്നതെന്നു പലപ്പോഴും സ്മരിക്കുന്നില്ല. ജോണിനു ഈ അശ്രദ്ധ അഗാധമായ മനഃക്ലേശത്തിനു നിദാനമായി. ഭക്തിയോടെ ദിവ്യപൂജയിൽ സഹകരിക്കേണ്ട വിധത്തെക്കുറിച്ചു അവൻ ചില ഉപദേശങ്ങൾ ചെയ്യാറുണ്ടായിരുന്നു. ക്രിസ്തുവിന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള ധ്യാനമാണു ഏറ്റവും ഫലപ്രദമെന്നായിരുന്നു അവന്റെ അനുഭവപാഠം. ഈ ചെറുബാലൻ ദിവ്യപൂജയുടെ സമയത്തു് എത്രകണ്ടു തന്റെ അന്തരാത്മാവിലേയ്ക്കു ഇറങ്ങിച്ചെന്നുവെന്നു ഏകതാനതവീക്ഷിച്ചാൽ മനസ്സിലാകും.

ഒരു തെറ്റായധാരണ പലർക്കും ഉണ്ടു്; പുണ്യവാന്മാരായി ഒരുകാലത്തു വിരാജിക്കുവാനുള്ളവർക്കു സ്വതന്ത്രം ദൈവം ലഘുവാക്കിതീർക്കുന്നുവെന്നു്. അവരുടെ പ്രയത്നത്തേക്കാൾ ദൈവത്തിന്റെ നിയന്ത്രണമാണു അവരെ പുണ്യപദത്തിൽ എത്തിക്കുന്നതെന്നു്. ഒരു സംഗതി വാസ്തവമാണു്. ദൈവത്തിന്റെ പ്രത്യേകാനുഗ്രഹം ഇല്ലാതെ നമുക്കൊന്നും ചെയ്യുവാൻ സാധിക്കയില്ല. ഇലകൾ അനങ്ങുന്നതുപോലും അവിടത്തെ ആജ്ഞ അനുസരിച്ചാണു്. എന്നാൽ നമ്മുടെ പങ്കു നാം തന്നെ വഹിക്കാതെ പുണ്യപഥത്തിൽ ഒരടി വെയ്ക്കുവാൻ സാധിക്കയില്ലതന്നെ. ഇന്നു പുണ്യകിരീടം അണിഞ്ഞു സ്വർഗ്ഗമഹിമ അനുഭവിക്കുന്ന വിശുദ്ധർ സ്വാഭിലാഷങ്ങളുമായി നിരന്തരം പോരാടിയിട്ടുള്ളവരാണു്. ലോകത്തിലേക്കുള്ള ചായ്ച്ചിൽനിന്നു ബലം പ്രയോഗിച്ചാണെ അവർ മുക്തിനേടിയതു്. ബാഹ്യദൃഷ്ടിക്കു നിസ്സാരമെന്നു തോന്നുന്ന നൂറുക്രൂട്ടം അതിജയിച്ചാണു്, കട്ടത്ത കല്ലും ചരലും നിറഞ്ഞ മോക്ഷവഴിയിൽക്കൂടെ ഓരോ മുവടും വെച്ചതു്. പ്രത്യേകനയിൽ സ്വാരസ്യം കണ്ടെത്തുക എളുപ്പമല്ല. ബാലനായ ജോൺ ഇതു ക്രൂടതലായി അനുഭവിച്ചറിഞ്ഞു. ലോകസുഖങ്ങൾ അഷ്ടദിഗന്തങ്ങളിൽനിന്നും അവനെ മാടിവിളിച്ചുകൊണ്ടിരുന്നു. എന്നാൽ ഹൃദയത്തിലേക്കു ദുഷ്പ്രാർത്ഥനകൾ പ്രവേശിക്കുന്ന ഐന്ദ്രികകവാടങ്ങളെ അവൻ അരമനത്താഴിട്ടു പൂട്ടിക്കളഞ്ഞു.

ബവേറിയാ, ഏറിയക്രൂരവും, ആഭ്യന്തരവും ബാഹ്യവുമായ യുദ്ധത്തിൽ ഉൾപ്പെട്ടുകഴിക്കയായിരുന്നു. യുദ്ധാനന്തരം മതവിരോധികൾ സഭയെ നൂറൊന്നു നുണമാലകൾകൊണ്ടുകെട്ടിവരിയാൻശ്രമിച്ചു. അതിന്റെപരിണിതഫലമായി അദ്ധ്യാത്മികമാന്ദ്യം സംഭവിച്ചു പടർന്നുകയറി. മതസഹിഷ്ണുതയെന്ന മറപിടിച്ചു മതവിപ്ലവകാരികൾ സഭയെ ശ്വാസംമുട്ടിച്ചുകൊല്ലുവാൻ ബഹുമുഖതന്ത്രപ്പെട്ടു. ഭക്തജീവിതംകഴിക്കുന്നവർക്കെതിരായി കൊഞ്ഞനം കാട്ടുന്നവർ പൊതുഭക്തകൃത്യങ്ങളെ അന്തഃപുരത്തിൽ അടച്ചുപൂട്ടുവാൻ ശ്രമിച്ചു. എന്നാൽ ജോൺ ലോകത്തിന്റെ ആദരത്തെയോ അവഹേളനത്തേയോ പ്രതീക്ഷിച്ചല്ല തന്റെ ദിവ്യനാഥനെ പ്രണമിച്ചിരുന്നത്. ആർ എന്തുതന്നെ പറഞ്ഞാലും കാണിയും ഗവനിക്കാതെ അവൻ മുന്നോട്ടു വെച്ച കാൽ പിന്നോക്കം വലിച്ചില്ല. അയ്യോ, നമുക്കു എന്തു അഭിമാനക്കുറവാണെന്നോ പരസ്യമായി ഭക്താഭ്യാസങ്ങൾ അനുഷ്ഠിക്കുവാൻ. ഒരധ്യാത്മികപിതാവിനെക്കണ്ടാൽ 'ഈശോമിശിഹായ്ക്കു സ്തുതി' ചൊല്ലുവാൻ. നമ്മുടെ പൂർവ്വാചാരങ്ങൾ എത്ര നന്നായിരുന്നു. കാരണവസ്ഥാനികളെക്കാണുമ്പോൾ ഈശോമിശിഹായ്ക്കു സ്തുതി പറയുക, അവരുടെ കൈമുത്തുക, അദ്ധ്യാപകന്മാരുടെ കാൽതൊട്ടു വഴങ്ങുക; ഇന്നത്തെ പള്ളിക്കള്ളന്മാക്കു അതു ഓക്കുവാൻക്രൂടി സാധിക്കയില്ല. തന്റെ ഗുരുവിനെക്കാണുമ്പോൾ കയ്യിലിരിക്കുന്ന കൊളുത്തിയ സിഗറാറു ഇത്തിരി ഒളിച്ചു പിടിക്കുന്നതു ഭീരുത്വമായി അവർ ഗണിക്കുന്നു. അല്ലെങ്കിലും 'സാറ' ന്മാർ വഴിച്ച കാലമല്ലേ ഇതു്. അവനും ഇവനും സാറായാൽ പിന്നെ വില കുറയാതിരിക്കുമോ. അധ്യാപകനും സാറെന്നായി അമ്പിട്ടനും സാറെന്നായി,— അരനൂറാണ്ടു കഴിഞ്ഞിട്ടുമ്പോൾ ഈശ്വരനും പുനഃസാറെന്നാകും' എന്നു തോന്നിപ്പോകും ഈ പോക്കുകണ്ടാൽ

1840-ാം മാണ്ടോടുക്രൂടി സഭയ്ക്കുതിരായി പ്രചരിപ്പിച്ചിരുന്ന നിയമങ്ങൾ വിസ്മൃതങ്ങളാകയും വീണ്ടും മതതീക്ഷ്ണത ജനാവലിയിൽ തലപൊക്കുകയും ചെയ്തു.

പൊതുപ്രാർത്ഥനകളും മറ്റു ശുശ്രൂഷകളും ജനങ്ങളെ തൃപ്തിപ്പെടുത്തി. ഭക്തസംഘങ്ങളും തീർത്ഥാടനങ്ങളും പ്രചരിച്ചു. ജോൺ ഈവിധ ചടങ്ങുകളിൽവേണ്ട ഉത്സാഹം പ്രകാശിപ്പിച്ചു. ക്രമേണ അതിന്റെ നായകസ്ഥാനം തന്നെ ചിലപ്പോൾ ഏറ്റെടുത്തുകൊണ്ടും അതിന്റെ വിജയത്തിനായി ശ്രമിച്ചു. ഒമ്പതുമതസംഘങ്ങളിൽ ജോൺ അംഗമായി. നമ്മളിൽ പലരും ചെയ്യുന്നപോലെ അല്ല ജോൺ പ്രവർത്തിച്ചത്. നമ്മളുകട്ടെ ആരംഭശൂരത്വത്തോടെ ഏതു പ്രസ്ഥാനത്തിലും ചാടിവീഴും. കൊട്ടും പെടിയും കേൾക്കുമ്പോൾമാത്രമേ അതിലെ ചടങ്ങുകളിൽ പങ്കുകൊള്ളുകയുള്ളു ഈ ഭിഷിച്ചസമ്പ്രദായം ജോണിനില്ലായിരുന്നു. ഓരോ സംഘത്തിലേയും ക്രമാനുഷ്ഠാനത്തിൽ അവൻ അതിസൂക്ഷ്മമുള്ളവനായിരുന്നു. ഈ നിയമങ്ങളാൽതന്നെ ബന്ധിച്ചുണ്ട് അവൻ ഇരുവശവും കാൽ ഇടറാതെ സൂക്ഷിച്ചത്.

വി. ഫ്റാൻസീസിന്റെ മൂന്നാംസഭയാണ് ജോണിനെ ഹഠാദാകർഷിച്ച ആദ്യസംഘ്യം. അതിലെ എല്ലാ അംഗങ്ങൾക്കും മാതൃകയായി അവൻ ജീവിച്ചു. 1842-ൽ ആണു ജോൺ മൂന്നാംസഭയിൽ പ്രവേശിച്ചതായി കാണുന്നത്. അന്നുമുതൽ ഫ്രാൻസിസിന്റെ ഒരു ഉത്തമസന്താനമായി അവൻ ജീവിച്ചു. ഭാവിയിൽ ഫ്റാൻസീസിന്റെ ഒന്നാം സഭയിൽചേർന്നു, ദാരിദ്ര്യം, അനാസരണ, ശുദ്ധത, ആദിയായ കഠിനവ്രതങ്ങൾ കാക്കുവാൻ അവനുവേണ്ട ശിക്ഷണം നൽകിയതു ഈ മൂന്നാംസഭയാണ്. മൂന്നാംസഭയിൽനിന്നതന്നെ വി. ഫ്റാൻസീസിന്റെ അരൂപിയിൽ ജീവിക്കുന്നതിനാവശ്യമായ ശുദ്ധിയായ അവൻ സംഭരിച്ചു.

ഇതുകൂടാതെ ദിവ്യജനനിയുടെ ഉത്തരീയസഭ, പിത്ത സഭ, നിത്യാരാധനസഭ, ആദിയായ പലതിലും പങ്കെടുത്തു അതിന്റെ ശാസനങ്ങളെ അനുസരിക്കുന്നതിൽ ബദ്ധപരികരനായി അവൻ കഴിഞ്ഞുകൂടി. പലേ ഭക്തസംഘങ്ങളിലും ചേരുന്നതു ഒരുത്തന്റെ അസ്ഥിരതയും മനോദൌർബല്യവും മൂലമാണെന്നു ആരെങ്കിലും പറ

ഞ്ഞെക്കാം. എന്നാൽ അതായിരുന്നില്ല ജോണിനെ ഇതിനു പ്രേരിപ്പിച്ചത്. ഓരോ സഭകളും പ്രത്യേകപുണ്യങ്ങൾക്കു വളക്കൊഴപ്പു നൽകുന്നവയാണ്. ഒന്നിൽനിന്നു ലഭിക്കുന്നതല്ല മറ്റൊന്നിൽനിന്നു ലഭിക്കുന്നത്. നിത്യസായൂജ്യത്തെ ലാക്കാക്കി പുരോഗമിക്കുന്നവർ സഭ്യപ്രകാരേണയും തങ്ങളെ രൂപീകരിക്കേണ്ടതായിട്ടുണ്ട്. വിവിധസംഘങ്ങളുടെ നിയമാവലി പാലിക്കുന്നതുകൊണ്ട് ഈ ഗുണംലഭിക്കുന്നു. എന്നാൽ ഒന്നിൽനിന്നു ഒന്നിലേക്കു ചാടുന്നു ഒന്നിൽനിന്നും വല്ലതും സംഗ്രഹിക്കാതെ പോകുന്നവരോട് അവനു അവരെ അവജ്ഞയായിരുന്നു. ഇപ്രകാരം സംസ്കൃതനായതുകൊണ്ടാണ് ഗൃഹത്തിലെ അധ്വാനമേറിയ ജോലികൾ നിർവ്വഹിക്കുന്നതിനും ശിഷ്ടസമയം തന്റെ ആത്മീയകൃത്യങ്ങൾ നിറവേറുന്നതിനും അവനു എളുപ്പം ലഭിച്ചത്.

അവനെ ഒരു ഭാഗ്യവാനായി പരിഗണിക്കുന്നവരും കുറവല്ലായിരുന്നു. ആരും നേരിട്ടു ഒരു എതിർപ്പിനു സന്നദ്ധരല്ലായിരുന്നു. അവന്റെവിശ്വാസിയിൽഏതാണ്ടൊരു ബഹുമാനം നിലനിന്നിരുന്നതായിരിക്കണം ഇതിനുഹേതു. അവന്റെ സമപ്രായക്കാർ വിനോദശാലകളിലും നൃത്തവേദികളിലും ആടിപ്പാടി ഉല്ലസിച്ചിരുന്നു. ഒരിക്കൽപോലും ഈവിധ ചങ്ങാതിമാരുമായി അവൻ സമ്പർക്കം ചെയ്തില്ല. അതു അവന്റെ ദുർബലതയായി മാത്രം പരിഗണിക്കാനേ അവരുടെ അർത്ഥരഹിതമായ ചാപല്യത്തിനു കഴിഞ്ഞുള്ളൂ. തന്മൂലം ഏതാനുംപേർ അവനെ തെല്ല പുച്ഛരസത്തോടെ അഭിവീക്ഷിക്കാറുണ്ട്. എന്നാൽ അവരുടെ അവജ്ഞയില്ലാത്ത അന്തസ്സാരവിഹീനതയോർത്തു ജോൺ അതു ശിഷ്ടസമാനം പരിഗണിക്കുമാത്രമേയുണ്ടായുള്ളൂ.

ജോണിന്റെ ജീവിതം ലോകത്തിലെ കന്മഷമേൽക്കേണ്ടതല്ല. ഒരു സംസാരജീവിതം അവനു ഒരിക്കലും ഹൃദ്യമല്ലായിരുന്നു. അല്ല അതു അവനു ദുർവഹംതന്നെ ആയിരുന്നു. ക്രിസ്തുവിന്റെ തിരിഞ്ഞെടുക്കപ്പെട്ടവരുടെ ഗണത്തിൽ ഒരു സ്ഥാനം കിട്ടുവാൻ അവൻ സച്ചിത്താ

അർഹനായിരുന്നു. എന്നാൽ എന്തുകൊണ്ടോ ഒരു വൈദികനാകുവാൻ അവൻ ശ്രമിച്ചില്ല. അഥവാ, എന്തുകാരണത്താൽ അവനെ ഒരു മെത്രാനും സ്വീകരിച്ചില്ലയെന്ന വസ്തുത ഇനിയും അജ്ഞാതമായിരിക്കുന്നേയുള്ളൂ. ഓരോരുത്തർക്കും വഹിക്കുവാനുള്ള ഭാഗങ്ങൾ ദൈവം ആദിയിൽതന്നെ ക്ലിപ്തപ്പെടുത്തിയിരിക്കുയാണല്ലോ. അതനുസരിച്ചുമാത്രമേ ലോകത്തിൽ സംഭവിക്കുന്നുള്ളൂ. മനുഷ്യൻ തന്റെ പരിമിതമായ ദർശനകോണത്തിൽക്കൂടെ കാണുമ്പോൾ പലതും ആകസ്മികമായി തോന്നിയേക്കാം. എന്നാൽ ഉന്നതത്തിൽനിന്നു ഒരുത്തൻ എല്ലാത്തിന്റെയും ചരടുപിടിക്കുന്നുണ്ടുവെന്നുള്ള വസ്തുത ഒരിക്കലും വിസ്മരിക്കരുതു്. ജോണിനെ സംബന്ധിച്ചും ഈ സമാധാനം മാത്രമേ കാണുവാൻ കഴിയുന്നുള്ളൂ.

എന്തു പറയട്ടെ; സെമിനാരിയിൽ ജോണിനു പ്രവേശനം ലഭിച്ചില്ല. ഇതു അവന്റെ ജീവിതത്തെ ഒരു കരിമ്പടത്താൽ ആച്ഛാദനംചെയ്തു. അക്കാലത്തു ഒരു ജ്ഞാനധ്യാനത്തിൽ അവൻ പങ്കുകൊള്ളുവാനിടയായി. അവന്റെ ആത്മശരീരങ്ങളെ സമ്പൂർണ്ണമായി അവൻ ഈ ധ്യാനത്തിൽ നിവേശിപ്പിച്ചു. അങ്ങോട്ടും ഇങ്ങോട്ടുംപന്തുണ്ടുമയിൽനടന്നാണു അവൻ ഈ കൃത്യം നിവ്വഹിച്ചതു്. അഭൂതപൂർവ്വമായ ഒരു പരിവർത്തനം അവനിൽ കാണുവാൻ നിഷ്പ്രയാസംകഴിഞ്ഞു. ഒരു സന്ന്യാസിയായോ, വൈദികനായോ തീരുവാനായി ദൈവതിരുവുള്ളത്തിന്റെ ഹിതപരിശോധനയായിരുന്നു ഇതു്. ഏകാഗ്രമായ പ്രാർത്ഥന, സർവ്വാത്മനായുള്ള ആത്മശോധന ഇവകൾ മൂലം ജോൺ ഈ ധ്യാനാവസരത്തിൽ അവന്റെ ഭാവിയുടെ അടിത്തറ കെട്ടുകയായിരുന്നു. നമ്മളും പലപ്പോഴും ജ്ഞാനധ്യാനംകഴിക്കാറുണ്ടു്. എന്നാൽഒന്നു ഓർത്തുനോക്കു, എത്രത്തന്നെത്ത കയ്യോടേയാണു നാംഅതിൽ പ്രവേശിക്കുന്നതു്. എത്ര വിരളമായി നാം നമ്മെത്തന്നെ കാണുവാൻ ഉത്സാഹിക്കുന്നു. പാപസങ്കീർത്തനത്തിനുള്ള ഒരു ഒരുക്കം, ഒരു പാപസങ്കീർത്തനം, തീർന്നു നമ്മുടെ ധ്യാനത്തിന്റെ പരമാന്ത്യം. എന്നാൽ ദൈവം തരുന്ന പ്രകാശം യഥാവിധി

നമ്മുടെ ഹൃദയത്തിൽ കടത്തി, നിലവറകളിൽ അടിച്ചു, അവിടെ ഒട്ടിയിരിക്കുന്ന ദുഷ്ട്ടകൾ കണ്ടുപിടിക്കുവാൻ നാം ശ്രമിക്കുന്നുണ്ടോ? നമ്മുടെ ജീവിതത്തെ ഒളിയമ്പാൽ വ്രണപ്പെടുത്തുന്ന കിരാതന്മാരുടെ കള്ളസങ്കേതമേതന്നു നാം സൂക്ഷിക്കുന്നുണ്ടോ? ദൈവം നമ്മോടാവശ്യപ്പെട്ടന്ന പരിത്യാഗമെന്തെന്നറിവാൻ അവിടത്തെ നാഡിപരിശോധനയ്ക്കു നാം തുനിയുന്നുണ്ടോ അഥവാ ഒരു വിശ്രമംമാത്രമേ നമ്മുടെ ധ്യാനംകൊണ്ടു നാം ഉദ്ദേശിക്കുന്നുള്ളോ. അതു മാത്രമാണെങ്കിൽ ആലുവായിലെ ഒരു ഹോട്ടലിൽ ഏഴുപ്പാട്ടച്ചെയ്യാൽ മതിയാകും. ദൈവപ്രകാശം വൃഥാ എരിച്ചുകളയേണ്ട ആവശ്യമില്ല. ബോർഡിംഗിലേയും ഹോസ്റ്റലിലേയും (Vocational Retreat) ദൈവിളി അറിവാനുള്ള ധ്യാനത്തെക്കുറിച്ചു പലതും എഴുതുവാൻ തോന്നുന്നു. ഗ്രന്ഥകാരനും ആശയടക്കം വേണമല്ലോ. അക്ഷൂട്ടർ ധ്യാനത്തിനൊരുങ്ങുമ്പോൾ നമ്മുടെ കഥാനായകനെ അനുസ്മരിക്കട്ടെ. ധ്യാനം പ്രാർത്ഥനയാലും പരിത്യാഗത്താലുമുണ്ടെ ഫലപ്രദമാകുന്നതു്. നാലാറുപുസ്തകം വായിച്ചു തീർത്തുകൊണ്ടു ഒരു ഫലവും ഞാൻ കണ്ടിട്ടില്ല. 'ക്രിസ്തുവാനുകരണമാണ്" ജോണീന്റെ ധ്യാനാവസരത്തിലെ സഖാവ്. അതിന്റെ ഒരു പുറത്തു അവൻ ഇപ്രകാരം കുറിച്ചിട്ടു. "ക്രൂശിതനായ ക്രിസ്തുവിനെമാത്രം ആഗ്രഹിക്കുന്നവരുടെ ഏക ചിന്താവിഷയമായ യേശുവും മറിയവും നെടുനാൾ വിജയിക്കട്ടെ." സ്നേഹാന്ധതയുടെ ബഹിർസ്ഫുരണമല്ലേ ഇതു്?



രണ്ടാം അദ്ധ്യായം.

സ്ഥലംമാറ്റം

ജോണിന്റെ ജീവിതകഥ അല്പനേരത്തേയ്ക്കു മാറ്റിവെച്ചിട്ട് അവൻ ഭാവിയിൽ എത്തിച്ചേരുന്നതിനായി ദൈവപരിപാലന തീർച്ചപ്പെടുത്തിയിരുന്ന 'അൽട്ടൂടിംഗ്' എന്ന സ്ഥലത്തെക്കുറിച്ചു അല്പം അറിഞ്ഞിരിക്കുന്നതു കഥാജ്ഞാനത്തിനു പ്രയോജകീഭവിച്ചേക്കാം.

സമുദ്രനിരപ്പിൽനിന്നു ഉദ്ദേശം പന്തിരായിരം അടി ഉയർന്ന ഏകദേശം ആറായിരം ജനങ്ങൾ അധിവസിക്കുന്ന ഒരു ചെറുഗ്രാമമാണ് അൽട്ടൂടിംഗ്. ജനവാസം കൊണ്ടല്ലേ ഈ സ്ഥലത്തിനു പ്രശസ്തി ലഭിച്ചതു്. പ്രത്യുത ബഹുജനങ്ങളെ അങ്ങോട്ടാകർഷിക്കുന്ന ഒരു കപ്പേളയാണു ഇതിനുനിദാനം. 1717-ൽ ദിവംഗതനായ 'റൂപ്പർട്ട്' പുണ്യവാൻ "വേംസ്"ലെ മെത്രാനായിരിക്കുന്ന അവസരത്തിൽ വി. ജനനിയുടെ ഒരു പ്രതിമ പൊതുവണക്കത്തിനായി സ്ഥാപിച്ചിരുന്നു. ഈ പ്രതിമമുഖേനയായി ലോകത്തെ തന്നിലേക്കാകർഷിക്കുവാൻ പരിശുദ്ധ ജനനിതിരുമനസ്സായി. ആ അമ്മ മുഖേനസംഭവിച്ചിരുന്ന നിരവധി അത്ഭുതങ്ങൾ വഴിയായി വളരെ തീർത്ഥകർ ഈ പുണ്യസ്ഥലം സന്ദർശിച്ചു നേർച്ചകൾ സമർപ്പിച്ചിരുന്നു. 'ലോറോറോയി'ലെ പ്രതിമപോലെ ഇവിടത്തേയും ദൈവമാതൃരൂപം ഇരുണ്ടതായിരുന്നു. പതിന്നാലാംശതകത്തിലാണ് ഈ പ്രതിമ പ്രഥമതഃ ബഹുജനവണക്കത്തിനായി പ്രതിഷ്ഠിതമായതു്.

ആരംഭത്തിൽ ഒരു ശ്രേഷ്ഠതാവൈദികൻ ഈ കപ്പേളയിലെ തിരുക്കർമ്മാദികൾ അനുഷ്ഠിച്ചിരുന്നു. അതിനു ശേഷം ഈശോസഭക്കാരുടെ മേൽനോട്ടത്തിനു ഈ കപ്പേള വിധേയമായി. ഈശോസഭയുടെ അംഗീകാരം പിൻവലിക്കപ്പെട്ടതുവരെ ഈ നില തുടർന്നു. 1820 നോട്ടക്രുടി അനധികൃതമായി വിധിക്കപ്പെട്ട ഒരുക്കുട്ടം കുപ്പച്ചിൽ സന്യാസികൾ തങ്ങളുടെ ഭാവിയെ പ്രതീക്ഷിച്ചു ഈ ആശ്രമത്തിൽവന്നു താമസമായി. ഇപ്രകാരമാണു കുപ്പച്ചിൻസഭയുമായി ജോണിനു ബന്ധപ്പെടാൻ ഇടംകിട്ടിയതു്.

ഇക്കാലത്തോട്ടക്രുടി ജോണിന്റെ മൂത്തസഹോദരർ വിവാഹിതരായി. അതോടെ കുടുംബഭാരം കയ്യേൽക്കുവാൻ ജോൺ നിർബന്ധിക്കപ്പെട്ടു. എന്നാൽ തന്റെ ജീവിതം പ്രാപഞ്ചികവ്യാപാരങ്ങളിൽ കഴിച്ചുക്കുട്ടുവാൻ താനാഗ്രഹിക്കുന്നില്ലെന്നും ഒരു സന്യാസിയായി കാലശേഷം വ്യയംചെയ്യുവാനാണു തന്റെ തീരുമാനമെന്നും അവരെ സങ്കോചത്തോടെയെങ്കിലും ജോൺ ധരിപ്പിച്ചു. ഒരുത്തന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ അടിത്തറയെ സംബന്ധിക്കുന്ന കാര്യങ്ങളിൽ എതിരടിക്കുന്ന സന്പ്രദായം ഈ സഹോദരക്കില്ല. ലോകസൗഭാഗ്യങ്ങളും അഭ്യുന്നതിയുംമാത്രം ജീവിതാന്ത്യമായി കരുതിപ്പോരുന്ന നാം നമ്മുടെ സന്താനങ്ങളോ, ബന്ധുക്കളോ ദൈവസേവനത്തിനായി തങ്ങളെത്തന്നെ ബലിയർപ്പിക്കുവാൻ തുനിയുമ്പോൾ എത്ര പ്രാവശ്യംപെരുതടി ഉരുട്ടി ആ സാധുവിന്റെ കല്പടിയിൽ നിരത്താറുണ്ടു്. ദൈവത്തിന്റെ ആഹ്വാനശബ്ദത്തെ പെരുമ്പറകൊട്ടി ബധിരമാക്കുവാൻ നാം ശ്രമിക്കുന്നു. വൈദികജീവിതം ഒരുത്തന്റെ സ്വന്തതിരഞ്ഞെടുപ്പല്ല. പ്രത്യുത, നിത്യനായ ദൈവമാണു അവന്റെ ഹൃദയഫലകത്തിൽ കൊത്തിവിളിക്കുന്നതു്. അതിന്റെ നിസ്വനംകേട്ട ഞെട്ടിഉണർന്നാണു് ലോകത്തെ എതിരിട്ടും കാഠിന്യമേറിയ ദൈവസേവനത്തിനു ഒരുത്തൻ തുനിയുന്നതു്. അതിനു എതിർവാൽ വീശാൻ നമുക്കു അവകാശമില്ല. കാരണം തോട്ടത്തിൻ നാഥനാണു്

സുമഗണം തേടുന്നതു്. വെറുംപാട്ടുകൂടിയാന്മാരായ നാം എന്തു മറുതല പറയുവാനാണപ്പോൾ. നാം കൂടി കഴിയും വിധം വേണ്ട പ്രോത്സാഹനങ്ങൾ നൽകണം. പോരാ, നമ്മുടെ കീഴിലുള്ളവരുടെ ജീവിതസ്ഥിതി എന്തെന്നു തിരഞ്ഞു കണ്ടുപിടിക്കുവാനായി അവർക്കു വഴിതെളിച്ചുകൊടുക്കയാണു നമ്മുടെ കടമ. നമ്മുടെ കുടുംബത്തിലെ ഒരംഗം നമുക്കുവേണ്ടിയും കുടുംബത്തിൽനിന്നു അന്തരിച്ചുപോയവർക്കുവേണ്ടിയും ദൈവതിരുമുമ്പിൽ മാദ്ധ്യസ്ഥം പറയുവാൻ ഇടയാക്കുക എന്തു വലിയ പിൻബലമാണു്. നാം നാലുനാൾ വഴിതെറ്റി ജീവിച്ചാലും അവനെ ഓർത്തു ദൈവം തന്റെ ദൂതന്മാരെ അയച്ചു നമുക്കു മാർഗ്ഗനിർദ്ദേശം ചെയ്യുകയില്ലേ. നമ്മുടെ മാതാപിതാക്കളും രക്ഷാകർത്താക്കളും ഈ സംഗതി സ്മരിക്കുമോ?

ജോണിന്റെ അഭിമതത്തിനു അവന്റെ സഹോദരർ വഴങ്ങി. ഇരമ്പിമുഴങ്ങുന്ന ലോകവ്യവഹാരങ്ങളിൽനിന്നു സമാധാനത്തിന്റേയും, ഏകാന്തതയുടേയും, ത്യാഗത്തിന്റേയും, തപസ്സിന്റേയും ആരും കാണാമൂലയിൽ ഓടിഒളിക്കുവാൻ ജോൺ കാലതാമസം വരുത്തിയില്ല. എന്നാൽ ലോകരംഗത്തിൽനിന്നു വിശ്രമമെടുക്കുവാനുള്ള ജോണിന്റെ പരിശ്രമം അവിശ്രമശ്രമംകൊണ്ടുമാത്രം നിവൃഹിക്കാവുന്ന പണിപ്പുരയിലേക്കാണു അവനെ വഴിതെളിച്ചുതെന്നു വഴിയേ മനസ്സിലാകും.

ലോകമേയാത്ര ചെല്ലുന്നതിനുമുമ്പായി അവൻ നിത്യദരിദ്രനാകണമെന്നു തീരുമാനിച്ചു. ജന്മായത്തമായി തനിക്കുള്ള നാലഞ്ചുകാശിന്റെ ഉന്മാദത്തള്ളൽ തന്നെ നിലംപതിപ്പിക്കാതിരിക്കുവാനായിരുന്നു അവന്റെ ലക്ഷ്യം. അവന്റെ സമ്പത്തിന്റെ നേർപകുതി, "വേംഗിൽ" അനാഥർക്കായി ഒരു ശുശ്രൂഷാനിലയം നിർമ്മിക്കുന്നതിനും ശിഷ്ടം സാധുസംരക്ഷണത്തിനായും അവൻ ഒഴിവാധാരം എഴുതി. പണപ്പെട്ടിയും മുമലിലേന്തിച്ചെല്ലുന്നവർക്കു തിരായി കവാടബന്ധനം ചെയ്യുകയാണു അസ്സീസിയുടെ നയം. വി. ഫ്രാൻസീസിന്റെ ഒരു സന്താനം ലോകവ്യാമോഹങ്ങളിൽനിന്നു എങ്ങനെ മനസ്സുതിരിക്കണ

മെന്നു ജോണിക്കുറിയുമായിരുന്നു. 1849 സെപ്തംബറിൽ ജോൺ 'അൽഡ്ടിംഗി'ലെ കുപ്പച്ചിൻആശ്രമശ്രേഷ്ഠനെ സമീപിച്ചു. ദരിദ്രരും ദരിദ്രപ്രേമികളും ദൈവസേവനത്തിൽ ആനന്ദംകണ്ടെത്തുന്ന ആ വൻമതിൽക്കെട്ടിനുള്ളിൽ തനിക്കും ഒരു കിടപ്പുറ അനുവദിക്കേണമെന്നു അവൻ യാചിച്ചു. ലോകാഡംബരത്തോടുക്രുടിയുള്ള സംസാരജീവിതത്തേക്കാൾ ലോകൈശ്വര്യങ്ങൾ ഒഴിച്ചിടപ്പെട്ട കരിങ്കൽതുരുകൾ നിറഞ്ഞ ആ ആശ്രമം അവനെ ഇരുകൈകളുംനീട്ടി ആശ്ലേഷിച്ചു. ജപതപങ്ങളാൽ തന്നെ പൂടം ചെയ്യുവാനായി എരിയുന്ന ദൈവസ്നേഹാഗ്നിയിൽ അവൻ ഒരു അർഹ്യവസ്തുവായി.

ജോണിന്റെ വ്യക്തിവിശേഷങ്ങൾ സന്യാസികൾക്കു ബോദ്ധ്യമായിരുന്നു. വി. ഫ്രാൻസിസിന്റെ സഭയിൽ അവൻ അംഗീകരിക്കപ്പെട്ടു. വിനാവിളംബം അവൻ സ്വഭാവസ്ഥാനം സ്വീകരിച്ചു; അത്ഥികളുടെ ഗണത്തിൽ അവൻ ചേർക്കപ്പെട്ടു. അന്നുമുതൽ സർവ്വാത്മനാ ദൈവത്തുശ്രൂഷയ്ക്കുായി യത്നിച്ചു. നിരവധിവൈഷമ്യങ്ങൾ പ്രാരംഭത്തിൽ അവനെ തുറിച്ചുനോക്കിയിരിക്കണം. എന്നാൽ കലപ്പയിൽ കൈപ്പത്തി വെച്ചതിനുശേഷം പിന്നോട്ടുനോക്കുന്നവർക്കു ദൈവരാജ്യത്തിൽ പ്രവേശനം നിഷിദ്ധമാണെന്നുള്ള വസ്തുത അവൻ വിസ്മരിച്ചില്ല. തന്റെ ഹൃദയവികാരങ്ങളെ ഏതാണ്ടു കുറിക്കുന്ന ഒരു കഥയും അവന്റേതായി കണ്ടുകിട്ടിയിട്ടുണ്ട്. ''വളരെ ദിവസങ്ങളായി ഒരെഴുത്തു അയക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഒഴിവു അശേഷം ലഭിക്കാത്തതുമൂലമാണ് ഇത്രയും താമസിച്ചുപോയതു്. പ്രാർത്ഥനയും വേലയും കഴിഞ്ഞാൽപിന്നെ സമയം ഒട്ടും അവശേഷിക്കുന്നില്ല. പൊതുഒഴിവുദിവസങ്ങളിൽ ആശ്രമപടിപ്പുരയിൽ സാധാരണയിൽക്കവിഞ്ഞ തിരക്കാണ്. ദൈവസഹായത്താൽ എനിക്കു യാതൊരു വകഅല്പവുമില്ല. ആരോഗ്യംകൊണ്ടും സംതൃപ്തികൊണ്ടും ദൈവം എന്നെ വലുതായനുഗ്രഹിച്ചിരിക്കുന്നു.'' നിയമങ്ങളിൽ തെല്ലു അയവുകിട്ടുന്നതു് തിരുനാൾദിനങ്ങളി

ലാണ്. എന്നാൽ പടിപ്പുരകാവൽ മുതലായ ജോലിക്കാക്ക് ഒഴിവു ലഭിക്കുമോ? ഈ ജോലിയിൽ വിശ്രമം കിട്ടുക അസാദ്ധ്യംതന്നെ.

അവൻ തന്റെ കണ്ണുതുടച്ചു. "ഇവിടെയുള്ള സന്ന്യാസികൾ വളരെ ദയയോടെ എന്നോട് പെരുമാറുന്നു. എല്ലാവരും ദൈവാരാധനയിൽ യഥാർത്ഥസമാധാനത്തോടെ കഴിയുന്നു. ലോകത്തിൽ സ്വന്തമെന്നു പറയത്തക്കതായി ഉടയതുണിപോലുമില്ലാത്തവരാണെങ്കിലും ഏതോ അഭൗമികമായ ഒരു സമാധാനം ഇവിടെ കളിയാടുന്നു. ആകാശത്തിലെ പറവകളേയും വയലിലെ ലില്ലിപുഷ്പങ്ങളേയും സംരക്ഷിക്കുന്ന ദൈവപരിപാലന ഞങ്ങളുടെ സംരക്ഷണത്തിനു സദാ സന്നദ്ധമാണ്. തന്മൂലം സ്വന്തമായി ഒരുപഞ്ഞിതുരുമ്പുപോലുമില്ലാത്ത ഞങ്ങൾ ലോകം മുഴുവൻറെയും ഉടമസ്ഥരെന്നപോലെ കഴിയുന്നു. ആരംഭത്തിൽ ഇത്രയധികം സന്ന്യാസികളുമായിക്കഴിയുവാൻ എനിക്കു വലിയ വിഷമം ഉണ്ടായിരുന്നു. അത്രകണ്ടു ലജ്ജ എനിക്കു തോന്നിയിരുന്നു. അധികം താമസിയാതെ അവരോരുത്തരുമായി പരിചയപ്പെടുവാൻ ഇടയായി. ഇപ്പോൾ ഞാൻ അവരുടെ മദ്ധ്യത്തിൽ അന്യഥാത്വം അനുഭവിക്കുന്നില്ല." ഒരുപൊതുജീവിതത്തിനു കച്ചകെട്ടുന്നവർ ഈദൃശങ്ങളായ പല വിഷമതകളേയും തരണം ചെയ്യേണ്ടതുണ്ട്. അതു ആരംഭത്തിൽഭാരമായി തോന്നിയേക്കാം. എന്നാൽ സമയം അതിനെ ലഘൂകരിക്കുന്നു. കർത്താവിൻറെ നുകം മധുരവും ഭാരം ലഘുവുമല്ലേ. അതനുഭവത്തിൽ വരുന്നതിനുമുമ്പു നാം അവിടത്തെ അറിയണം. അതേയുള്ളൂ.

പരിശുദ്ധ ജനനിയുടെ അത്ഭുതപ്രതിമയിൽനിന്നാണു ജോൺ തന്റെ ആദ്ധ്യാത്മികകവചം പടുത്തത്. സഭയിലെ നിരവധി കൃത്യങ്ങളിൽ വേണ്ടത്ര നിഷ്ഠയോടെ പ്രയാണം ചെയ്യുവാനുള്ള ശക്തി ഈ കേന്ദ്രത്തിൽനിന്നാണു അവൻ ഊറ്റിയെടുത്തത്. ആ പ്രതിമയുടെ മുമ്പിൽ അവൻ തന്റെ ആനന്ദവും ഹൃദയസമാധാനവുംകണ്ടെത്തി. അവിടെപ്രാർത്ഥനയിൽകഴിക്കുന്നനിമേ

ഷങ്ങൾ ചിറകുവിരിച്ചുപറന്നുപോയി. ജീവിതക്ലേശ
ങ്ങൾ വിവശനാകുമ്പോൾ അവൻ തന്റെ ആത്മാവി
നെ ആറിത്തണുപ്പിക്കുവാൻ ഈ പ്രതിമയുടെ സവിധ
ത്തിൽ എത്തിച്ചേരും.

ജോണും മനുഷ്യനല്ലേ! തന്നെ ചുറ്റുപാടുകൾക്കു
വിധേയമാക്കുവാനായി അവൻ നിരന്തരമായി സ്വാഭിലാ
ഷങ്ങളെ നിഹനിക്കേണ്ടിയിരുന്നു. ആ അവസരങ്ങളി
ലെല്ലാം ദിവ്യനാഥയുടെ പ്രത്യേകസഹായം അവൻ അ
ഭ്യർത്ഥിക്കും. ഓരോ ഇന്ദ്രിയനിഗ്രഹവും ആ അമ്മയുടെ പാ
ദാന്തികത്തിൽ സമർപ്പിക്കും. ഇതുമൂലം അവന്റെ ശ്രമം
പലമടങ്ങു ലഘൂകൃതമായി. കാരണം ആ അമ്മയുടെ കനി
വുതന്നെ. തന്റെ സ്തുതിക്കായി ചെയ്യുന്ന ഓരോധീരകൃത്യ
ത്തിനും പ്രതിസമ്മാനം നല്കുവാൻ പരിശുദ്ധ ജനനി സ
ന്നദ്ധയുമായിരുന്നു. ജോണിനെ തന്റെ കൈക്കുഞ്ഞായി
സ്വീകരിച്ചുകൊണ്ട് ഇരുപശവും കാവലിട്ട സൂക്ഷിച്ചു.
സഭാനിയമങ്ങൾ ചിലപ്പോൾ അവന്റെമേൽ വരിഞ്ഞു
മുറുകുമ്പോൾ അവൻ സ്ത്രീയനാഥയോട് സഹായംഅ
ർത്ഥിക്കും. ഒരിക്കലും ഈ അർത്ഥന വ്യർത്ഥമായില്ല. അവൻ
പലപ്പോഴും വിളിച്ചുകേണു. "ഓ ഇതൊരു പഠിപ്പിസാ
യാണ്. സ്ത്രീയസൗഭാഗ്യത്തിന്റെ ഏതാണ്ടൊരു സ്വഭാ
വം ഞാൻ ഇവിടെ അനുഭവിക്കുന്നു." അതേ ദൈവത്തെ
അടുപ്പിക്കുന്നവർക്കു സർവ്വവും നന്മയ്ക്കായി ഭവി
ക്കുന്നു.

ഉദ്ദേശം ഇരുപതു മാസങ്ങൾ അങ്ങിനെന്ന നില
യിൽ കഴിഞ്ഞു. ഇനിയും നൊവിഷ്യേത്തിൽ പ്രവേശി
ച്ചിട്ടില്ല. പരീക്ഷകളാകുന്ന ഉരകല്ലിൽ ഈ രത്നം ഉര
ച്ചുനോക്കപ്പെടുന്നുവാനുണ്ട്. ദൈവം അതിനുള്ള സാഹ
ചര്യങ്ങൾ ഈ സ്നേഹാത്മാവിനു ഒരുക്കയായിരുന്നു. രോഗി
കളെ സന്ദർശിക്കുവാനായി ജോൺ നിയുക്തനായി. ജോ
ൺ സഹോദരർക്ക് എഴുതി. "ഞാൻ സഭയിൽ പ്രവേശി
ച്ചതിനുശേഷം ഇരുപതുമാസം കഴിഞ്ഞുവെന്നു വിശ്വ
സിക്കുവാൻ തോന്നുന്നില്ല. അത്രക്ഷണം ദിനങ്ങൾ പറ
ന്നുകഴിഞ്ഞു. അനുസരണ എന്നെ വേറൊരിടത്തേക്കു വി

ളിക്കുന്നു. ഞാൻ പോകുന്നതുവരെണം. എന്റെ അഭിലാഷങ്ങൾ പൂർത്തിയാക്കപ്പെടുവാനായി നിങ്ങൾ നിരന്തരം പ്രാർത്ഥിക്കണം. വി. ഫ്രാൻസിസിന്റെ യഥാർത്ഥപുത്രനാകണമെന്നു മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ സന്ന്യാസവൃന്ദത്തിൽ ഉൾപ്പെട്ട ജീവിക്കുവാനും ഇതിൽതന്നെ മരിക്കുവാനുമുള്ളവരമാണു ഞാൻ പ്രാർത്ഥിക്കുന്നതും ഹൃദയംഗമമായി ആഗ്രഹിക്കുന്നതും."

ലോകത്തിനു അറിയപ്പെടാത്തവനായി, നിത്യദാരിദ്ര്യത്തിൽ, അന്യരുടെ സേവനത്തിൽ, ജീവിതം കഴിക്കുവാനുള്ള ആഗ്രഹം ലോകത്തിൽനിന്നു ജനിക്കുന്നതാണോ? ഒരിക്കലുമല്ല. ലോകം ആർഭാടവും ബഹുമാനവും മാത്രമേ വിലമതിക്കുയുള്ളൂ. വി. ഫ്രാൻസിസിനേപ്പോലെ ലോകദൃഷ്ടിയിൽ ഒരു മഠയനായിക്കഴിയുവാനുള്ള അഭിവാഞ്ഛ ജോണിൽ ഉത്ഭവിപ്പിച്ചതു ദൈവമാണ്. നമ്മുടെ കുഞ്ഞുങ്ങളും പക്ഷെ ഈ ഭ്രാന്തുപിടിച്ചുനമ്മെ അലട്ടാറുണ്ട്. നാം അവക്കായി കരുതിവെച്ചിരിക്കുന്ന സ്വർണ്ണക്രമ്പാരം, പുറംകാലിൽമെതിച്ചുകൊണ്ടു അവർ കാഷായവസ്ത്രത്തിനായി വെമ്പുന്നു. അപ്പനോടുക്രൂടി ഒരു കൂട്ടു കച്ചവടത്തിൽ ഏർപ്പെട്ടെങ്കിൽ, ആൽപ്സ് പർവ്വതങ്ങളുടെ സാനുപ്രദേശത്തിൽ കുറേ ഓലീവുതോട്ടങ്ങളും ബവേറിയായിലെ ഗവമെണ്ടുബാങ്കിൽ നാലഞ്ചുലക്ഷത്തിന്റെ കെട്ടിയിരിപ്പും ബർണ്ണാർദിന്റെ പുത്രനായ അസീസിയിലെ ഫ്രാൻസിസിനും കരസ്ഥമാക്കാമായിരുന്നു. അതുഅദ്ദേഹംദൈവപ്രചോദനത്താൽ തള്ളിമാറിക്കൊണ്ടു ദരിദ്രരിൽ ദരിദ്രനായി ജീവിച്ചു. ദാരിദ്ര്യക്രമ്പാരത്തിൽ മരിച്ചു. എന്നാൽ അസീസിയിലെ ബർണ്ണാർദിനെ ലോകം കാൽ ശതാബ്ദംകൊണ്ടു വിസ്മരിച്ചു. അസീസിയിലെ ഫ്രാൻസീസ് യുഗത്തിൽനിന്നു യുഗത്തിലേയ്ക്കു തന്റെ നെടുങ്കാൽ നീട്ടിവെച്ചുജീവിക്കുന്നു. ഭോഷത്വത്തിൽനിന്നു വലിച്ചുകയറ്റിയ വിജയ വൈജയന്തി!!

മൂന്നാം അദ്ധ്യായം

ആശ്രമജീവിതം

1851-ാ മാണ്ടു് സെപ്തംബർമാസം ജോൺ നോവിഷ്യാത്തിൽ സ്വീകരിക്കപ്പെട്ടു. 'ലൂഹിനി'ലെ ആശ്രമത്തിൽ ഒരു കൊല്ലം കഴിക്കേണ്ടിയിരിക്കുന്നു. ദൈവിളിയുടെ പരീക്ഷണാവസ്ഥയാണിതു്. കടുത്ത തപക്രിയകളിലും ആത്മപരിത്യാഗങ്ങളിലുംകൂടെവേണം ഈ പരീക്ഷണം പരിസമാപിക്കേണ്ടതു്.

ലോകജീവിതത്തിൽനിന്നു ഓടിഒളിക്കാനായി ആശ്രമജീവിതം കൈവരിക്കുവാൻ ഒരുങ്ങുന്നവരെ ഉടനടി സഭതന്റെ മണിയറയിൽ സ്വീകരിക്കുന്നില്ല. സന്ന്യാസാർത്ഥിയെന്നനിലയിൽ ഒരു കൊല്ലം മുഴുവനും അവന്റെ സ്വഭാവത്തിന്റെ സത്യസ്ഥിതിയെ തെളിവു നല്കണം. സന്ന്യാസജീവിതത്തിലേയ്ക്കു കാലൂന്നുമ്പോൾ ഉണ്ടാകുന്ന ആന്തരികസമരത്തെ പ്രതിരോധിക്കാനും, ആശ്രമത്തിലെ നീക്കുപോക്കില്ലാത്ത നിയമങ്ങളുമായി സ്വജീവിതത്തെ ഒട്ടിക്കാനും വേണ്ടതു ശക്തിയുണ്ടോയെന്നു മേലധികാരികൾ സൂക്ഷ്മാവലോകനം ചെയ്യുന്നുണ്ടാകും. അവന്റെ സ്വഭാവത്തിൽ മുന്തിനില്ക്കുന്ന മുട്ടുകളും മുഴകളും ഉച്ചപാതംവരുത്തുവാൻ സാധിക്കുമോയെന്നു അവർ കഴഞ്ചിക്കോലിൽ അളന്നുനോക്കുന്നതു ഈ അവസരത്തിലാണ്. ജീവിതാന്ത്യംവരേ അനുസരിക്കേണ്ട ജീവിതക്രമത്തിനുപറ്റിയതാണോ അർത്ഥിയെന്നു ശരിക്കു

മനസ്സിലാക്കേണ്ടതു അവശ്യമാണ്. അല്ലെന്നു തോന്നുകയാണെങ്കിൽ അവൻ ആ ജീവിത്തിൽ തുടരുവാൻ പാടില്ല. അതു അവനും ഇതരക്കും ദുഃഖഹേതുവായിത്തീരും. യഥാർത്ഥ ദൈവവിളിയില്ലാതെ സഭയിൽ എത്രനാൾ കഴിയുന്നുവോ അത്രയും അവനു ലോകത്തിലേക്കു തിരിച്ചുപോരുവാൻ വൈഷമ്യം വർദ്ധിക്കുന്നതു കൂടാതെ, അവന്റെ മേലധികാരികൾക്കും അവനെ പരിച്ചയക്കാൻ ബുദ്ധിമുട്ടുവർദ്ധിക്കുന്നു. ഈ സംഗതി ശരിക്കു മനസ്സിലാക്കിയാണ് സഭയിൽ ശരിയായി പ്രവേശിക്കുന്നതിനുമുമ്പായി അത്മിയുടെ ജീവിതത്തേയും സ്വഭാവത്തേയും മനോചാഞ്ചല്യങ്ങളേയും കുറിച്ചു ആശാസ്യമായ ഒരു വിധിയുണ്ടാക്കുന്നതുവരെ അവനെ പരീക്ഷണജീവിതത്തിൽ തന്നെ പിടിച്ചുനിർത്തുന്നതു്.

പരിപൂർണ്ണമായ പരിവർത്തനമാണു സഭ അവനോടു ആവശ്യപ്പെടുന്നതു്. ലോകത്തിൽവെച്ചു അവനു സ്വന്തമെന്നു പറയാവുന്നതായി ഉണ്ടായിരുന്നതു എല്ലാംതന്നെ ഉപേക്ഷിക്കണം പോരാ അവന്റെ പേരുകൂടി മാറാണം. ലോകത്തിനെതിരായി അവൻ തന്നെ അടച്ചുപൂട്ടണം, മരിക്കുതന്നെവേണം. ഈ മരണത്തോടെയാണ് അവൻ സന്ന്യാസത്തിൽ വീണ്ടും ഉയിർക്കുന്നതു്. ഈ ഉത്ഥാനം ക്രിസ്തുവിന്റേതുപോലെ മഹിമയുടേയും പ്രതാപത്തിന്റേയും അച്ചാരമായിരിക്കും. ജോൺ സഭയിൽ കൈക്കൊള്ളപ്പെടുന്നതിനുമുമ്പായി ലോകത്തിനു അറിയപ്പെട്ടിരുന്ന ജോൺ എന്ന നാമം മാറി കോൺറാഡ് എന്ന പേർ സ്വീകരിച്ചു. പാർഷ്വാമിലെ കോൺറാഡ് എന്ന ഭാവിലോകം അറിയാനിരുന്ന നാമം ഈ അവസരത്തിലാണു കഥാനായകൻ സ്വീകരിച്ചതു്. കോൺറാഡിന്റെ തപ്പാസക്തിയും പ്രാർത്ഥനാരൂപിയും അധികാരികളുടെ ശ്രദ്ധയിൽ പെട്ടെന്നു പെത്തിച്ചേർന്നു. അതോടെ സ്വാർത്ഥത്തെ സർവ്വാത്മനാ പെടിഞ്ഞു സർവ്വത്തിലും ദൈവഹിതം കണ്ടെത്തുവാൻവേണ്ട ശിക്ഷണം അവർ കോൺറാഡിനു നല്കി. ബലൻ വരുന്നവരെ മില്ലി

കളെ നല്ലമാർഗ്ഗത്തിൽക്കൂടെ ആദ്യംപിന്തുടർന്നിരുന്നില്ലെങ്കിൽ പക്ഷെ അതു വളരെ സ്വാഭാവികമായിട്ടുപോകാറുണ്ട്. ഇതു കോൺറാഡിൽ സംഭവിക്കാതിരിക്കുന്നതിനായി അവന്റെ ആത്മീയപിതാക്കൾ ഒത്തുശ്രമിച്ചു. മരണത്തോളം അല്ല കഠിനമായ ക്രൂശുമരണത്തോളം അനുസരണയുള്ളവനായിരുന്ന മിശിഹാതമ്പുരാന്റെ പാദാനുപാദമനുഗമിക്കുന്നവനാണ് ഞാൻ ഇതിൽ ഉൾക്കൊള്ളുന്നത്. അവിടത്തെ അനുഗമിക്കുന്നതിനായി സർവ്വവും സംത്യജിച്ചു, പ്രതിഫലമുള്ള കിരീടങ്ങളേയും പേരിക്കൊണ്ടു, മീണ്ടും ക്രൂശിക്കപ്പെട്ടവനായി കോൺറാഡ് ഓരോനിമിഷവും കാൽവരിയെ ലക്ഷ്യമാക്കി നടന്നുപോയി.

ലോകത്തിൽ ജീവിച്ചിരുന്ന അവസരത്തിൽതന്നെ സാമാന്യം ഭക്തനായി ജീവിച്ചു ദൈവാരാധനയിൽ ഊണങ്ങിക്കഴിഞ്ഞിരുന്നവർക്ക്, മേലധികാരികളുടെ തുടർച്ചയായ താപ്പാനപയറ്റ് ആശ്വാസത്തിനുപകരം ശ്വാസം മുട്ടലാണ് ഉണ്ടാക്കിതീർക്കുക. പ്രത്യേകിച്ചു പ്രായം തെല്ലുകടന്നതിനുശേഷം സന്ന്യാസത്തിൽ പ്രവേശിക്കുന്നവർക്ക് ഇതു കൂടുതൽ അരോചകമായിരിക്കും. അവരുടെ അനുഭവത്തിൽ ആശ്വാസദായകമായ പലതും അവർ ഉപേക്ഷിക്കുവാൻ നിർബന്ധിതരാകുന്നു. പല ഭക്തകൃത്യങ്ങളും ശ്വാസോച്ഛ്വാസംപോലെ ജീവിതവുമായി പറിച്ചുമാറ്റാൻ പറ്റാത്തവിധം പിണഞ്ഞുകിടക്കുന്നു. അതെല്ലാം പിഴുതുകളഞ്ഞു ഒട്ടുംതന്നെ ആസ്വാദ്യമോ വഴക്കമോ തോന്നാത്ത പല ഭക്തകൃത്യങ്ങളും ചെയ്യുവാൻ അവർ നിർബന്ധിതരാകുന്നു. സ്വാർത്ഥത്തിന്റെ സകല കണ്ണികളും അറുക്കുന്ന നേർവാൾ വീശലാണിത്. അതേറ്റു സഹിച്ചുനില്ക്കുവാനുള്ള ആന്തരികശക്തിയാണ് ആധ്യാത്മികജീവിതത്തിന്റെ അളവുകോൽ. നോവിഷ്യാത്തിലെ ശ്രേഷ്ഠൻ കോൺറാഡിനെ സ്വാർത്ഥത്തിൽനിന്നു പരിപൂർണ്ണമായി മോചിക്കുവാൻ ശ്രമിച്ചു. ഈ ശ്രമം പക്ഷിച്ചതിന്റെ വലുമാണ് പി. കോൺറാഡ്. തന്റെ പുണ്യകിരീടം പട്ടത്തത് ഈ ചൂളയിൽ വെച്ചാണ്.

കോൺറാഡ് നോവിഷ്യാത്തിൽ പ്രവേശിച്ച പ്പോൾ വയസ്സു മുപ്പത്തിമൂന്നു കഴിഞ്ഞു. താൻ പഠിച്ചി രുന്നതെല്ലാം അഴിച്ചു പഠിക്കുവാനാണ് ഇവിടെ നിയു ക്തനായതു്. മനുഷ്യന്റെ സ്വഭാവം ഇഷ്ടാനുസരണം ഭേദപ്പെടുത്താവുന്ന ഒരു പ്രായമുണ്ടു്. ഇരുപത്തഞ്ചിനു താഴെ. അതു കഴിഞ്ഞാൽ പിന്നെ അയഞ്ഞുവരുന്ന ശീലംവിട്ടം. സൂക്ഷിച്ചില്ലെങ്കിൽ കഷണം കഷണമായി നുറുങ്ങിപ്പോകും. പുരസ്സു മുകളിൽ വളർന്നുകയറിയ ഒരു ശാഖപോലെ ആകാം സ്വഭാവം. നല്ല വഴിക്കു വള ത്തണമെങ്കിൽ അതിന്റെ ഇളംപ്രായത്തിൽ തുടർച്ച യായി ശ്രദ്ധപതിക്കണം. കോൺറാഡിന്റെ ഭക്തി തന്നിഷ്ടംപോലെ വളർത്തിയതാണു്. കൂട്ടുതൽ ഹൃദ്യമായ ഭക്താഭ്യാസങ്ങൾ കൂട്ടുതൽ യോഗ്യമായ സമയങ്ങളിൽ ചെയ്യുക; ഇതാണു കോൺറാഡിന്റെ ശീലമായിരുന്നതു്. അതു വ്യത്യാസപ്പെടുത്തി അവന്റെ ശ്രേഷ്ഠന്മാർ നിശ്ച യിക്കുന്ന ഭക്താനുഷ്ഠാനങ്ങൾ അവർ തീരുമാനിക്കുന്ന സ മയത്തു ചെയ്യുവാൻ സ്വാർത്ഥത്തിന്റെ നെല്ലിപ്പടി അറുത്തുമാറേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ശ്രേ ഷ്ഠൻ പല അവസരങ്ങളിലും കോൺറാഡിന്റെ ഭക്താ ഭ്യാസങ്ങളെ വിലക്കുകയും, വേറെവലതുംകെട്ടിവെക്കു യും ചെയ്തിരുന്നു. ക്ഷമയിലും അനുസരണയിലും കൂടിവേണം ഭക്തജീവിതത്തിന്റെ അടിത്തറ കരുപിടിപ്പിക്കുവാൻ. ശ്രേഷ്ഠൻ ഈ സംഗതി അറിഞ്ഞിരുന്നു. അദ്ദേഹം കാര ണം ക്രൂടാതെ പല അവസരങ്ങളിലും കോൺറാഡിനെ പരസ്യമായി ശാസിക്കുന്നും, പ്രായശ്ചിത്തകർമ്മങ്ങൾ ചെയ്യിക്കുന്നും, പോരാ, വിശ്രമ കുമ്പസാരിക്കണം മുടക്കുവാനും മുതിർന്നു. ഒരു ഹൃദയത്തിൽ പ്രത്യുത അശ ക്തമായ ഒരു ഹൃദയത്തിൽ ഈ കർത്തൃ പ്രയോഗം എ ത്ര ആഴമായി പതിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഈ സന്ദർഭങ്ങളിലാണു കോൺറാഡു സച്ഛ്രസന്മത്തു് വാ രിശേഖരിച്ചിരുന്നതു്. ചില സന്ദർഭങ്ങളിൽ അടിമകൾ പോലും ഏൽക്കാത്ത ചില പെരുമാറ്റങ്ങൾ കോൺറാ ഡിനു കടന്നു പോരേണ്ടതായി വന്നിട്ടുണ്ടു്. തന്നെപ്രതി

കൃശ്ശമരണത്തോളം താഴ്ന്ന മിശിഹാതമ്പുരാനേപ്രതി കോൺറാഡ് അതെല്ലാം ഒരു ആവലാധിയും കൂടാതെ സഹിച്ചു; ക്ഷമിച്ചു.

കോൺറാഡിന്റെ സഹനത്തിന്റെ വലിപ്പം നമുക്ക് അജ്ഞാതമാണ്. അതു ലോകത്തിനു പരസ്യപ്പെടുത്താതെ സ്നേഹനാഥനായ മിശിഹായുടെ സവിധത്തിൽ അഭിനയിച്ചതാണ്. അതിനുശേഷം അതു സൂര്യരശ്മി കണ്ടിട്ടില്ല. നാം അങ്ങനെയാണോ? ഒരു നിസ്സാരമായ സഹനത്തിനു വിധേയരായെന്നിരിക്കട്ടെ; എത്ര പേരോടു ആവലാധി പറയുന്നു. അതിനെപ്രതി എത്ര വേണ്ടാം ഹൃദയം ഉരുക്കുന്നു. തന്മൂലം അതിന്റെ വിലതീരെ ഇടിഞ്ഞുപോകുന്നു. സമയത്തിലും നിത്യതയിലും അതു കാൽകാശിനു വിലയില്ലാത്തതായിത്തീരുന്നു. കോൺറാഡ് ശ്രേഷ്ഠരിൽനിന്നു എത്ര ക്രൂരതലായി ഭയങ്കരമായ വിമർശങ്ങൾക്കു വിധേയനായോ, അതുകണ്ടു അവരെ സ്നേഹിക്കുവാനും ബഹുമാനിക്കുവാനും ശ്രമിച്ചു. ദൈവദത്തമായ അധികാരം ആരിൽ നിക്ഷിപ്തമായിരിക്കുന്നുവോ, അവരെ കണ്ണും അടച്ചു അനുസരിക്കുന്നതിൽ ക്രൂരതൽ വിവേകപൂർണ്ണമായ യാതൊരു കൃത്യവുമില്ല. നമ്മുടെ മനസ്സിനെ നിഗ്രഹിച്ചു, ശ്രേഷ്ഠരുടെ അഭിമതത്തിനോടു ഒട്ടി ജീവിക്കയാണു ത്യാഗത്തിന്റെ പരമകാഷ്ഠ.

ഇപ്രകാരം അധികം താമസിയാതെ കോൺറാഡ് ഒരു ഉത്തമസന്ന്യാസിയായി. ഒരുത്തൻ അനുഷ്ഠിക്കുന്ന തപഃക്രിയകളുടെ ബാഹുല്യമല്ല സന്ന്യാസത്തിന്റെ അളവുകോൽ. പിന്നയോ, അവൻ എത്രകണ്ടു സ്വയം വിസ്മരിച്ചു, ദൈവത്താൽനിയുക്തരാകുന്നവർക്കുവശംവദനാകുന്നതുതന്നെയാണ്. സ്വാഭീഷ്ടത്തിൽ ആനന്ദം കാൺമാനുള്ളവർക്ക് ഈ കൃത്യം ബീഭത്സവും സാഹസികവുമായി തോന്നിയേക്കാം. എന്നാൽ ദൈവാനുഗ്രഹത്താൽ ലബ്ധമാകുന്ന വരപ്രസാദങ്ങളോടു യോജിച്ചു നിത്യജീവിതത്തിനായി അഭിയതനിക്കുന്നവർക്കു ഇതു ലഘുവും ആസ്വാദ്യവുമായാണ് തോന്നുന്നതു. തന്റെ ഭാരം ലഘുവും നുകം മധുരവുമാ

ണെന്നാണല്ലോ ദിവ്യനാഥന്റെ പ്രോത്സാഹനം. അ
ത്മപരിത്യാഗമാണ ആദ്ധ്യാത്മികജീവിതത്തിൽ ജയത്തി
ന നിദാനം.

കപ്പൂച്ചിൻസഭക്കാരുടെ നിയമാവലിയിൽ ഒര
അനുശാസനമുണ്ട് ഓരോരുത്തരും ഒരുകൈത്തൊഴിൽ
എങ്കിലും പരിശീലിച്ചിരിക്കണമെന്ന്. ക്രമാനുഷ്ഠാനങ്ങ
നുശേഷം ലഭിക്കുന്ന ഒഴിവുസമയങ്ങളിൽവേണം ഈ പ
ഠനം നടത്തേണ്ടത്. കായികമായ പല പൊതുജോലി
കളെ ക്രൂടാതെയാണ് ഈ തൊഴിൽ ശിക്ഷണം. കോൺ
റാഡിന്റെ ഒഴിവുനിമേഷങ്ങൾ ഉദ്യാനനിർമ്മാണത്തിലാ
ണ് വിനിയോഗിക്കപ്പെട്ടത്. കാൽ വിനാഴികപോലും
വ്യർത്ഥമായി ചിലവഴിക്കാൻ അദ്ദേഹം പഠിച്ചിട്ടില്ല.
ഈ കൃത്യനിഷ്ഠ ആജീവാനന്തം അധ്വാനത്തിനു പ്രേര
കമായി.

കോൺറാഡ് കപ്പൂച്ചിൻസഭയിൽചേർന്നു; ശരിത
ന്നെ എന്നാലും തന്റെ സഹോദരീസഹോദരന്മാരെ
അദ്ദേഹം വിസ്മരിച്ചില്ല. ഒരു അൻ ആദ്ധ്യാത്മികജീവി
തത്തിനായി ഇറങ്ങിപുറപ്പെട്ടതിനുശേഷം ഗൃഹകൃത്യങ്ങ
ളിൽ ശ്രദ്ധലുവായി കഴിയുന്നതു ഗർഹണീയമാണ്.
ദൈവമാണ തന്റെ അവകാശം എന്നു പറഞ്ഞുകൊ
ണ്ടു അവൻ വ്രതവാഗ്ദാനം ചെയ്യുന്നു. എന്നാൽ സ്വന്ത
രക്തങ്ങളെ പരിപൂർണ്ണമായി വിസ്മരിക്കുവാൻ സഭ അ
വനോടു ആവശ്യപ്പെടുന്നില്ല. ദൈവനീതിയുടെ മഹത്വം
സ്വകുടുംബത്തിലെ അനാശാസ്യജീവിതത്തിനെതിരായി
ഉയരുമ്പോൾ 'പിതാവേ, ദാസനായ എന്നെ ഓർത്തു അ
വരുടെമേൽ കരുണയായിരിക്കേണമേ, എന്നു സ്വരംഉയ
ർത്തേണ്ട കടമ ഒരുത്തനുണ്ട്. വി. മോനിക്ക മരണസമ
യത്തു തന്റെ മകനായ വി. അഗസ്റ്റീനോസിനോടു പ
റഞ്ഞ വാക്കുകൾ പ്രത്യേകം ഉദ്ധരിക്കാവതാണ്. "എ
ന്റെ ഭൗതികദേഹത്തെ അലങ്കരിക്കേണമെന്നല്ല എന്റെ
അവസാനപ്രാർത്ഥന. വ്രതൃത എന്റെ മകൻ അൾത്താ
രയിൽ ദിവ്യബലി അർപ്പിക്കുമ്പോൾ പാപിയായ എന്നെ
വിസ്മരിക്കരുതു." ദൈവത്തിനായി നേർന്നവൻ സ്വകു

ട്ടംബം തടിപ്പിക്കുന്നതിനായി യത്നിക്കരുത്. എന്നാൽ അവരുടെ സുഖങ്ങളിൽ സന്തോഷിക്കയും ദുഃഖങ്ങളിൽ ദുഃഖിക്കയുംവേണം. കോൺറാഡു അതിനു നമുക്കു മാതൃക നല്കുന്നുണ്ട്. അവൻ സന്യാസത്തിൽ നാലുമാസം കഴിച്ചതിനുശേഷം ഇപ്രകാരം എഴുതി:—

കത്താപിൽ പ്രിയ സഹോദരങ്ങളെ,

ഞാൻ സഭയിൽ പ്രവേശിക്കുന്നതുവരെ എന്നെ പോറിരക്ഷിച്ച നിങ്ങളെ ഞാൻ വിസ്മരിക്കയില്ല. നിങ്ങൾ എന്നോടു കാണിച്ച സ്നേഹത്തിനും ഔദാര്യത്തിനും എപ്രകാരം നന്ദിപറയണമെന്നു എനിക്കറിഞ്ഞുകൂടാ. നിങ്ങളുടെ പ്രാർത്ഥനമൂലമാണു എനിക്കു ഈ സന്യാസത്തിൽ ഒരു സ്ഥാനം ലഭിച്ചതു്. ഞാൻ ഇതിൽ സ്ഥിരതയോടെ കഴിയുന്നതിനു നിങ്ങൾ ദൈവത്തോടു പ്രത്യേകം പ്രാർത്ഥിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. നിങ്ങളെ ഞാൻ ഒരിക്കലും മറക്കയില്ല. ദൈവത്തിന്റെ കരുണ നിങ്ങളിൽ ഉണ്ടാകുവാൻ ഞാൻ നിത്യവും പ്രാർത്ഥിക്കുന്നതാണു്. സ്നേഹനാഥനായ ഈശോയുടെയും അമ്മിട്ടത്തേ പരിശുദ്ധ ജനനിയുടേയും അനുഗ്രഹങ്ങൾ സദാകാലവും നിങ്ങൾക്കു ലഭിക്കുമാറാകട്ടെ."

കോൺറാഡ് ഈ കത്തിൽ തന്നാണ്ടിലെ വരവും ചിലവും എന്തെന്നു വിളിച്ചുചോദിക്കുന്നില്ല. അതെല്ലാം ദൈവപരിപാലനയിലെ അലംഘ്യരഹസ്യങ്ങളല്ലെ. സന്യാസത്തിന്റെ ഉൾമുറിയിൽ ഇരുന്നു അതിനെക്കുറിച്ചു ചിന്തിച്ചു മനംപുണ്ണാക്കുവാൻ അവനു ആഗ്രഹമില്ല; അത്രയും മായയുമല്ല. അവന്റെ നെടിയങ്കി, ബാഹ്യമായ പരിവർത്തനത്തെക്കുറിക്കുവാനല്ല അവന്റെ ഉദ്ദേശ്യം. ആന്തരികപരിവർത്തനത്തിനാണു കോൺറാഡു പ്രാധാന്യം കല്പിച്ചിരുന്നതു്.

ഒരു സന്യാസിയുടെ ജീവിതത്തിലെ അവിസ്മരണീയദിനങ്ങളിലൊന്നാണ് അവന്റെ പ്രതവാഗദാനദിനം. 1852 ഒക്ടോബർ നാലാംതീയതി മി. ഫ്റാൻസിസ് അസീസിയുടെ തിരുനാൾദിനത്തിലാണു ബ്രദർ കോൺറാഡ് തന്റെ നിത്യവ്രതങ്ങൾ ചൊല്ലുന്നതു്. ഒരു കൊ

ല്ലും ഈ സന്ന്യാസാർത്ഥി പലരുടേയും നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയനായി. അവർക്കു കോൺറാഡിന്റെ സദ്ഗുണങ്ങൾ ബോധ്യപ്പെട്ടു. വി. ഫ്രാൻസിസിന്റെ ഒരു സന്താനമായി അവൻജീവിക്കുവാൻ പ്രാപ്തനാണെന്നു അവർസമ്മതംമൂളി. ഒടുവിൽ മുഹൂർത്തം സമാഗതമായി. ബ്ര. കോൺറാഡ് തന്റെ ഇരുകൈകളും തന്റെ ശ്രേഷ്ഠന്റെ കൈപ്പത്തിയിൽ നിക്ഷേപിച്ചുകൊണ്ടു ഉരുവിട്ടു. "ഞാൻ ബ്രദർ കോൺറാഡ്, അജീവനാന്തരം, അനുസരണയും, ദാരിദ്ര്യവും, ശുദ്ധതയും, പാലിച്ചുകൊണ്ടും 'മൈനർഫ്രയേർസ്'ന്റെ ജീവിതചട്ടങ്ങൾ കാത്തുകൊണ്ടും ജീവിച്ചുകൊള്ളാമെന്നു സർവ്വശക്തനായ ദൈവത്തോടും പരിശുദ്ധ കന്യാസ്ത്രീ മറിയത്തിനോടും നമ്മുടെ പിതാവായ വിശുദ്ധ ഫ്രാൻസിസിനോടും, സ്വർഗ്ഗവാസികളായ എല്ലാ വിശുദ്ധരോടും, എന്റെ പിതാവായ അങ്ങയോടും പ്രതിജ്ഞ ചെയ്യുന്നു."

സഭയുടെ നാമത്തിൽ കോൺറാഡിന്റെ ഈ അർച്ചന സഭാശ്രേഷ്ഠൻ സ്വീകരിച്ചുകൊണ്ടു പറഞ്ഞു. "നീ ഇതെല്ലാം കാക്കുമെങ്കിൽ ദൈവം നിത്യജീവൻ പ്രതിസമ്മാനം നല്കും."

അവാഗാഢമായ പരിചിന്തനത്തിന്റേയും മനനലിഞ്ഞ പ്രാർത്ഥനയുടേയും ശേഷമാണു കോൺറാഡ് ഈ ചുവടുവെയ്പ്പുവാൻ ധൈര്യപ്പെട്ടത്. ഭൗമികമായ സകല വേഴ്ചകളേയും വിട്ടകന്നു ദൈവത്തെമാത്രം സേവിക്കണമെന്നായിരുന്നു അവന്റെ ഏകാഗ്രഹം. അവന്റെ ഹൃദയവികാരങ്ങൾ എത്രകണ്ടു ഉത്കൃഷ്ടങ്ങളായിരുന്നുവെന്നു വ്രതവാഗ്ദാനത്തോടനുബന്ധിച്ചു എടുത്ത പ്രതിജ്ഞകളിൽനിന്നു അനുമിക്കാം. അതിലേതാനും ഇപ്രകാരമാണ്.

"ഈശോയുടേയും മറിയത്തിന്റേയും സഹായത്താൽ എന്റെ ജീവിതംമുഴുവനും കാക്കണമെന്ന ഉള്ളേശത്തോടെ പരിപക്വമായ ആലോചനയ്ക്കുശേഷം ഞാൻ എടുത്ത പ്രതിജ്ഞകൾ:—

"ഞാൻ സദാ ദൈവസാന്നിദ്ധ്യത്തിൽ ജീവിക്കുവാൻ ശ്രമിക്കും. എന്റെ ആത്മീയ പിതാവിന്റേയോ, ശ്രേഷ്ഠന്റേയോ, മുമ്പിൽവെച്ചെന്നപോലെ സൂക്ഷത്തോടെ ഞാൻ എന്റെ എല്ലാ പ്രവൃത്തികളും ചെയ്യും. അവരുടെമുമ്പിൽ ചെയ്യുവാൻ പാടില്ലാത്ത കൃത്യംദൈവത്തിന്റേയും എന്റെ കാവൽഭൂതന്റേയും ദൃഷ്ടിയിൽ സുവിധേനയും നിശ്ചിദ്ധമായി ഞാൻ കരുതും."

"ഒരു കുരിശോ, എളിമയുടെ സന്ദർഭമോ എന്നെ വലയം ചെയ്യുമ്പോൾ ഞാൻ എന്നോടുതന്നെ ചോദിക്കും. 'ബ്രദർ കോൺറാഡ്, സന്യാസത്തിൽ നീ എന്തു പ്രതീക്ഷിച്ചാണു പ്രവേശിച്ചത്?"

"എന്റെ അയൽക്കാരനു സഹായം നല്കുവാനും, ശ്രേഷ്ഠരുടെ ആജ്ഞയെ അനുസരിക്കാനും മാത്രമേ ഞാൻ ആശ്രമത്തിൽ പടിപ്പുരവിട്ടുപോകുള്ളു.

"എന്നിലും എന്റെ സഹജീവികളിലും സഹോദരസ്നേഹം നിലനിർത്തുവാൻ ഞാൻ യത്നിക്കും. ക്രൈസ്തവസ്നേഹത്തിനു വിരുദ്ധമായ ഒരഭിപ്രായവും ഉച്ചരിക്കാതിരിക്കുവാൻ ഞാൻ സൂക്ഷമുള്ളവനായിരിക്കും. അന്യരുടെ കുറവുകളും കുറവുകളും ഞാൻ സഹോദരബുദ്ധ്യാ ക്ഷമിക്കും. സഹോദരസ്നേഹത്തിന്റെ പുറംകുപ്പായംകൊണ്ട്, അവരെ ഞാൻ ലോകത്തിനു വെളിപ്പെടുത്താതെ കഴിക്കും. എന്നാൽ ശ്രേഷ്ഠന്മാരാൽ തിരുത്തപ്പെടേണ്ട സന്ദർഭത്തിൽ ഞാൻ അതിനു ശ്രമിക്കുന്നതാണ്.

"എന്നാൽകഴിയുംവണ്ണം പരിപൂർണ്ണമിണ്ടാതിരിക്കും കാക്കും. അപ്രകാരം സംസാരത്തിൽ നിന്നൊഴിഞ്ഞു ദൈവവുമായി ഏകീഭവിക്കാനും പലതെറ്റുകളിൽനിന്നു ഒഴിഞ്ഞുജീവിക്കാനും എനിക്കു കഴിയും.

"ഭക്ഷണം കഴിക്കുന്ന സമയത്ത് ദൈവസാന്നിദ്ധ്യസ്മരണ എനിൽ ഉണ്ടാകുവാൻ ഞാൻ ശ്രമിക്കും. ഹൃദ്യവും രുചിപ്രദവുമായതിനെ ഉപേക്ഷിക്കുവാനും, അന്യരുടെ ദൃഷ്ടിയിൽപെടാതെ നിവൃഹിക്കാവുന്ന ഇന്ദ്രിയ

നിഗ്രഹകൃത്യങ്ങൾ അനുഷ്ഠിക്കുവാനും ഞാൻ യത്നിക്കും. വിശുദ്ധ അനുസരണം ആവശ്യപ്പെട്ടില്ലെങ്കിൽ ഞാൻ ഒരിക്കലും അസമയത്തു ഭക്ഷിക്കയില്ല.

"കർത്തവ്യം അനുവദിക്കുന്നിടത്തോളം മണിനാദം കേൾക്കുമ്പോൾതന്നെ പ്രാർത്ഥനാവേദിയിൽ കൃത്യമായി ഹാജരാകയും, ഏകാഗ്രതയോടും ഭക്തിയോടുംകൂടി സ്തോത്രഗീതങ്ങൾ പാടുവാൻ ഉത്സാഹിക്കയും ചെയ്യും.

"സ്ത്രീകളുമായുള്ള സംസർഗ്ഗം ഞാൻ ഉപേക്ഷിക്കും. എന്നാൽ കർത്തവ്യം ആവിധ സംസർഗ്ഗത്തിനു കാരണമാകുമ്പോൾ ഞാൻ സംസാരത്തിലും നോട്ടത്തിലും അത്യന്തം സൂക്ഷ്മതയുള്ളവനായിരിക്കും.

"എന്റെ അനുസരണ അന്ധവും തീക്ഷ്ണവുമായിരിക്കും. സ്വാർത്ഥവുമായി പടപൊരുതാൻ ഞാൻ പ്രത്യേകം ശ്രദ്ധിക്കും.

"ചെറിയ കാര്യങ്ങളിൽ ദത്തശ്രദ്ധനാകുവാൻ ഞാൻ ഉത്സാഹിക്കും. മനസ്സറിഞ്ഞുകൊണ്ടുള്ള കൃത്യവിലോപങ്ങൾ, അവ എത്രതന്നെ നിസ്സാരമായിരുന്നാലും ഞാൻ എന്റെ ജീവിതത്തിൽ അനുവദിക്കയില്ല.

"എനിക്കു എത്രതന്നെ കാര്യനഷ്ടം സംഭവിക്കുന്ന സംഗതിയായാലും, നിയമത്തിൽനിന്നു അണുവെങ്കിലും വ്യതിചലിക്കുവാൻ ഇടനല്കുകയില്ല.

"പരിശുദ്ധ ജനനിയോടു ഹൃദയംഗമമായ ഭക്തി എന്നിൽ ഉജ്ജീവിപ്പിക്കുവാനും അവളുടെ വിശിഷ്ടപുണ്യങ്ങൾ യാവച്ഛക്യം എന്നിൽ വികസിപ്പിക്കുവാനും ഞാൻ ശ്രദ്ധാലുവായിരിക്കും."



നാലാം അദ്ധ്യായം.

സേവകരുടെ സേവകൻ

സന്ന്യാസസഭയിൽ നിരവധി ഉദ്യോഗങ്ങൾ ഉണ്ട്. സാമാന്യദൃഷ്ടിയിൽ കാമ്യവും ബഹുമാന്യവുമായ ഉദ്യോഗങ്ങൾ ഒരു വക. അന്യദൃഷ്ടിയിൽ നിസ്സാരവും അധ്യക്ഷ്യവുമായ മറ്റൊരുവക. എന്നാൽ സഭയിലെ ദ്വാരപാലകന്റെ കൃത്യംഈ പറഞ്ഞ രണ്ടുവിഭാഗത്തിലും ഉൾപ്പെടുത്താവതല്ല. അതു ബഹുമാന്യമോ കാമ്യമോ ആയി അധികം ആരും വില ഇരുത്താറില്ല. എന്നാൽ അതു ഉത്തരവാദിത്വമേറിയ ഒന്നാണെന്നുള്ളതിനു എതിരഭിപ്രായവുമില്ല. ദ്വാരപാലകന്റെ സ്ഥാനത്തിനു അനുഗ്രഹണരായവരെ കണ്ടെത്തുക എളുപ്പമല്ല.

ഒന്നാമതായി, സദാചാരനിരതനായിരിക്കണം ദ്വാരപാലകൻ. പലവിധത്തിലും സ്ഥാനത്തിലുമുള്ളവർ പടിപ്പുരകടക്കേണ്ടതാണ്. ഓരോരുത്തരോടും പെരുമാറേണ്ടവിധത്തിൽ പെരുമാറി സഭയെക്കുറിച്ചുള്ള അഭ്യൂഹാരണ നല്കേണ്ടതു ദ്വാരപാലകനാണ്. അവൻ മൂലം വരുന്ന സ്ഖലിതം ഹേതുവായി പലരും മുൻവിധിക്കു വിധേയരാകുവാനും, പൊതുജനാധമ്മംകൊണ്ടു ഉപജീവിക്കുന്ന സന്ന്യാസസഭയ്ക്കു സാരമായ ക്ലേശങ്ങൾ വരുത്തിക്കൂട്ടുവാനും ഇടവരും.

ക്ഷമയും വിവേചനവും, ഈ ഗുണങ്ങളാണ് ദ്വാരപാലകനു അനുപേക്ഷണീയമായ രണ്ടുഘടകങ്ങൾ. സദാചാരചിന്തയോ പ്രതിപക്ഷബഹുമാനമോ, ഏതാത്ത സാധാരണ ജനങ്ങളോടുകൂടിയായിരിക്കും ഈയാൾ സദാ പെരുമാറേണ്ടതു്. വ്യർത്ഥം കയർക്കുന്നവരുണ്ടാകും; അ

വരോട്ട സൗമ്യത പ്രദർശിപ്പിക്കണം. ഭിക്ഷയ്ക്കായി സമയത്തും അസമയത്തും കവാടത്തിൽ മുട്ടുന്നവരുണ്ടാകാം; അവർക്കു കഴിയുന്നസഹായം ചെയ്യണം. കഠിനമായ ആന്തരികപീഡയാൽ മർദ്ദിതരായവർ ആശ്വാസംതേടി എത്തിയെന്നുവരും; അവർക്കു ഉപചാരം ചെയ്യേണ്ടതുണ്ട്. സ്ഥാനികളും മാനികളും കാഴ്ചവശാൽ വന്നേയ്ക്കും; അവരെ ആദരിച്ചുബഹുമാനിക്കണം. ദുഷ്ചിന്തയോടെ സന്ന്യാസത്തിന്റെ ഭദ്രതയെ അവഗണിക്കുന്നവരുണ്ടാകാം; അവരെ ഒഴിച്ചുവിടാനും പഠിച്ചിരിക്കണം. സർവ്വോപരി ദൈവദാസന്മാരിൽനിന്നു സ്വീകരിക്കുന്ന ഭക്തിയും ആന്തരികപുണ്യവും അവരനിൽ സ്ഫുരിപ്പിക്കുവാൻ വേണ്ടും പുണ്യസമ്പത്തു ഈ ജോലിക്കാരനിൽ വിളങ്ങിപ്രകാശിക്കണം.

സാമാന്യബുദ്ധിയാണു ദ്വാരപാലകന്റെ വേറൊരുഗുണം. സംസാരിക്കേണ്ട സമയവും മിണ്ടാടക്കം കാക്കേണ്ട സന്ദർഭവും അവൻ അറിഞ്ഞിരിക്കണം. ഒരു പ്രാവശ്യം കേട്ടില്ലെന്നു നടിച്ചാൽ വലിയ കലാപങ്ങൾ ഒഴിച്ചുവെയ്ക്കുവാൻ കഴിയും. കൊടുക്കുന്നതിലും വാങ്ങുന്നതിലും അവന്റെ സാമാന്യബുദ്ധി വേണ്ടത്ര പ്രവർത്തിക്കണം. ചിലപ്പോൾ ഉപദേശിക്കാനും ചിലപ്പോൾ തെറ്റുതിരുത്താനും സന്ദർഭം ഉളവായേക്കാം. ഈ ജോലി ഇപ്രകാരം നാനാപ്രകാരേണ ഉത്തരവാദിത്വമുള്ളതാകയാൽ സന്ന്യാസത്തിൽ പൊതുസമ്മതി ലഭിച്ചിട്ടുള്ളവർക്കേ ഈ സ്ഥാനം പ്രായേണ നല്കുകയുള്ളൂ.

അൽടോടിംഗിലേ വിശുദ്ധ സ്ഥലത്തേയ്ക്കു ഓരോ ആണ്ടിലും മുപ്പതിനായിരത്തിൽ കുറയാത്ത ജനം തീർത്ഥാടനത്തിനായി വന്നിരുന്നു. അവർ തങ്ങളുടെ ആത്മീയവും ശാരീരികവുമായ ആവശ്യങ്ങളുടെ ഉപശാന്തിക്കായി കപ്പൂച്ചിആൻശ്രമത്തിലെ പടിപ്പുരയിൽ കൊട്ടിവിളിക്കാറുണ്ട്.

ആശ്രമത്തിൽ മുമുക്ഷുക്കളും വിശ്വസ്തരുമായ നിരവധി സന്ന്യാസികൾ ഉണ്ടായിരുന്നെങ്കിലും ബ്രദർ കോൺറാഡിനേയാണ് കൃതൃബഹുലമായ ദ്വാരപാലകസ്ഥാനം

ക്കൽപ്പിച്ചതു്. കോൺറാഡ് പ്രതീക്ഷാനം കഴിച്ചിട്ട് ഇനിയും അധികനാൾ കഴിഞ്ഞിട്ടില്ല. സഭയിൽ വഴക്കവും വഴക്കവും ലഭിച്ചിട്ടുള്ള പലരേയും മാറിനിന്നിയിട്ട് ഈ സ്ഥാനം കോൺറാഡിനു നല്കിയെങ്കിൽ അതു കോൺറാഡിന്റെ വ്യക്തിമാഹാത്മ്യവും കൃത്യനിഷ്ഠയും ആശ്രമശ്രേഷ്ഠർക്കു ആശാസ്യമാണെന്നു വിശ്വാസം ജനിച്ചതുകൊണ്ടാണു്.

അനുസരണയിൻകീഴിൽ കോൺറാഡ് തനിക്കു നിർദ്ദിഷ്ടമായ ഉദ്യോഗം കയ്യേറു. അതുമൂലം വന്നുകൂടുന്ന നിരന്തരശ്രമവും വിശ്രമരാഹിത്യവും കോൺറാഡ് കായ്മായി ഗണിച്ചില്ല. എന്നാൽ അതിനേതുടർന്നുണ്ടായ ചില കുഴപ്പങ്ങൾ കോൺറാഡിനെ വിഷമിപ്പിച്ചു. ഈ ഉദ്യോഗദാനം സഭയിൽ പൊതുവിമനശ്ശത്തിനും ചില ആസ്വാസ്ഥ്യങ്ങൾക്കും കാരണമായി. അൽടോടിംഗിലുള്ള ആശ്രമത്തിലും പ്രാദേശികാശ്രമങ്ങളിലും ഈ ജോലിക്കു സമർത്ഥരായപലരുംഉണ്ടായിരുന്നു. ക്രമേണ സഭയിൽ നാലുവർഷം പൂർത്തിയാകാത്തവർക്ക് ഈ ഉദ്യോഗം നല്കിയതായ ചരിത്രവും പിന്നിലില്ല. തന്മൂലം പൊതുവിമർശനത്തിനു ഇതു വിധേയമായതിൽ അത്ഭുതത്തിനു അവകാശമില്ല.

കോൺറാഡിന്റെ സഭാശ്രേഷ്ഠനും ഈ ഉദ്യോഗദാനം അനിഷ്ടകരമായിരുന്നു. അദ്ദേഹവും അതിനെതുടർന്നു പലരും അവർക്കുള്ള വെറുപ്പു പ്രത്യക്ഷത്തിൽ പ്രകടിപ്പിക്കുന്നതിനു മടിച്ചില്ല.

സാധു കോൺറാഡു്! ലോകബഹുമാനങ്ങളിൽനിന്നു ഓടി അകന്നു വല്ല നിശ്ശബ്ദതയിലും തന്റെ ദൈവവുമായി ആത്മീയക്രീഡയിൽ വ്യാപൃതനാകുവാൻ മാത്രമേ അഗ്രഹിച്ചുള്ളൂ. എന്നാൽ ഇന്നു അധികാരവും, ഉത്തരവാദിത്വവുമുള്ള ഒരു സ്ഥാനത്തിൽ അവർ അധിഷ്ഠിതനായി. പലരും ആ പദവിയിൽ എത്തിച്ചേരാൻ ഓട്ടകണ്ണിട്ടുകഴിഞ്ഞുകൂടുകയായിരുന്നു. അവരുടെ പരിഗണനയിൽ അവർക്കു ആ സ്ഥാനലബ്ധിയിൽ എന്തോ എല്ലാം അവകാശങ്ങളുമുണ്ടുപോൽ. അതേ നമ്മുടെ ഇടവകവഴക്കം

പള്ളിവഴക്കും ഉണ്ടാക്കുന്ന ചില യോഗ്യതകൾ പലപ്പോഴും നമുക്കു യാതൊരു അവകാശവുമില്ലാത്ത സംഗതിയായിരിക്കാം. ഏതാണ്ടു അവകാശമുള്ള ഭാവത്തിൽ നാം പലതിലും തലയിട്ടു കഴിയുന്നു. അതുകൊണ്ടു ന്യായമായ ഒരു അവകാശവും സംജാതമാകുന്നില്ലല്ലോ. എന്നാൽ ഈ ന്യായരഹിതമായ സ്ഥാനത്തിനു തനിക്കു അർഹതയില്ലെന്നുള്ള പരമാർത്ഥം വിളിച്ചുപറയേണ്ട സന്ദർഭം വരുമ്പോൾ എന്തെല്ലാം വൈഷമ്യങ്ങളാണു നാം ഉണ്ടാക്കിതീർക്കുക. തമ്മിൽതല്ലും കോടതികയറ്റവുംപോലും ഇതിൽനിന്നു പൊടിപ്പുറപ്പെട്ടുന്നില്ല. ഹാ, സാധുകോൺറാഡ്; നിശ്ശബ്ദമായ ആശ്രമത്തിന്റെ കനത്ത ഭിത്തിയുള്ളിൽനിന്നു, ഒരു വിനാഴിക വിശ്രമമില്ലാത്ത ഒരു പൊതുനിരത്തിലേയ്ക്കു അയാൾക്കു സ്ഥാനഭ്രംശം ഭവിച്ചു. അതോടൊപ്പം അസൂയ നാലുപാടുനിന്നും അയാളെ ദഹിപ്പിച്ചുകളയുമെന്നു ഭീഷണിപ്പെടുത്തുവാനും തുടങ്ങി. ഒരു ദിവസം ആശ്രമശ്രേഷ്ഠൻ പരസ്യമായി കോൺറാഡിനെ ശകാരിച്ചതിനുശേഷം പറഞ്ഞു. "ഇന്നു വെറും പരസ്നേഹത്തിന്റെ നാമത്തിൽ ഞങ്ങളുടെ മധ്യത്തിൽ താൻ കൂടിക്കഴികയാണ്. മടിയനായ താൻ ഞങ്ങളുടെ ഭക്ഷണം യാതൊരു അർഹതയും കൂടാതെ ഭക്ഷിക്കുയാണ്. തന്റെ ഈ പോക്കു ഇനിയും ഞങ്ങൾക്കു അനുവദിക്കുവാൻ സാധിക്കയില്ല" തന്നെത്തന്നെ മറന്നുള്ള ശ്രേഷ്ഠന്റെ ക്രൂരാരോപണം!

ഇപ്രകാരമുള്ള അധിക്ഷേപങ്ങളും ക്രൈസ്തവാത്മാവിനു തൊട്ടറിച്ചിട്ടില്ലാത്ത ദൂഷണങ്ങളും കോൺറാഡ് നിത്യവും സഹിക്കേണ്ടിവന്നു. പ്രത്യേകിച്ചു കോൺറാഡിനേപ്പോലെ പാഴ്കൈയായി സഭയിൽ പ്രവേശിച്ചവരിൽനിന്നു ഈവിധ വാക്കുശരങ്ങൾ തുടർച്ചയായി ഏൽക്കുമ്പോൾ ഒരക്ഷരംമിണ്ടാതെ സഹിക്കുക, ആഴത്തിൽ അടിയുറച്ച എളിമയോടുകൂടിയവർക്കേ സാദ്ധ്യമാകയുള്ളൂ.

കുരിശിന്റെ വഴിയിൽക്കൂടെ നിഷ്പ്രയാസം പ്രോഗമിക്കുവാനുള്ള ആന്തരികശക്തി സംഭരിക്കുവാൻ

ദൈവംപ്രയോഗിച്ച ഒരു പീഡനാസമ്പ്രദായമായിരുന്നു ഇത്. ഈ വഴിവിട്ട സഞ്ചാരത്തിലേയ്ക്കു വേറെ വഴികളില്ല. എല്ലാ മുമുക്ഷുക്കളും ഈ വഴി താണ്ടുകതന്നെ വേണം.

പരത്തായിരിക്കുന്ന വസ്തു അതിന്റെ ഗുണംസദാ നാലുപാടും പ്രസരിപ്പിച്ചുകൊണ്ടിരിക്കും. ഇതു ആ വസ്തുവിന്റെ പ്രത്യേകവാസനയാണ്. തിന്മയ്ക്കുപകരം നന്മ ചെയ്യുനോക്കുക; ആത്മാർത്ഥതയോടെ ചെയ്യുക. കരിം പാറപോലെ കട്ടപിടിച്ചഹൃദയങ്ങളെ വശീകരിക്കുവാൻ ഇതിൽ മെച്ചമായ വേറൊരു ഉപാധിയില്ല. രണ്ടോ മൂന്നോ പ്രാവശ്യം ഇതനുഭവിക്കുമ്പോൾ പ്രതിയോഗിയുടെ അന്തരംഗത്തിൽ ചില അസ്വാസ്ഥ്യങ്ങൾ ഉളവാകാതിരിക്കയില്ല. കാലക്രമേണ വിദ്വേഷം സഹതാപമായും, അചിരേണ സഹതാപം സ്നേഹമായും മാറുന്നതുകൈക്കൊള്ളും. ഇതു അക്ഷരശഃ കോൺറാഡിൽ സംഭവിച്ചു. ആ സാധുസന്യാസിയെ ദ്വേഷിച്ചവർ അയാളിൽനിന്നു പൂർവ്വാധികം സ്നേഹപ്രകടനങ്ങൾ സ്വീകരിച്ചു. അദ്ദേഹത്തോടുള്ള വിദ്വേഷം ക്രമശഃ സഹതാപമായി മാറി. സഭയിൽ അവന്റെ ധീരമായ പുണ്യവൃത്തികൾ മറയ്ക്കുവാനോ മറക്കുവാനോ പാടില്ലാത്തവിധം അത്രകണ്ടു സുവ്യക്തതരമായിത്തീർന്നു. സന്ന്യാസത്തിൽ ജീവിതം നയിച്ച പലരും സഭയിൽ ഉണ്ടെന്നുവന്നേക്കാം. എന്നാൽ കോൺറാഡിനെപ്പോലെ പുണ്യപരിപൂർണ്ണതയിൽ പുരോഗതി പ്രാപിച്ചവർ ഇല്ലെന്നു സർവ്വരും മനസ്സിലാക്കി. നിത്യസത്യങ്ങളെ പുകകയറി നിറംമയക്കുവാൻ ലോകകാപട്യങ്ങൾ എത്രതന്നെ ശ്രമിച്ചാലും അതു നിഷ്ഫലമാകയേയുള്ളു. ഉഗ്രമായി ഉയരുന്ന ഒരു ചണ്ഡവാതം ഈ തമോമാളികളെ അട്ടിപ്പേറായിക്കുമ്പോൾ, പ്രഭയോടെ മിന്നിത്തിളങ്ങുന്ന എരിഗോളങ്ങൾ ശോഭയേറിനിൽക്കുന്നതായി ദൃശ്യപ്പെടും.

കൃത്യബഹുലമായ തന്റെ ജോലിയിൽ പ്രവേശിച്ച ഉടനെ ഒരു സമയവിവരപ്പട്ടിക കോൺറാഡ് തയ്യാറാക്കി. തന്റെ ആദ്ധ്യാത്മികകൃത്യങ്ങൾക്കു ക്ഷതം

പറഞ്ഞതിനേയും തന്റെ കർത്തവ്യനിഷ്ഠാനത്തിനു വിലോപം ഭവിക്കാതിരുന്നതിനേയുമാണ് ഈ കർമ്മപരിപാടി രൂപീകൃതമായത്.

അർദ്ധരാത്രിയിൽ സന്ന്യാസിവര്യനും പ്രാർത്ഥനാവേദിയിൽ അണയുമ്പോൾ ആദ്യം ദൃശ്യമാകുന്നത് കോൺറാഡിനേ ആയിരിക്കും. ഒരു മണിയോടുകൂടി കോൺറാഡ് തന്റെ അറയിലേയ്ക്കു പിൻതിരിയും. എന്നാൽ മൂന്നര മണിക്കുതന്നെ വീണ്ടും ഉണർന്ന് പള്ളിമുറ്റമടിക്കുകയും വി. ബലിക്കാവശ്യമായവയെ കാലേക്കൂട്ടി ഇണക്കി വെക്കുകയും ചെയ്യുന്നതിൽ വ്യാപൃതനാകുന്നു. ആറുമണിയോടെ തനിക്കു നിർദ്ദിഷ്ടമായ പരിപ്പുരകാവലിൽ ഹാജർകൊടുക്കും. ഉച്ചയാകുന്നതുവരെ ഏകതാനതയോടെ സ്വകൃത്യനിർവ്വഹണത്തിൽ മുഴുകുന്നു. ഉച്ചഭക്ഷണം കഴിഞ്ഞു ലഭിക്കുന്ന അരമണിക്കൂർ വിശ്രമസമയമാണു തോട്ടത്തിൽ ജോലിക്കായി ക്ലിപ്തപ്പെടുത്തിയിരുന്നത്. അതു കഴിഞ്ഞു ഏഴുമണിവരെ പടിപ്പുരയിൽ ജോലിചെയ്യും.

അദ്ദേഹം പൊതുകൃത്യങ്ങളിൽ ഒരിക്കലും മുടക്കം വരുത്തുകയില്ല. എല്ലാവരുടേയും ദാസനെന്നോണം അവരുടെ ആവശ്യങ്ങൾ തിരക്കി അറിഞ്ഞുവേണ്ട സഹായംചെയ്യുന്നതിൽ കോൺറാഡ് തന്റെ ആനന്ദം കണ്ടെത്തിയിരുന്നു. നാല്പതുകൊല്ലംതുടർച്ചയായിനയിച്ചിട്ടുംയാതൊരു വിലോപവുംഈപരിപാടിയിൽസംഭവിച്ചിട്ടില്ല.

കോൺറാഡിനു നിർദ്ദിഷ്ടമായ കർത്തവ്യപരിധിക്കുള്ളിൽ മാത്രമല്ല അദ്ദേഹത്തിന്റെ ത്യാഗാസക്തി പ്രസരിച്ചിരുന്നത്. പള്ളിയും പള്ളിയോടനുബന്ധിച്ച വിശിഷ്ടവസ്തുക്കളും നിർമ്മലമായും ഭംഗിയായും ഇരിക്കണമെന്നു കോൺറാഡിനു നിർബന്ധമുണ്ടായിരുന്നു. പ്രത്യേകകാരണങ്ങളാൽ സാധാരണസമയത്തിനു മുമ്പായി അൾത്താരയിൽ ദിവ്യപൂജ അർപ്പിക്കേണ്ടിവന്നാൽ, കോൺറാഡ് സമയത്തുണർന്ന് അതിനുവേണ്ട ഒരുക്കങ്ങൾ ചെയ്യുകയും ദിവ്യപൂജയിൽ ശുശ്രൂഷിക്കയും പതിവാണ്. അങ്ങനെ വരുന്ന അവസരത്തിൽ ബ്രു. കോൺറാഡ് ത

ന്നെ അവർ പ്രാതൽ ഭക്ഷണം പചിച്ചുവിളമ്പികൊടു
ക്കും. തീർത്ഥകർ ആശ്രമത്തിൽ വർദ്ധിക്കുമ്പോൾ ഈ ശുശ്രൂഷണങ്ങൾ പല വൈഷമ്യങ്ങൾക്കും ഇടനല്കാറുണ്ട്. 'ഭിന്നരുചിർഹിലോകാ:' എന്നല്ലെ ആപൂവാക്യം ചിലപ്പോൾ കോൺറാഡിന്റെ സ്നേഹപ്രകടനങ്ങളെ അവഗണിച്ചും ചിലർ അദ്ദേഹത്തോട് നിർമ്മര്യാദ ഭാഷയിൽ സംസാരിച്ചിട്ടുണ്ട്. അപ്പോഴും എളിമയോടെ തന്റെ കുറവിനു മാപ്പിരക്കയല്ലാതെ, യാതൊരുവക ഒഴിവുകഴിവുകളും ആരായിച്ചു നീതിക്കുവേണ്ടി പോരാടിയിട്ടില്ല.

ഒരിക്കൽ ഒരു ദരിദ്രനായ വൃദ്ധൻ ഭിക്ഷയാചിച്ചു. കോൺറാഡ് ഒരുകോപ്പ സൂപ്പു അയാൾക്കു നല്കി. അതിൽ അസംതൃപ്തനായ വയസ്സൻ അതു കോൺറാഡിന്റെ കാല്ക്കൽ എറിഞ്ഞുകളഞ്ഞു. ഉടനേ എതൃയും ശാന്തനായി കോൺറാഡു പറഞ്ഞു "എന്റെ പാവപ്പെട്ട മകനേ, ഇതു പിടിച്ചില്ലേ നിനക്ക്; സാരമില്ല; ഇത്തിരിക്കൂടി ക്ഷമിച്ചിരി; ഞാൻ കുറച്ചുകൂടി നല്ലതു ഉണ്ടാക്കികൊണ്ടുവരാം." ഉടനെതന്നെ കോൺറാഡ് അടുക്കളയിൽപ്പോയി ആ വയസ്സനു തൃപ്തികരമായ വിധത്തിൽ സൂപ്പുണ്ടാക്കികൊണ്ടുവന്നു.

കസ്തൂരിക്കുട്ടികൾ ഈ കേരളക്കരയിലും മുട്ടത്തങ്ങാടിയിലും മാത്രമല്ലല്ലോ ഉള്ളതു്. ലോകത്തിനുള്ള പൊതുദാനമാണിതു്. മിക്കവാറും അജ്ഞതയും നിസ്സൂക്ഷ്മതയുമാണു ഇതിനു ഇവരേ പ്രേരിപ്പിക്കുന്നതു്. ഉത്തരവാദിത്വബോധമില്ലാത്ത മാതാപിതാക്കന്മാരായിരിക്കും ഇവരുടെ രക്ഷാധികാരികൾ. ചെറുപുന്നയുടെ തുമ്പിൽക്കയറി കിളിക്കൂടെടുക്കുന്നതും, ചിത്രശലഭത്തെ നാലായി കീറി വിഹരിക്കുന്നതും, മനുഷ്യസത്തയിൽ അന്തർലീനമായിരിക്കുന്ന മൃഗീയത്വത്തിന്റേയോ, കിരാതത്വത്തിന്റേയോ, ഒരു പ്രതിഫലനമല്ലേ. വഴി അരുകിൽ കിടന്നു ഇരക്കുന്ന അന്ധന്റെ പിച്ചചിരട്ടയിൽ ഇത്തിൾ വാരിയിട്ടു പൊട്ടിച്ചിരിക്കുന്ന അത്ഥരഹിതമായ ലോകാഭാസമാണ് കുട്ടികളി. പൊതുവഴിയിൽ കുഴിയുണ്ടാക്കി,

ഇലപാകി സാധുവഴിപോക്കരെ കരണം മറിപ്പിക്കുന്നതും അവന്റെ ബാലചാപല്യങ്ങളുടെ അവിസ്മരണീയനേട്ടങ്ങളാണ്. വഴിപോക്കനായ ഭ്രാന്തനെ കൊഞ്ഞനം കാണിക്കുന്നതിലും അവന്റെ മങ്ങിയ മദം ഇളക്കുന്നതിലും ഈ ചെറുകുലം പ്രഹരാർഹാസക്തി പ്രകടിപ്പിക്കുന്നു. ഈവിധ പീഡപ്പിള്ളേരാൽ അസാമാന്യമായി ബ്രദർ കോൺറാഡും പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സ്ഥലത്തില്ലെന്നു പൂർണ്ണനിശ്ചയമുള്ളവരെ ഒരുനോക്കു കാണുവാനാണു അവർ തിടുക്കം. ഒന്നിനു പുറകേ ഒന്നായി വന്നു പടിപ്പുരമണി ഇവർ വലിച്ചടിക്കുന്നു. കാര്യം ചോദിച്ചാൽ സ്ഥലത്തില്ലാത്ത അച്ചനെ കാണാൻ വന്നെന്നു പറയും. സ്ഥലത്തില്ലെന്നു പറഞ്ഞാലും അഞ്ചുമിനിട്ടിനുള്ളിൽ വേറൊരാൾ ഈ പ്രശ്നം ഉയർത്തുകയായി. ചെവിക്കു രണ്ടു നോട കൊടുത്തുവിടണമെന്നു നാം വിധിച്ചേക്കാം. എന്നാൽ ബ്രദർ കോൺറാഡ് പടിക്കൽ മുട്ടുന്നവരുടെ ആന്തരികലക്ഷ്യത്തെ ഗണിക്കാറില്ല. ഓരോരുത്തരോടും സൗമ്യമായി മറുപടിപറഞ്ഞുവിടും. ഇങ്ങനെയാണു ക്ഷമയിൽ ഒരുത്തൻ പലകാതം മുന്നോട്ടുപോകുന്നതു്.

പാപസങ്കീർത്തനത്തിനോ, ആശീർവ്വാദത്തിനോ അയി പലരും പൊതികസഹായംതേടി ആശ്രമത്തിൽ എത്താറുണ്ട്. ബ്ര. കോൺറാഡ് ചിലപ്പോൾ നാലും അഞ്ചും പ്രാവശ്യംചെന്നു വിളിച്ചാലെ കാര്യസാദ്ധ്യമുണ്ടാകയുള്ളുവെന്നുവരും. ചിലപ്പോൾ അത്യാവശ്യമായി ഒരു കാര്യത്തിനുപോകുമ്പോളായിരിക്കും വീണ്ടും മണിനാദം മുഴങ്ങുന്നതു്. ആ സന്ദർഭത്തിൽ വീണ്ടും മടങ്ങി വന്ന കാരണം അന്വേഷിക്കണം. ഓരോ ദിവസവും ഇതു പല പ്രാവശ്യം അവർത്തിക്കപ്പെടുന്നു. ക്ഷമാസമ്പാദനത്തിനു ഏറ്റവും പറ്റിയ പണിയിലാണു് കോൺറാഡ് തന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും വ്യയം ചെയ്യുന്നു.

ദൈവപരിപാലന അല്ലേഹത്തിന്റെ കാവൽഭടൻ വഴിയായി പലപ്പോഴും അല്ലേഹത്തെ നയിച്ചിരുന്നു. വിവിധകൃത്യങ്ങളിൽ വ്യാപൃതരായവരെ അന്വേഷി

ച്ചു കണ്ടുപിടിക്കുക ക്ഷിപ്രസാദ്ധ്യമല്ല. മിക്കവാറും കോൺറാഡ് അല്പനേരത്തേയ്ക്കു ചിന്താധീനനായി കഴിക്കുയും ഉടനെതന്നെ താൻ ഉദ്ദേശിക്കുന്ന ആളിനെ തേടിപ്പോകയും ചെയ്യുന്നു. തന്റെ പ്രതീക്ഷപോലെ ഉദ്ദേശിച്ച സ്ഥലത്തുവെച്ചു ആളെ കണ്ടെത്തുന്നു.

ഫാ. വിൻസന്റു് ഒരിക്കൽ അന്ത്യശ്വാസത്തിൽ പെടാതിരിക്കുവാനായി മണിമാളികയിൽ കയറിപ്പറ്റി അത്യാവശ്യമായി ഒരു പ്രസംഗം എഴുതുകയായിരുന്നു. കുറേ നേരം സമയം കഴിഞ്ഞപ്പോൾ ബ്ര. കോൺറാഡ് താഴെനിന്നു ഇപ്രകാരം വിളിച്ചു പറഞ്ഞു. "അച്ച, ഇറങ്ങിവരണം; ആരോ കുറേപ്പേർ അച്ചനെ അന്വേഷിച്ചുവന്നിരിക്കുന്നു. "കണ്ടാലും, ബ്ര. കോൺറാഡിനെ നയിക്കുന്ന അദൃശ്യശക്തിയുടെ പ്രവർത്തനം!


ഒരിക്കൽ അന്ത്യക്രിയാശുശ്രൂഷയ്ക്കായി വൈദികസഹായം അന്വേഷിച്ചു ഒരുത്തൻ പടിക്കലെത്തി. ബ്ര. കോൺറാഡ് ഒരു വൈദികനെ വിളിച്ചുകൂട്ടി അയച്ചു. അദ്ദേഹം കൃത്യസമയത്തുതന്നെ ചെന്നെത്തി. രോഗിമരിക്കുന്നതിനുമുമ്പായി അന്ത്യക്രിയാശകൾ നല്കി. എന്നാൽ ബ്ര. കോൺറാഡ് തന്റെ കൃത്യത്തിൽ അല്പം താമസം വരുത്തിയിരുന്നെങ്കിൽ മരണാസന്നനു ഈ മഹാനുഗ്രഹം ലഭിക്കയില്ലായിരുന്നു. ബ്രദർ കോൺറാഡാകട്ടെ ഒരദൃശ്യശക്തിയാലാണ് ഇതിനു പ്രേരിക്കപ്പെട്ടതു്. ഒരു പട്ടി പടിപ്പുരകടക്കുവാൻ ബദ്ധപ്പെട്ടുന്നതുപോലെതോന്നി പടിപ്പുര തുറക്കുവാനായി ചെന്നപ്പോളാണ് രോഗവിവരവുമായി ഒരുത്തൻ വൈദികനേ തേടി വന്നെത്തിയതു്.

ആശ്രമത്തിലെ ഭിഷഗ്വരൻ ബ്ര. കോൺറാഡിനെ ആദരിച്ചു നല്കിയിട്ടുള്ള സാക്ഷ്യം ഉദ്ധരിച്ചുകൊണ്ടു ഈ അദ്ധ്യായം സമാപിക്കാം. "ഒരു വലിയ സംഘം ഭക്തന്മാരുടെ മദ്ധ്യത്തിൽ ഓരോരുത്തരുടേയും ആവശ്യങ്ങൾ അറിഞ്ഞു ഭക്ഷ്യപേയങ്ങൾ നല്കുന്നതിൽ കോൺറാഡു് വളരെ ശ്രദ്ധയും ക്ഷമയും പ്രദർശിപ്പിച്ചിരുന്നു. ഒരു വട്ടവൃദ്ധനായപ്പോഴും ഈ കൃത്യം സന്തോഷ

തോട്ടം സ്നേഹതോട്ടംക്രൂടെ ചെയ്യുന്നതു ഞാൻ കണ്ട ആശ്ചര്യപ്പെട്ടിട്ടുണ്ട്. സദാ അന്യരുടെ സേവനത്തിനായി തന്നെ ബലിവസ്തുവാക്കുവാൻ കോൺറാഡ് ഉറവു ശ്രമിച്ചിരുന്നു.

"സ്വകുത്യനിവ്വഹണത്തിനായി ശരാശരി ഇരുനൂറു പ്രാവശ്യം പ്രതിദിനം കോൺറാഡ് വിളിക്കപ്പെട്ടം. എളിമയോടും പുഞ്ചിരിയോടുംക്രൂടെ കോൺറാഡ് തന്നെയാണ് പടിപ്പുര തുറന്നു സന്ദേശം സ്വീകരിക്കുന്നതു്."

"എന്നോടു പെരുമാറുന്നപോലെയാണ് കോൺറാഡ് ശേഷംപോരോടും പെരുമാറിയിരുന്നതു്. അന്യരെ സ്നേഹിക്കുന്നതിലും സേവിക്കുന്നതിലും ഈ ത്യാഗി ഒരിക്കലും തൃപ്തനായിട്ടില്ല. കോൺറാഡിന്റെ ശാരീരക ദുർബലതയു, അദ്ദേഹം നിവ്വഹിച്ചിരുന്ന ജോലിയും തമ്മിൽ താരമത്യപ്പെടുത്തുമ്പോൾ മാത്രമേ അദ്ദേഹത്തിന്റെ അന്തരംഗത്തിൽ കുടികൊണ്ടിരുന്ന ത്യാഗാസക്തിയും അതിനു പ്രേരകമായ ദിവ്യസ്നേഹവും ഏതുണ്ടു രൂപത്തിലെങ്കിലും നമുക്കു പ്രത്യക്ഷീഭവിക്കയുള്ളു."



അഞ്ചാം അദ്ധ്യായം

പ്രാർത്ഥനയും പ്രവൃത്തിയും



നമ്മുടെ കഥാപുരുഷന്റെ ദീർഘമേറിയ ജീവിതം വെറും രണ്ടുവാക്കിൽ സമാഹരിക്കാവുന്നതാണ്; പ്രാർത്ഥനയും പ്രവൃത്തിയും. അല്ല, അതു പിള്ളത്തൊട്ടിമുതൽ ശവമഞ്ചംവരെ നീണ്ടുനിന്ന ഒരു പ്രാർത്ഥനയാണ്; അഥവാ ജീവിതത്തിന്റെ പ്രഭാതം മുതൽ പ്രദോഷംവരെ ഇടവിടാതെ നിരന്തര പ്രവൃത്തിയാണ്. അദ്ദേഹത്തിന്റെ കർത്തവ്യബാഹുല്യത, ദൈവൈക്യത്തിനു വിഘ്നമായി നിലനിന്നില്ല. അതുപോലെ അദ്ദേഹത്തിന്റെ നീണ്ട പ്രാർത്ഥന കർത്തവ്യ പരിപാലനത്തിനു വിലങ്ങടിച്ചില്ല. പുണ്യക്കുരിശിൽ പയറുന്നവർക്കു സ്വർഗ്ഗവും നന്മയ്ക്കായി വഴി തെളിക്കുന്നു.

അദ്ധ്വാനത്തെ ആഗ്രഹിക്കുന്നവർ മുരടിച്ചും. അതിലൊരുത്തനാണ് കോൺറാഡ്. നമുക്കു പലർക്കും ഏറെയും പ്രിയനായ അലസതയാണ് കോൺറാഡിന്റെ ആ ജന്മശത്രു. ഈ എതിരാളിയെ ഭയപ്പെട്ടതുപോലെ വേറൊന്നിനേയും കോൺറാഡ് ഭയന്നിരുന്നില്ല. അലസമായ ഹൃദയമൈതാനമാണ് നാരകീയ സൈന്യത്തിന്റെ കളിപ്പോർകളം. കോൺറാഡിനു ഈ വാസന കുമ്പായത്തവും ജന്മായത്തവുമാണ്. അഞ്ഞൂറിൽ ചില്വാനം ഏക്കർ ഭൂമിയുടെ നാഥനായാണ് കോൺറാഡ് ജനിച്ചത്. എന്നാൽ ആ കുടുംബത്തിലാരും 'പാറായി' ചന്തം ഉള്ളാറില്ല. ചന്ത്രംമടഞ്ഞു വെടിയും പേശി നേരം

പോക്കുന്നതിലല്ല തരകന്മാനം മഹിമ കൊള്ളേണ്ടത്. അങ്ങനെയാണെന്നു തോന്നിപ്പോകും നമ്മുടെ കഴിച്ചു കൂട്ടിനുള്ളവരെക്കണ്ടാൽ. എന്നാൽ കോൺറാഡിന്റെ കുടുംബത്തിലെ ഒരുത്തൻപോലും തന്റെ നെറ്റിയിലെ വിയർപ്പുകൊണ്ടു അപ്പം നേടാതിരിക്കയില്ല. തൊഴിലാളികളോടൊപ്പം കാളപൂട്ടുകയും, വിത്തുവിതയ്ക്കുകയും, കറമെതിക്കയും, സ്ത്രീ പുരുഷഭേദമന്യേ അവർ ചെയ്യും. തൊഴിലാളിയുടെ ആയാസത്തിന്റെ പരിധി അവർ അനുഭവിച്ചറിഞ്ഞു തങ്കുതായ പ്രതിസമ്മാനം കൊടുക്കും. സന്യാസത്തിന്റെ കവാടം കോൺറാഡിനെ പിന്നിലാക്കി വലിച്ചടക്കപ്പെട്ടതുവരെ ഈ കഷ്ടകുമാരൻ ഓരോരാത്രും അദ്ധ്വാനിച്ചിട്ടുണ്ട്. ഈ ഗുണം സന്യാസപ്രവേശനത്തോടെ അലസിപ്പോയില്ല. പ്രത്യുത ലോകത്തെ സേവിച്ചതിലും ഉയർന്നമാവോട്ടുകൂടി ദൈവത്തെ സേവിക്കുവാൻ കഴുത്തു നല്കുകയാണുണ്ടായത്. കോൺറാഡിന്റെ ദ്വിതീയ ശൈശവംവരെ ഈ അസക്തി തഴച്ചുവളർന്നു. പട്ടവൃദ്ധനായ കോൺറാഡിനോട് തെല്ലുവിശ്രമിക്കുവാൻ ഒരു സന്യാസി ആവശ്യപ്പെട്ടു. "സ്വർഗ്ഗത്തിൽമാത്രം വിശ്രമം പ്രതീക്ഷിക്കുവാനാണ് എന്നെ മാതാപിതാക്കൾ എന്നെ പഠിപ്പിച്ചിരിക്കുന്നത്. അതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. നമ്മൾ യോദ്ധാക്കളാണ്, ലോകം രണാങ്കണവും. തൻമൂലം വിശ്രമത്തിനു ഈലോകത്തിൽ സ്ഥാനമില്ല" എത്ര അർത്ഥവത്തായ വാക്കുകൾ.

പ്രാർത്ഥനയും പ്രവൃത്തിയും കോൺറാഡിൽ സഹസ്രോപഹസുമായി പുരോഗമിച്ചു. വല്ല ഒഴിഞ്ഞ കോണിലും ജോലിയിൽ വ്യാപൃതനായിരിക്കുമ്പോഴും, പൊതുനിരത്തുകളിൽ സഞ്ചരിക്കുമ്പോഴും, ഈ ഐക്യം പാലിക്കപ്പെട്ടു. കായികമായ വ്യാപാരങ്ങളിൽ ഉൾപ്പെട്ടിരുന്നപ്പോഴും ദൈവസന്നിധിയിൽ കോൺറാഡിന്റെ അന്തരാത്മാവു് കാവൽനിന്നു.

തുടർച്ചയായി മൂന്നു മണിക്കൂറിൽ കൂടുതൽ കോൺറാഡ് ഉറങ്ങാറില്ല. രാത്രിയിൽ പലപ്രാവശ്യം ഉണർന്ന

പ്രാർത്ഥനയാൽ സമയം കഴിക്കേ ഒരു നിർബന്ധ പരിപാടിയാണ്. അദ്ദേഹം ഉടയംമുതൽ അസ്തമനംവരെ പൊതുകർമ്മങ്ങളിൽ വ്യാപൃതനാകുമായിരുന്നു. ദൈവൈക്യത്തിന്റെ അവബോധം മൂലം പല അവസരങ്ങളിലും തൊപ്പി ധരിക്കാതെയാണ് സഞ്ചരിക്കുവതിവ്. സായൂജ്യത്തിൽ നിമഗ്നരായവർക്ക് അവരുടെ ദൈവത്തോടുള്ള ആത്മക്രീഡ മറച്ചുവെയ്ക്കുവാൻ എന്നും കഴിഞ്ഞെന്നു വരികയില്ലല്ലോ.

ആശ്രമകവാടത്തുങ്കൽ അപരിചിതരെ സ്വീകരിച്ചു അവരുടെ ആവശ്യങ്ങൾ നിവ്വഹിക്കുന്നതെ ഒഴിവില്ലാത്ത ഒരു വൃത്തിയാണ്. ഒരു ഇമ ഇരുന്നു വിശ്രമിക്കുവാൻ അവിടെ കൂട്ടുന്ന ജനബാഹുല്യം അനുവദിക്കുയില്ല. ഓരോരുത്തരുടേയും അവശ്യം അനുസരിച്ചു അങ്ങോട്ടു പോകുകയും ഇങ്ങോട്ടുവരികയും എന്ന പരിപാടിതന്നെ അസംഖ്യം പ്രാവശ്യം ആവർത്തിക്കേണ്ടിവരും. ആശ്രമത്തിലേയ്ക്കു ലഭിച്ചിരുന്ന ദാനങ്ങളും വഴിപാടുകളും സ്വീകരിച്ചിരുന്നതു കോൺറാഡാണ്. ക്രൂടാതെ അഗതികൾക്കു ഭിക്ഷനല്കുന്നതും അദ്ദേഹം തന്നെ. പല അവസരത്തിലും കായക്ലേശത്താൽ ശക്തിയറ്റു ബോധരഹിതനായി ഈ സിദ്ധൻ നിലംപതിച്ചിട്ടുണ്ട്. എങ്കിലും സ്വമനസാ ജോലിയിൽനിന്നോ, തപോവൃത്തിയിൽ നിന്നോ അദ്ദേഹം ഒഴിവെടുക്കയോ, ഒഴിഞ്ഞുമാറുകയോ ഉണ്ടായിട്ടില്ല. അവിടെ കൂടിയിരുന്ന വിവിധ ദേശികളായതിഥികരോടു ആശയവിനിമയം ചെയ്യുകയുമുണ്ടായിരുന്നു. ഇതു ദുഃസാധ്യമായ ഒരു കൃത്യംതന്നെ. എങ്കിലും നാല്പതുകൊല്ലം, ഒരു മുടക്കവുമില്ലാതെ ഈ കൃത്യം നിവ്വഹിച്ചുവെന്നു ഓർക്കുമ്പോളാണ് ആ പടിപ്പുര കാവലിൽ നിയോഗിതനായ സന്യാസിയുടെ കൃത്യനിഷ്ഠയും, പൊതുജനസേവന തല്പരതയും കൂടുതൽ സ്പഷ്ടമാകുന്നതു്.

പ്രാർത്ഥനയാണു ഈസേവനത്തിനു ജീവൻ നല്കിനിക്കൊണ്ടിരുന്നതു്. അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനായി നിയമിക്കപ്പെട്ട പരിശോധകസംഘത്തിനു് ലഭിച്ച ഒരു സാക്ഷ്യം ഇതിനു തെളിവാ

ണ്ട്. അദ്ദേഹം പ്രതിദിനം എട്ടുമണിക്കൂർ പ്രാർത്ഥനയിൽ വ്യയംചെയ്യുവെന്ന അന്നു തെളിഞ്ഞു.

ചില അവസരങ്ങളിൽ ലോകവാർത്ത അറിയുവനായി ചില സന്യാസികൾ കോൺറാഡിനെ സമീപിക്കുമായിരുന്നു. "വേണ്ട, വേണ്ട, ഇങ്ങനെ സമയം കളയുന്നതിൽ എത്ര നന്നാണു നമ്മുടെ സ്വർഗ്ഗീയനാഥയുടെ സ്തുതിക്കായി ഒരു കൊന്ത നമസ്കരിക്കുന്നത്." ആ സംഘത്തെ പിരിച്ചുവിടാൻ ഇതിൽ നല്ല വിദ്യയില്ലതന്നെ.

കോൺറാഡ് പലേ ഭക്തസംഘങ്ങളിലും ചേർന്നിരുന്നല്ലോ. തന്റെ സന്യാസ നിയമങ്ങൾ കാത്തതിനുശേഷം ലഭിക്കുന്ന ഏതാനും വിനാഴികകളാണ് ഈ സഖ്യതകളുടെ കടമകൾ നിർവ്വഹിക്കുന്നതിനു വിനിയോഗിച്ചത്.

പടികാവലിൽ കാരണവശാൽ വല്ല ഒഴിവുകിട്ടിയാൽ, സമീപസ്ഥിതമായ വി. അലക്സിയൂസിന്റെ കപ്പേളയിൽ പ്രാർത്ഥനാഗീതങ്ങളും മുരണ്ടുകൊണ്ടു കോൺറാഡു കയറി ഇറങ്ങുന്നതായി കാണാം.

പാതിരാപ്രാർത്ഥനയിൽ സഹകരിക്കുന്നതിൽ നിന്നു കോൺറോഡിനു ഒഴിവു കിട്ടിയിരുന്നു. അദ്ദേഹത്തിന്റെ കഠിനജോലിയെ പരിഗണിച്ചുള്ള ഒരു പ്രത്യേകതയാണിത്. എന്നാൽ ഒരിക്കൽപോലും ഈ പ്രത്യേകത അദ്ദേഹം ഉപയോഗപ്പെടുത്തിയില്ല. എല്ലുവരോടൊപ്പം കോൺറാഡും പ്രാർത്ഥനാവേദിയിൽ എത്തിച്ചേരും. ഒരിക്കൽ പ്രാർത്ഥനക്കായി എല്ലാവരേയും വിളിച്ചുണർത്തുന്നതിനായി നിയുക്തനായ സഹോദരൻ കോൺറാഡിന്റെ അവശസ്ഥിതികണ്ടു വിളിക്കാതെ കടന്നുപോയി. കോൺറാഡിനു ഇതിൽപരം വ്യസനഹേതു വേറൊന്നുണ്ടായില്ല. "ഓ എന്നെപ്രതി ഇത്ര ദയയും സൂക്ഷവും അവശ്യമില്ല. ഒരുത്തന്റെ ആത്മാവു ദൈവവുമായി ഐക്യപ്പെടുന്ന തോതനുസരിച്ചാണ് ശരീരത്തിനു സ്വസ്ഥത ലഭിക്കുന്നത് എന്നും മറ്റും കോൺറാഡ് പരാതിപറഞ്ഞു.

ഒരിക്കൽ അദ്ദേഹം തന്റെ സഹോദരിക്കെഴുതി.

"ഞാൻ ഇവിടെ എന്തു ചെയ്യുന്നുവെന്നറിവാൻ നീ താല്പ
ര്യപ്പെടുന്നുവോ. നമ്മെ അത്യധികം സ്നേഹിക്കുന്ന ദൈ
വത്തെപ്രതി ക്ലേശങ്ങൾ സഹിക്കുന്നതിലും, അവിടുത്തേ
ആരാധിക്കുന്നതിലും, സ്നേഹിക്കുന്നതിലും, അന്യരും അ
വിടുത്തേ യഥായോഗ്യം അറിഞ്ഞുസ്നേഹിക്കുവാൻ പരി
ശ്രമിക്കുന്നതിലും ഞാൻ എന്റെ ജീവിതം വ്യയം ചെയ്യു
ന്നു. ഈ സ്നേഹപ്രാപ്തിക്കായി ഞാൻ എന്റെ ജീവിതം
വിനിയോഗിക്കുന്നു. അനന്തമായ ദിവ്യസ്നേഹത്തെ പ
രിമിതമായ മനുഷ്യാത്മാവിൽ പകർത്തുക സാദ്ധ്യമല്ല. അ
പരിമേയനായ അവിടുത്തെ എത്രകണ്ടു സ്നേഹിക്കുവാൻ
ഞാൻ അഭിയത്നിക്കുന്നുവോ, അത്രകണ്ടു അവിടുത്തെ
അനന്തനന്മയും സ്നേഹാർഹമായ സത്തയും എന്റെ മു
മ്പിൽ വിസ്തൃതമായിത്തീരുന്നു. തൻമൂലംയാവച്ഛക്യംഅ
വിടുന്നുമായി ഞാൻ നിത്യബന്ധം പുലർത്തികൊണ്ടു പോ
രുന്നു. എന്റെ ബഹുവശങ്ങളായ ജീവിത കർത്തവ്യ
ങ്ങൾ അവിടുന്നുമായുള്ള ബന്ധത്തെ ക്രൂടതൽ ഉന്മുഖമുള്ള
താക്കിത്തീർക്കയല്ലാതെ, ഒരിക്കലും വിലങ്ങടിക്കുന്നില്ല.
ഒരു ശിശു തന്റെ മാതാപിതാക്കളോടെന്നവണ്ണം ഞാൻ
എന്റെ ശക്തിഹീനതകളെയും ആവശ്യങ്ങളേയും അ
വിടുത്തോടുണർത്തിക്കുന്നു. എന്നാൽ എന്നെപോലെ അവി
ടുത്തേ ദ്രോഹിച്ച ഒരു പുരുഷനു ഈ സൌജന്യം ഒരിക്ക
ലും അർഹിക്കാവതല്ല. സ്നേഹത്തോടെ അവിടുത്തെ വി
രിമാറിൽ അഭയം തേടിയിട്ടുള്ള ഒരുത്തനും നിഷേ
ധിക്കപ്പെട്ടിട്ടില്ല. അവിടുത്തെ ക്രൂടതൽ ക്രൂടതൽ സ്നേ
ഹിക്കുന്നതിനുള്ളവരം ഞാൻ നിത്യവും യാചിക്കുന്നുണ്ടു.
അവിടുത്തേ ക്രൂടതൽ സ്നേഹിക്കുന്നതിനായി എളിമയും
ശാന്തതയും ക്രൂടതലായി സംഭരിക്കുവാൻ ഞാൻ ശ്രമിക്കു
ന്നതാണു്. എന്നാൽ ഈ സമ്പത്തു നേടുവാൻ കരിശു
പോലെ പ്രയോജനപ്രദമായ മറെറാരുപാധിയില്ല. പ്ര
തിദിനം നമ്മെ വലയം ചെയ്യുന്ന ജീവിതത്തിന്റെ ക
ക്കശവശങ്ങളെ നമ്മുടെ ആധ്യാത്മിക പുരോഗമനത്തി
നായി പ്രയോജനപ്പെടുത്തുവാൻ കരിശാകുന്ന പാഠശാ
ലയിൽ അദ്ധ്യയനം ചെയ്യുകതന്നെവേണം."

ചേരാരവസരത്തിൽ അദ്ദേഹം എഴുതി. "എന്റെ സുഖാസുഖങ്ങളെ അറിവാൻ നീ താല്പര്യപ്പെടുന്നതിൽ ഞാൻ അതിവ കൃതജ്ഞനാണ്. ഞാൻ ദൈവത്തിൽ സുഖത്തോടും, സന്തോഷത്തോടും, സമാധാനത്തോടുംകൂടി കഴിയുന്നു. ദൈവത്തുക്കുരങ്ങളിൽനിന്നു എന്നെ സമീപിക്കുന്ന എല്ലാതന്നെ ആയാലും—സുഖദുഃഖ പരിഗണനകൂടാതെ—ഞാൻ ഇരുകൈകളും നീട്ടി സ്വീകരിക്കുന്നു. നമുക്കേറ്റവും ആവശ്യമായതെന്തെന്നു ദിവ്യ വൈദ്യനായ അവിടുന്നു ശരിക്കറിയുന്നു. അതിനാൽ നമ്മുടെ അഭിവൃദ്ധിയ്ക്കുതകിയതു മാത്രമേ, നമുക്കു നല്കപ്പെടുന്നുള്ളു. ഫലചിന്തകൂടാതെ നാം അതു സ്വീകരിക്കയാണു കരണീയം. സ്വശക്തികളോടുംകൂടി അവിടത്തെ സ്നേഹിക്കുവാൻ ഞാൻ യത്നിക്കുന്നു. എന്നാൽ ഇതു നിസ്സാരമായി മാത്രമേ അവിടുത്തേ സ്നേഹിക്കുന്നുള്ളുവല്ലോ എന്ന ചിന്തയാണു എന്നെ ബഹുധാ ക്ലേശിപ്പിച്ചു കൊണ്ടിരിക്കുന്നതു്. ഒരുസോറാഹ് മാലാഖായായി ലോകത്തെ മുഴുവനും ദൈവത്തെ സ്നേഹിപ്പിക്കുവാൻ ഞാൻ കൊതിക്കുന്നു. ഹാ . . . സ്നേഹം അനന്തമാണ്."

നാലുപാടുംനിന്നു തന്നെവലയം ചെയ്തിരുന്ന കൃത്യബാഹുല്യങ്ങളുടെ മദ്ധ്യത്തിലും ഏകാഗ്രത പാലിക്കുവാനും എല്ലാവർക്കും പ്രീതിജനകമായ വിധത്തിൽ തന്റെ കൃത്യങ്ങളെ അനുഷ്ഠിക്കുവാനും ഇടനല്കിയതു്, കോൺറാഡിന്റെ സജീവമായ ദൈവസാന്നിദ്ധ്യംനിമിത്തം ഒന്നുതന്നെയാണ്. ഈ ചിന്തയിൽനിന്നുള്ള പ്രകാശംമൂലം എത്തുലാമുവായ കൃത്യവും, വള്ളിയ്ക്കോ പുള്ളിയ്ക്കോ പിഴവരുത്തവിധം നിർവ്വഹിക്കുവാൻ അദ്ദേഹം പ്രാപ്തനായിത്തീർന്നു എന്നാൽ നാമോ? എത്രപ്രവാശ്യം ജോലിത്തിരക്കെന്നകാരണവുംപറഞ്ഞു ദൈവസേവനത്തെ മാറ്റിവെച്ചിരിക്കുന്നു. പ്രാർത്ഥനകൾ എത്തിക്കുന്നതിലും, കടമുള്ള ദിവസങ്ങൾ കാക്കുന്നതിലുംനിന്നു എത്രയെല്ലാം കാരണങ്ങളുടെ തൂപിടിച്ചാണു നാംകരകയറുന്നതു്. ശാന്തം. പാപം!!

ആറാം അദ്ധ്യായം

ആന്തരികജീവിതം

ലോകത്തിന്റെ മിന്നുക്കപ്പണിയിൽമാത്രം വിശ്വസിച്ചു അതിന്റെ പിന്നാലെ പാഞ്ഞുപോകുന്ന നമുക്കു ആന്തരികജീവിതം പക്ഷേ യക്ഷിഗന്ധർവ്വകഥകളേക്കാൾ വിശ്വസനീയമായി തോന്നുകയില്ലായിരിക്കാം. എന്നാലും ആത്മശരീരങ്ങളാൽ സമസൃഷ്ടമായ ഒരുത്തനു ഈ ജീവിതം അനിർവ്വാഴ്ച്ചമാണ്.

ഒരുത്തന്റെ പുണ്യത്തിന്റെ മാനദണ്ഡം നിശ്ചയിക്കുക എളുപ്പമല്ല. മഹത്കാര്യങ്ങൾ നേടുന്നതായിരിക്കും ഒരുത്തന്റേതു; മറ്റൊരുത്തന്റേതു് അന്യദൃഷ്ടികൾക്കു് അഗോചരമായിരിക്കാം. ദൈവമഹത്വത്തിന്റെ ചില പ്രതിഫലനമായിരിക്കാം അതു്. അവിടുന്നു ലോകത്തിനു വെളിപ്പെടുത്തുന്ന തോതനുസരിച്ചു മാത്രമേ ആന്തരികജീവിതത്തിന്റെ വിലയിരുത്താൻ സാധിക്കയുള്ളു. ഹൃദയത്തിന്റെ ശ്രീകോവിലിൽ പ്രതിഷ്ഠിതനായ സ്നേഹനാഥനായ ഈശോയാണു നാമാരുപേണ കാരോരുത്തനിൽ പ്രവർത്തിക്കുന്നതു്. ദൈവവുമായി ഐക്യപ്പെടുവാനും, ഈ യോജിപ്പിനെക്കുറിച്ചുള്ള അവബോധം നിലനിർത്തുവാനുമുള്ള ആത്മാവിന്റെ ജാഗ്രതയിലാണു് ആന്തരികജീവിതം കുടികൊള്ളുന്നതു്. ദൈവവുമായുള്ള സ്നേഹബന്ധത്തിന്റെ അത്താണിയും, എല്ലാ സൽഗുണങ്ങളുടേയും അസ്ഥാനവും ആന്തരികജീവിതമാണ്. ഏറ്റവുംനിസ്സാരമായ കൃത്യങ്ങൾപോലും ആന്തരികജീവി

തത്തിന്റെ കുങ്കുമക്കുറിമാനം അണിഞ്ഞുവെളിപ്പെട്ട മ്പോൾ അതിനു നിത്യത്വത്തിൽ സ്ഥായിയായ പില ല ഭിക്കുന്നു. പരിമിതമായ മനുഷ്യശക്തിയാൽ ദൈവത്തി നു പ്രിയംകരമായ കൃത്യങ്ങൾ ചെയ്യുകസാദ്ധ്യമല്ലതന്നെ. എന്നാൽ അതിസ്വാഭാവികരീത്യാ നമ്മുടെ നിസ്സാരകൃത്യ ങ്ങൾ ഉന്നയിക്കപ്പെട്ടമ്പോൾ അവകൾ അമൂല്യങ്ങളാ യി പരിണമിക്കുന്നു. സംഭവബഹുലങ്ങളായ ദിനചര്യ കളുടെ മദ്ധ്യത്തിലും പ്രശാന്തമായ ഒരു കോണിൽ അന്ത രാത്മാവു് ദൈവചിന്തയിൽ സ്വർഗ്ഗീയസുഖം അനുഭവി ക്കയും, ആ ശ്രീകോവിലിൽ എരിയുന്ന നെയ്ത്തിരിയുടെ ദീപപ്രഭയിൽ, അതു ദിവ്യനാഥനുമായി സല്ലപിച്ചു ആനന്ദിക്കുകയും ചെയ്യുന്നു. അതു് പരദൃഷ്ടിയിൽപെടാ തെ ശ്ലൈഹികസേവനത്തിൽ ഏർപ്പെട്ടുകയും, ഒരുത്ത നെ ഒരുപാപത്തിൽനിന്നെങ്കിലും ഒഴിക്കുവാൻ അതു ദ്ധ്യാനിക്കുകയും ചെയ്യുന്നു. ദിവ്യസാന്നിദ്ധ്യം ഒരുത്ത നിൽ സ്പഷ്ടതരമാകുന്നില്ലെങ്കിൽ ക്ലിഷ്ടസാദ്ധ്യമായ പു ണ്യാഭിവൃദ്ധി ദുഷ്കരവും ക്ലേശാവഹവുമായിത്തീരുന്നു. നമ്മളിൽ കാണുന്ന പല ദുസ്സഹങ്ങളും മനുഷ്യദൌർബല്യത്തിൽ നാം ആരോപിക്കുന്നു. ദിവ്യസാന്നിദ്ധ്യസ്മരണയുടെ അഭാവമാണു അതിനു നിദാനമെന്നു മനസ്സിലാക്കുവാൻ തെല്ലും തർക്കിപ്പേടേണ്ടതില്ല. ഒരുത്തൻ ക്ഷമ, ആശാനിഗ്രഹം ആദിയായ ഗുണങ്ങൾ സ്വജീവിതത്തിൽ പ്രതിഫലിപ്പിക്കുന്ന തോതനുസരിച്ചു അവന്റെ ആന്ത രികജീവിതത്തിന്റെ ആഴം അളക്കാവുന്നതാണു്.

വി. കോൺറാഡ് ആന്തരികജീവിയായിരുന്നു. ഒ രിക്കൽ ഒരു സംഭവം ഉണ്ടായി. ദിവ്യപൂജയിൽസഹകരിച്ചുകൊണ്ടിരുന്ന വേളയിൽ ഒരു ദിവ്യപ്രകാശം കോൺറാഡിനെ ആവരണം ചെയ്തതായും ഒരഗ്നിഗോളം കോൺറാഡിന്റെ വായിൽനിന്നു മുക്തമായതായും ശേഷം സന്ന്യാസികൾ കണ്ടു. ഈ അസാധാരണസംഭവം കോൺറാഡ് വി. കുരിശിന്റെ മുമ്പിൽ ധ്യാനനിമ്നനായിരിക്കുന്ന അവസരങ്ങളിൽ പലപ്പോഴും ആവർത്തിക്കപ്പെട്ടിട്ടുണ്ടു്.

ഇനിയും നല്ല ഈശോയേ അറിയാതേയും സ്നേഹിക്കാതേയും അനവധി ആളുകൾ കഴിയുന്നുവെന്ന ചിന്ത കോൺറാഡിന്റെ വിശ്വാസത്തെ പലപ്പോഴും ഞെരിച്ചു അവശപ്പെടുത്തിയിട്ടുണ്ട്. "സ്നേഹനാഥനായ ഈശോ ഇനിയും സ്നേഹിക്കപ്പെടാതെ കഴിയുന്നുവല്ലോയെന്ന ചിന്തയാണ് എന്റെ ഏറ്റവും ഭാരിച്ച വ്യാകുലം. ഒരു സേറാഫ് മാലഖായായി ലോകത്തെ മുഴുവനും ഈശോയേ സ്നേഹിക്കുന്നതിനായി ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഹാ സ്നേഹയോഗ്യനായ ഈശോ എല്ലാവരാലും സ്നേഹിക്കപ്പെടെങ്കിൽ!!" അദ്ദേഹം ഇതു ആവർത്തിച്ചുപറയും. ദൈവദാനമായ സമയം അലസമായി വ്യയംചെയ്യുക കോൺറാഡിനു സ്മരിക്കുവാഹിയായിരുന്നു. ഈശ്വരനെപ്പറ്റിയുള്ള സംഭാഷണങ്ങളാണ് അദ്ദേഹത്തിനു കാമ്യം. സഭാമാതാവു് സഹിക്കേണ്ടിവന്ന പീഡകളുടെ വൃത്താന്തം അദ്ദേഹത്തിന്റെ കണ്ണുകളെ നനയ്ക്കുമായിരുന്നു. അതുപോലെതന്നെ സഭയുടെ വിജയവാർത്തയിൽ അകമഴിഞ്ഞു സന്തോഷിക്കും ആ സന്ന്യാസിയുടെ പതിവാണ്. ലോകമെല്ലാം ക്രിസ്തുവിന്റെ സന്ദേശത്തെ പ്രസംഗിച്ചുപരത്തുന്ന മിഷ്യനറിമാക്കുവേണ്ടി അദ്ദേഹം ഒട്ടുവളരെ പ്രാർത്ഥിച്ചിരുന്നു. തന്റെ എളിയജീവിതത്തിൽ ഒരു മിഷ്യനറിയായി കാട്ടും മലയും താണ്ടി, ആത്മാക്കളുടെ രക്ഷയെപ്രതി പ്രത്യംഗം ബലികഴിക്കുവാനുള്ള സാദ്ധ്യതയില്ലെന്നു അദ്ദേഹം അറിഞ്ഞിരുന്നു. എങ്കിലും തന്നാൽ കഴിയുംവിധം പ്രാർത്ഥനവഴി മിഷ്യനറിമാരെ സഹായിക്കുവാൻ ശ്രമിച്ചു. ആത്മാക്കളുടെ രക്ഷയിൽ അത്യുത്സാഹിയായ അദ്ദേഹം തന്റെ പരിക്ലിപ്തമായ സീമയിൽ എത്തുപെടുന്നവർക്കു സദുപദേശം നല്കുകയും, ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്തിരുന്നു. അദ്ദേഹം തന്നാൽ കഴിയുംവിധം, ചെറിയ തോതിലെങ്കിലും മിഷ്യനെ സഹായിക്കുവാനായി പണപ്പിരിവു നടത്തിയിരുന്നു. തങ്ങളുടെ ആശ്രമാംഗങ്ങളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന മിഷ്യൻകേന്ദ്രങ്ങൾക്കുവേ

ണ്ടിയും ചിലപ്പോൾ അന്യകേന്ദ്രങ്ങളെപ്രതിയും ഈ സംഖ്യ ഉപയോഗപ്പെട്ടുത്തിയിരുന്നു.

സംസാരംകൊണ്ടുമാത്രം അദ്ദേഹം തൃപ്തി അടയുന്ന കൂട്ടത്തിലായിരുന്നില്ല. പലപ്പോഴും മാതൃകയാൽ പരിതസ്ഥിതരെ ദൈവത്തിലേക്കാഷ്ടിച്ചിരുന്നു. കാരണംകൂടാതെ പലപ്പോഴും മേലധികാരികൾ അദ്ദേഹത്തെ ശാസിക്കുകയും അനുപോലുള്ള ദയാശൂന്യമായ പെരുമാറ്റത്താൽ വേദനിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ തന്നെ ന്യായീകരിപ്പാനോ, അഥവാ അസംതൃപ്തി പ്രകടനത്താൽ തന്നോടുകാണിച്ച അന്യായത്തെ പ്രതിഷേധിപ്പാനോ അദ്ദേഹം ഒരിക്കലും തുനിഞ്ഞില്ല. അന്യായമായ അപവാദങ്ങളാൽ അധിക്ഷിപ്തനായ ക്രിസ്തുനാഥൻ സ്വയവും സഹിച്ച മാതൃക കോൺറാഡിന്റെ മനോമുകുരത്താൽ ഉജ്ജ്വലിച്ചിരുന്നു. ഓസൻ നാഥനേക്കാൾ വലിയവനല്ലല്ലോ.

ദൈവേഷ്ടത്തിനു വശപ്പെട്ടുവാൻ വൈമുഖ്യം പ്രദർശിപ്പിച്ചിരുന്ന ഒരുത്തനോടു കോൺറാഡ് പറകയുണ്ടായി. "ദൈവതിരുമനസ്സുതന്നെ നമ്മുടെ സമാധാനവും സാന്ത്വനവുമായിത്തീരാൻ നാം ഹൃദയംഗമമായി പ്രാർത്ഥിക്കാം. ദൈവം നമ്മെ രക്ഷിക്കുകയോ രക്ഷിക്കുകയോ ചെയ്യട്ടെ. എങ്കിലും നമ്മുടെ സുഖത്തിൽ മാത്രമായിട്ടല്ല നമ്മുടെ ഉന്നതിക്കായി മാത്രം പൈതൃക വാത്സല്യത്തോടെ ഇപ്രകാരം പ്രവർത്തിക്കുന്നുവെന്നു സമാധാനിക്കുകതാ. നാം അവിടത്തേ ഉപേക്ഷിച്ചു കളിയാലും അവിടുന്നു സദാപി നമ്മുടെ സന്തുഷ്ടിയിൽ ജാഗരൂകനാണെന്നു നാം ധരിക്കണം."

ആത്മാക്കളുടെ രക്ഷയ്ക്കും ദൈവമഹത്വത്തിനുമായി അഹോരാത്രം പ്രയത്നിച്ചിട്ടും ആശാസ്യമായ ഫലം ലഭിക്കുന്നില്ലെന്നു ഖേദിക്കുന്ന ഒരു വൈദികനോടു കോൺറാഡ് പറയുന്നതു വിജ്ഞേയമാണ്. "അച്ചന്റെ പരാജയങ്ങളാലും പരിഹാസ്യതയാലും ദൈവം കൂട്ടുതൽ മഹത്വപ്പെടുന്നുവെന്നാണു എളിയവനായ എന്റെ പരിപൂർണ്ണവിശ്വാസം" ദൈവത്തിന്റെ വഴികളുമായി അട

അ ബന്ധംപുലർത്തിക്കൊണ്ടു പോരുന്നവർക്കുമാത്രമേ ഇ
ത്ര മർമ്മസ്പർശകമായ ദൈവികരഹസ്യങ്ങൾ അവിശ്വാസി
ക്കപ്പെടുകയുള്ളു.

വേറൊരവസരത്തിൽ ഒരു വൈദികനോടു പറ
ഞ്ഞതിപ്രകാരമാണു്. "പോരാ പോരാ, നമ്മുടെ ആശ
ഇത്ര പരിമിതമായിരിക്കരുതു്; ഒരു മനുഷ്യൻ എന്നനില
യ്ക്കു അച്ചൻ സംസാരിക്കുന്നു. ദൈവത്തിന്റെ പുത്രൻ
എന്ന നിലയിൽ അച്ചൻ ഈ സംഭവങ്ങളെ വീക്ഷിച്ചാ
ലും. ദൈവം സന്തുഷ്ടനായാൽ നമ്മുടെ പ്രവൃത്തികളുടെ
അന്ത്യം കരഗതമായില്ലേ. അവിടുന്നു ദൈവമല്ലേ, ന
മ്മുടെ വിജയം അവിടത്തേയ്ക്കു അനപേക്ഷണീയമോ?"

തന്റെ ആത്മരക്ഷയെ സുരക്ഷിതമാക്കുകയും, അ
ന്യരേയും ദൈവത്തിലേക്കു നയിക്കുകയുമായിരുന്ന കോൺ
റാഡ് സന്ന്യാസജീവിതംകൊണ്ടു ആശിച്ച പ്രധാന ല
ക്ഷ്യം. എന്നാൽ ക്ഷമ, പരസ്നേഹം, എളിമ മുതലായ
അനിവാര്യപുണ്യങ്ങൾ സന്ന്യാസത്തിന്റെ പുറംചട്ടമാ
ത്രം ധരിച്ച ഏതാനുംപേരിൽ കാണാതെ ആ സാധു അ
ന്ധാളിച്ചുപോയി ഇതോ സന്ന്യാസജീവിതം. ആത്മരക്ഷ
യേതേടി സന്ന്യാസത്തിന്റെ ഒളിപ്പന്തലിൽ മറപിടിച്ചിട്ടു്,
ഉപ്പിന്റെ ഉറകെട്ടത്തുടയകല്ലേ ഏതാനുംപേർ ചെയ്യുന്ന
തു്. അദ്ദേഹം വാവിട്ടകരഞ്ഞുപോയി, ഈ കൃത്യവിലോ
പം കണ്ടിട്ടു്. എങ്കിലും ഒരുത്തനേപോലുംവകസ്സാകയോ,
കുറ്റപ്പെടുത്തുകയോ, ദ്വേഷിക്കയോ അദ്ദേഹം ചെയ്തി
ല്ല. സന്ന്യാസത്തിലെ പടികാവൽക്കാരൻ എവിടെ, സ
ന്ന്യാസത്തിന്റെ ഭരണചക്രം തുഴഞ്ഞുന്ന ശ്രേഷ്ഠന്മാരെ
വിടെ. ഗന്ധവ്വസന്മാരിലോ ഗർദ്ദഭവീരോത്ഭവം? അദ്ദേ
ഹം മിണ്ടാടുകയും കാത്തു. ഈ അനാസ്ഥയുടെ പരിണാമം പ
രുത്തണേയെന്നു അദ്ദേഹം കണ്ണുനീരോടുകൂടി പ്രാർത്ഥിച്ചു.
ദാസരിൽ ദാസനായ അദ്ദേഹം ഇതിൽപരം എന്തുചെ
യ്യട്ടെ. മനുഷ്യദൃഷ്ടിയിൽ ഈ ദുരവസ്ഥയിൽനിന്നു മോചി
നം അസാദ്ധ്യമെന്നു തോന്നിപ്പോയി. എങ്കിലും അദ്ദേ
ഹം തീക്ഷ്ണമായ ശരണപ്രകരണത്താൽ മംഗളം നേ
ർന്നിരുന്നു.

ഒരു സാധുവിന്റെ വരണ്ട തൊണ്ട നനയ്ക്കുവാനായി കോൺറാഡ് അല്പം സൂപ്പു പാകപ്പെടുത്തുവാൻ പാചകശാലയിൽ എത്തി. ഒരു നവസന്ന്യാസിയായിരുന്ന പാചകശാലാസൂക്ഷിപ്പു്. അയാൾ ക്രുദ്ധനായി വൃദ്ധനായ കോൺറാഡിനെ വളരെ അധിക്ഷേപിക്കയും അദ്ദേഹത്തിന്റെ നരച്ച താടിയെ പലഭ്രഷ്ണത്താൽ ബഹുമാനിക്കാതിരിക്കയും ചെയ്തു. നമ്മുടെ സിദ്ധൻ നിശ്ശബ്ദനായി ഈ കൊടുങ്കാറ്റു ഏറ്റു സൂപ്പു തയ്യാറാക്കികൊണ്ടു മടങ്ങി. അതു ആ ഭിക്ഷുവിനു കൊടുത്തപ്പോൾ വേണ്ടത്ര സ്വാദില്ലെന്നുപറഞ്ഞുകോപിച്ചു, അയാൾ അതുനിലത്തെറിഞ്ഞുകളഞ്ഞു. കോൺറാഡ് ഉടനെവീണ്ടുംഅടുക്കളയിലേക്കുമടങ്ങിപോകുകയും കൂടുതൽനന്നായി സൂപ്പുണ്ടാക്കിതിരിച്ചുവന്നു. ഈ പ്രാവശ്യംകഠിനമായ വാക്കുശരങ്ങൾക്കുടതലായി ഏൽക്കേണ്ടിവന്നു. ഈ ശകാരവർഷം കോൺറാഡിനെ തെല്ലും ക്ഷുഭിതനാക്കിയില്ല. പ്രത്യുത എളിമയും ശാന്തതയും പഠിക്കേണ്ട ഒരു പാഠനക്കുകാരിയായി ഈ സന്ദർഭത്തെ രൂപാന്തരപ്പെടുത്തി. ഇപ്രകാരമുള്ള നിർഭയപെരുമാറ്റത്തിനു വിധേയനാകുമ്പോൾ കോൺറാഡു കൂടുതൽ വിളറുകയും അദ്ദേഹത്തിന്റെ കണ്ണു കവിഞ്ഞൊഴുകയും ചെയ്തിരുന്നു. തന്നോടു ചെയ്ത അനീതിയേക്കാൾ ദൈവത്തിനെതിരായി പാപംചെയ്യുന്ന മനുഷ്യന്റെ ദുർബലതയോർത്താണു് അദ്ദേഹം തുടങ്ങിയിരുന്നതു്.

അവിചാരിതമായി നമ്മെ വട്ടം ഇട്ടുന്ന വിപത്തുകളിൽ ആന്തരികപ്രശാന്തതയ്ക്കു ഹാനിവരുത്താതെ കഴിക്കുവാൻ നാം അവുന്നത്ര പ്രയത്നിക്കേണ്ടതാണു്. കോൺറാഡ് ഏതാട്ടശ സന്ദർഭത്തിൽ സഹായം തേടിയതെങ്ങനെയെന്നു അദ്ദേഹംതന്നെ പറയുന്നു. "ക്ലേശിതരൂപം ഒരിക്കൽ നമ്മുടെ വീക്ഷണത്തിനും വിചിന്തനത്തിനും വിധേയമായാൽ മാത്രംമതി ആന്തരികസമാധാനം വീണ്ടെടുക്കുവാൻ. ദൈവനാമത്തിൽ നാം സ്തുതിക്കണം. അപ്രകാരമെങ്കിൽ പിന്നെ അപജയത്തിനു സ്ഥാനമില്ല." ദൈവതിരുവുള്ളം നിവൃത്തിക്കയായിരുന്ന അദ്ദേഹത്തിന്റെ സ്വപ്രധാനമായ അന്ത്യം. അ

ദ്വേഹം എവിടേയും വിജയിച്ചു. ലോകം അ സാധുവി
ന്റെ നേരെ അകാരണമായി കണ്ണുരുട്ടി. എന്നാൽ കാൽ
വരിയിൽ നിബദ്ധമായിരുന്ന ആ നിഷ്കളങ്കന്റെ അ
ക്ഷികളിൽ ഇവരുടെ ബീഭത്സത എത്തുപെട്ടില്ല. ലോ
കം പരാജയമെന്നും ഭീരുത്വമെന്നും പെരുമ്പറകൊട്ടി
ക്കൊള്ളട്ടെ. അതിൽ ജ്ഞാനികൾക്കെന്തു്?

പാപത്തോടുള്ള വെറുപ്പാണു് കോൺറാഡിനെ സ
ദ്വൃത്തനാക്കിപ്പിച്ചിരുന്നതു്. ഒരു സന്ന്യാസിയോടു അ
ദ്ദേഹം ഒരിക്കൽ പറഞ്ഞു. "അങ്ങു പ്രാർത്ഥനാവേദിയിൽ
പ്രവേശിച്ചു സങ്കീർത്തനങ്ങൾ ആലപിക്കുമ്പോൾ, മനു
ഷ്യരുടെ കൃതഘ്നതയിൽ വേദനിക്കപ്പെടുന്ന ഈശോ
യെ സമാശ്വസിപ്പിക്കുവാൻ ആഗ്രഹിക്കണം." "നിന്ദ
കളും അപമാനങ്ങളും ഏറ്റു വിവശമായ ഈശോയുടെ
സ്നേഹഹൃദയത്തെ ആശ്വസിപ്പിക്കയായിരിക്കണംനിന്റെ
പ്രഥമലക്ഷ്യം." ഇപ്രകാരമാണു് അദ്ദേഹം തന്റെ
സഹോദരിക്കു് ഒരിക്കൽ എഴുതിയതു്.

അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ആരെങ്കിലും
ദൈവനിന്ദയ്ക്കു വിരുദ്ധമായ സംഭാഷണങ്ങൾ ഉന്ന
യിക്കുവാൻ ആരംഭിച്ചാൽ അന്യർ അറിയാതെ സംസാരം
ഭക്തിസംവർദ്ധകമാക്കാൻ കോൺറാഡിനു ഒരു പ്രത്യേ
കവാസനയുണ്ടായിരുന്നു. മൗനം മഹത്തുക്കളുടെ ഭൂഷ
ണമാണു്. കായ്ത്തിലും അകായ്ത്തിലും യാതൊരു പരി
ഗണനയും ക്രൂടാതെ ആത്മട്ടഹസിക്കുന്ന ആ വഷ്ളം അ
റിയാതെ തന്നെ പാപസാഹചര്യം സൃഷ്ടിക്കയാണു്. പ
രദൂഷണത്തിനുള്ള ഏറ്റവും എളുപ്പവഴിയാണു വൃർത്ഥസം
ഭാഷണം. കോൺറാഡു ഇതുധരിച്ചിരുന്നതുമൂലം എന്നും
തന്റെ മുണ്ടുകൾക്കു കരുത്തായ കാവലിട്ടിരുന്നു. ആവ
ശ്യത്തിനുമാത്രം സംസാരിക്കയെന്നതാണു് അദ്ദേഹത്തി
ന്റെ പതിവു്. ഒരാണ്ടിൽ നൂറുതവണയിൽ ക്രൂടുതൽ
സംസാരിച്ചിട്ടില്ലെന്നാണു പലരുടേയും സാക്ഷ്യം. അദ്ദേ
ഹം അത്രയും നിശിതമായി മൗനം കാത്തിരുന്നു. ഇതുമൂ
ലം പലവിചാരങ്ങളും പരീക്ഷകളും ഒഴിച്ചുവെയ്ക്കുവാൻ
അദ്ദേഹത്തിനു കഴിഞ്ഞു. ക്രൂടാതെ ഏകാന്തതയിൽ ത

ന്റെ ദിവ്യനാഥനുമായി സ്നേഹബന്ധം തുടർന്നുകൊണ്ടു പോകുവാൻ ഇതു സഹായകമായി കോൺറാഡു ഉചിത ജ്ഞനല്ലായിരുന്നു വെന്നു നാം ധരിക്കരുതു്. അവശ്യവും അനാവശ്യവും തിരിച്ചറയാതെ നിയമം കാക്കുന്നവനെന്നുള്ള വ്യാജേന മനുഷ്യത്വം ഉള്ളാതെ ഉറഞ്ഞിക്കുന്ന ചിലനാരായങ്ങൾ ഉണ്ടു്. ആ കൂട്ടത്തിൽ നമ്മുടെ സിദ്ധനെ എണ്ണുവാവതല്ല. ആരെങ്കിലും സമയം പോക്കാനായി സംഭാഷണം ആരംഭിച്ചാൽ ചുരുക്കിയതും കായ്മാര്യവുമായ മറുപടിയാൽ അവരെതുപുരാക്കിയിരുന്നു. സമയംകൊല്ലികളായ വല്ലവരും വെടിപറയുവാൻ ക്ഷണിയാൽ അവരെ വിരസപ്പെടുത്താതെ പറഞ്ഞുവിടാനുള്ള ചില വിദ്യകൾ അദ്ദേഹത്തിനുണ്ടു്. "അയ്യോ, ക്ഷമിക്കണേ, എനിക്കു ചില്ലറജോലി ചെയ്യുതീർക്കുവാനുണ്ടു്." അല്ലെങ്കിൽ "എന്റെ പ്രാർത്ഥന ചൊല്ലിതീർത്തിട്ടില്ല." അപ്രകാരമുള്ള സത്യവിരുദ്ധങ്ങളല്ലാത്ത പ്രസ്താവനയാൽ അദ്ദേഹം ആ സംഭാഷണത്തിൽനിന്നു ഒഴിഞ്ഞിരുന്നു. കായ്മശാൽ സ്ത്രീകളുമായി സംസർഗ്ഗം ചെയ്യുവാൻ ഉടയായാൽ അദ്ദേഹം വളരെ സൂക്ഷ്മത്തോടെ പെരുമാറിയിരുന്നു. അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്യുവാനായി നടപടി ആരംഭിച്ചപ്പോൾ ലഭിച്ച ഏതാനും സ്ത്രീകളുടെ സാക്ഷ്യം ഉദ്ധരിക്കാവതാണു്. പല അവസരങ്ങളിലും കോൺറാഡിൽനിന്നു ദാനങ്ങളും ഉപദേശങ്ങളും സ്വീകരിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ കണ്ണിന്റെ നിറം എന്തെന്നു അവർ കണ്ടിട്ടില്ലെന്നായിരുന്നു അവർ പറഞ്ഞതു്. അവരോടു കരുണയായി പെരുമാറിയെങ്കിലും അദ്ദേഹം അവരെ ഘോരസർപ്പംപോലെ അകറ്റിനിർത്തിയിരുന്നു. വെടിമരുന്നും തീയുംകൊണ്ടു പെരുമാറി ശീലിച്ചവർക്കേ കോൺറാഡിന്റെ ജാഗ്രതയുടെ ഉഗ്രത അറിവാൻ സാധിക്കയുള്ളു.

അനുസരണയാണു കോൺറാഡിന്റെ പ്രൊതു നിധി. പടിപ്പുരയിൽ മണിമുഴങ്ങിയാൽ ഉടനെ മാജരായി വിവരം ഗ്രഹിക്കുവാൻ കോൺറാഡു തത്രപ്പെട്ടിരുന്നു പലപ്പോഴും അദ്ദേഹത്തെ അലട്ടുവാനായി മാത്രം ദുർബു

ഭികൾ പടിപ്പുരയിൽ എത്തിക്കൂടിയിരുന്നു. വൈദിക സഹായം അർത്ഥിച്ചു അവർ പടിപ്പുരയിൽ മുട്ടുന്നു. അദ്ദേഹം ഒരുത്തനെ അന്വേഷിച്ചുപോകുമ്പോൾ വേറൊരുത്തൻ അടുക്കുന്നു. സംഗതി അറിവാൻ തിരിച്ചു വരുമ്പോൾ അവർ അത്തട്ടഹസിക്കുന്നു. ക്ഷമയുടെ അടിത്തട്ട അറുപോകുന്ന സന്ദർഭങ്ങൾ!! ഒരു സന്യാസി ഈദൃശ പരീക്ഷണങ്ങളെ ശാന്തമായി വീക്ഷിക്കുവാൻ വേണ്ടും ആത്മസംയമനം ലഭിച്ചിട്ടുള്ളവനായിരിക്കണം. ഈ വികൃതിത്തരം ചിലപ്പോൾ പത്തും ഇരുപതും പ്രാവശ്യം ആവർത്തിക്കപ്പെട്ടിട്ടുണ്ട്. എന്നാലും ഘണ്ടനാദം ശ്രവിച്ചാൽ പടിപ്പുരത്തുറന്നു വിവരം അന്വേഷിക്കാതെ അദ്ദേഹം ഒരിക്കലും ഇരുന്നിട്ടില്ല. അതാണല്ലോ, അധികാരികൾ ഏൽപ്പിച്ച കടമ. അതിൽ വേറെ പരിചിന്തനത്തിനു സ്ഥാനമില്ല. അദ്ദേഹത്തിന്റെ അനുസരണ അന്ധമായിരുന്നു. യാതൊരുത്തനും രണ്ടുയജമാനന്മാരെ സേവിക്കുവാൻ കഴികയില്ലല്ലോ. ഒരു സന്യാസസഭയിൽ പല യജമാനന്മാരെ, ഒരു തുണസഹോദരന്റെ സ്ഥാനത്തിലുള്ളവർക്കു പ്രീതിപ്പെടുത്തേണ്ട പരിതസ്ഥിതികളാണുള്ളത്. പ്രത്യേകമായി സഹോദരൻ നിസ്സംഗനാണെന്നു കണ്ടാൽ അവന്റെ ശ്രേഷ്ഠന്മാരുടെ എണ്ണം പ്രതിദിനം വർദ്ധിക്കുണതാണ്. കോൺറാഡിനും ഈ വൈഷമ്യം നേരിട്ടിട്ടുണ്ട്. ഒരുത്തന്റെ ആജ്ഞ അനുസരിക്കുമ്പോൾ വേറൊരുത്തൻ വേറൊന്നു ചെയ്യുവാൻ ആജ്ഞാപിക്കുയായി. അതനുസരിക്കുമ്പോൾ ഒന്നാമൻ കുതിരകയറുവാൻ എത്തിക്കുമിയും. ഈവിധം അകാരണമായി ഈ സാധുസഹോദരൻ പല അവസരങ്ങളിലും ക്രൂരാരഹിതമായ ഭത്സനങ്ങൾക്കു വിധേയനായിട്ടുണ്ട്. ഒരിക്കൽ പോലും തന്റെ പ്രവൃത്തിയെ സാധൂകരിപ്പാനും ഇവരുടെ ശകാരത്തിൽനിന്നു മുക്തിനേടാനും ആ വിനീതൻ ശ്രമിച്ചിട്ടില്ല. നമ്മുടെ സന്യാസമന്ദിരങ്ങളിലും ഈദൃശ വൈഷമ്യമേറു പല സാധുസഹോദരരും എരിപൊരി കൊള്ളുന്നില്ലേയെന്നു ആലോചിക്കുന്നതു നന്നായിരിക്കും.

കോൺറോഡിന്റെ വയസ്സുകാലത്തു അദ്ദേഹത്തിന്റെ വൃദ്ധശിരസ്സിനെ ബഹുമാനിച്ചു ഒരു ചെറിയ തൊപ്പിധരിച്ചുകൊള്ളുവാൻ പ്രോവിൻഷ്യാൾ അച്ചൻ അനുവാദം നല്കി; അല്ല ആജ്ഞാപിച്ചു. എന്നാൽ സഭാശ്രേഷ്ഠൻ പ്രൊവിൻഷ്യാളിന്റെ ആജ്ഞ അറിയാതെ തൊപ്പി ധരിച്ചതിനു കോൺറാഡിനെ വേണ്ടതു ശകാരിക്കയും തൊപ്പി മാറ്റിക്കളയുവാൻ ആജ്ഞാപിക്കയും ചെയ്തു. അതും നിവർത്തിതമായി. എന്നാൽ തന്റെ ഉത്തരവിനെ വിഗണിച്ചെന്ന കുറ്റം ചാർത്തി പ്രോവിൻഷ്യാൾ അടുത്ത അവസരത്തിൽ കോൺറാഡിന്റെമേൽ പടേണി തുള്ളുവാൻ തുടങ്ങി. വിശുദ്ധൻ ഇതുമാത്രമേ അതിനു മറുപടിപറഞ്ഞുള്ളു. "ശ്രേഷ്ഠനച്ചനു അതു പിടിച്ചില്ല. അതുകൊണ്ടു ഞാനതു മാറ്റിക്കളഞ്ഞു." ഇനിയും രണ്ടു സന്ദർഭങ്ങൾ കോൺറാഡിന്റെ അനുസരണയ്ക്കു കടോദാഹരണമായിട്ടുണ്ട്.

തീർത്ഥകർക്കു അപ്പവും വീഞ്ഞും കൊടുക്കുക അവിടത്തെ ഒരു പതിവായിരുന്നു. ഒരവസരത്തിൽ തീർത്ഥകരുടെ പെരുപ്പംകൊണ്ടു ഒന്നും അവർക്കു വിതരണം ചെയ്യേണ്ടായെന്നു ആശ്രമശ്രേഷ്ഠൻ, കല്പിച്ചു. അവർ പതിവുപോലെ പ്രാതലിനു ആശ്രമകവാടത്തിൽ കൊട്ടിത്തുടങ്ങി, ഒന്നും ലഭിക്കുന്നില്ലെന്നു കണ്ടപ്പോൾ അവർ കുപിതരായി, സാധുവായ ദ്വാരപാലകനോടുകയർക്കുവാൻ തുടങ്ങി. പലേ കൊല്ലങ്ങളായി നടപ്പിലിരിക്കുന്ന ഈ പുരാചാരത്തെ വിഗണിക്കരുതെന്നു അദ്ദേഹം ശ്രേഷ്ഠനോടു മുട്ടിപ്പായി അപേക്ഷിച്ചു. എന്നാൽ അദ്ദേഹം തീർത്ഥകരുടെ മുറവിളികൾ കേൾക്കാതിരിപ്പാനായി വിദൂരത്തിലേയ്ക്കു കടന്നുകളകയാണുണ്ടായതു്. സാധുവായ സന്യാസി അവരുടെ വിദ്വേഷത്തിനു പാത്രമായി; തല്ലുകൊള്ളാൻ ചെണ്ടയും പണം മാറാനുമല്ലേ.

ഒരിക്കൽ ന്യായാസനസമക്ഷം (സമാധാനം പറയുന്നതിനായി അദ്ദേഹം വിളിക്കപ്പെട്ടു. അനുവാദംക്രൂടാതെ പച്ചമരുന്നുകൾ വിതരണം ചെയ്തുയിരുന്നു അദ്ദേഹത്തിൽ ആരോപിതമായ കുറ്റം. കപ്പേളയിൽ നേർച്ചവ

ന്ന കുറേ പച്ചമരുന്നുകൾ വിതരണം ചെയ്യുവാൻ കോ ൺറാഡ് നിയോഗിതനായി. ആ കൃത്യത്തിൽനിന്നു വി രമിക്കുവാൻ ന്യായാധിപൻ ആജ്ഞാപിച്ചു. അതിനുള്ള നിഷ്കളങ്കമായ മറുപടി ഇപ്രകാരമായിരുന്നു. "ഞാൻ ഒരിക്കലും മേലധികാരികളുടെ ആജ്ഞ അനുസരിക്കാതി രുന്നിട്ടില്ല. ഇനിയും അവർ ആജ്ഞാപിക്കുന്നതു നിവൃത്തി ക്കുവാൻ ഞാൻ തയ്യാറാണ്. അതുമൂലംവരുന്ന വിഷമത കൾ ഞാൻ സന്തോഷത്തോടെ സഹിക്കും."

അദ്ദേഹത്തിനു പ്രിയമുള്ള ചില ഉപദേശങ്ങൾ ഇ ങ്ങനെയാണ്. "ശ്രേഷ്ഠന്റെ ആജ്ഞകൾ അക്ഷരശ: നിവൃത്തിക്കണം. നമ്മുടെ അഭിപ്രായം അദ്ദേഹത്തെക്കൊ ണ്ടു സ്വീകരിപ്പിക്കുന്നതിനു ഇടയാക്കരുതു്. അവരോടു ആലോചിക്കാതെ ഒരു കൃത്യത്തിലും തലയിടരുതു്. നമ്മെ നിയന്ത്രിക്കുന്ന വിഷയത്തിൽ അവർ സ്വതന്ത്രരായിരിക്ക ണം. നമ്മെപ്രതി മൂന്നു ആണികളിന്മേൽ തൂങ്ങിമരിച്ച ക്രിസ്തുനാഥനെപ്രതി, മൂന്നു വ്രതവാഗ്ദാനങ്ങളിൽ ഒരു സ ന്യാസിയും തന്നെ ഹോമബലിചെയ്യണം." അസ്സീസിയി ലെ വി. ഫ്രാൻസീസിനെ അനുകരിച്ചുകൊണ്ടു കോൺ റാഡും പരസ്നേഹകൃത്യങ്ങളിൽ സദ്വ്യാപൃതനായി രുന്നു. അന്യനെ സേവിക്കണമെങ്കിൽ ദാരിദ്ര്യം അനു പേക്ഷണീയമാണ്. ധനികർ സേവിക്കപ്പെടുവാനേ ആ ഗ്രഹിക്കയുള്ളൂ. എളിമയും ദാരിദ്ര്യവും കാംക്ഷിക്കുന്നവരുടെ പ്ര ധാന ഗുണമാണു സേവനം.

തന്നിലും അശക്തരിലും ദാരിദ്ര്യത്തെ കോൺറാ ഡ് ആഗ്രഹിച്ചു. സുഭിക്ഷതയിൽനിന്നു സന്ന്യാസത്തി ലേയ്ക്കു കോൺറാഡിനെ ആകർഷിച്ചതും ദാരിദ്ര്യമാണ്. അന്യരുടെ മുമ്പിൽ ഒരു കീഴ്ത്തുണിക്കായി കൈ മലർത്തു വാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച പുണ്യവും ഇതുതന്നെ. ഭിക്ഷുവായ തനിക്കു വിലയുള്ളതു വല്ലതും, സുമനസ്സുകൾ തന്നാൽ അദ്ദേഹം അതു ഒരിക്കലും സ്വീകരിച്ചിരുന്നില്ല. ധനത്തോടുള്ള വിപ്രതിപത്തി അദ്ദേഹത്തിൽ അത്രക ണ്ടു കൊടിമൂത്തിരുന്നു. അന്യരുടെ കൈയിൽനിന്നു ല ഭിച്ച ഭിക്ഷ അദ്ദേഹം ഇതരർക്കായി വീതിച്ചുകൊടുത്തിരു

ന്നു. എന്നാൽ ആശ്രമശ്രേഷ്ഠന്റെ ദൃഷ്ടിയിൽപ്പെട്ടതാ തെ ഈ സ്വതന്ത്രകൃത്യത്തിനു കോൺറാഡ് ധൈര്യപ്പെ ട്ടില്ല.

ഏതെങ്കിലും സ്തുതിവാക്കുകളാൽ അളവറ്റതിനു കൃ തജ്ഞത ഓതുന്നവരോട് കോൺറാഡിനു ഒരു വാക്കുണ്ട്. "കഷ്ടം, കഷ്ടം: ഞാൻ വിചാരിച്ചു താൻ കുറേക്കൂടി ബു ദ്ധിമാനാണെന്ന്." ഇപ്രകാരം ആ സ്തുതിപാഠകന്റെ വാ മൂടിക്കെട്ടുവാൻ കോൺറാഡിനു കഴിഞ്ഞു. പക്ഷേ ശ്രേ ഷ്ഠന്മാർ ആരെങ്കിലും വല്ല ബഹുമാനമോ, പരിഗണന യോ കാണിച്ചാൽ സാധു കോൺറാഡ് ഇതികർത്തവ്യതാ മൂഢനായിപ്പോകും. ക്രിസ്തുവിനെപ്രതിയാണ് അളവറ്റ സാധുക്കളെ സ്നേഹിച്ചിരുന്നതു്. അവരുടെ എത്രതന്നെ അധ്വഷ്യമായ നടപടിയിലും കുപിതനാകാതെ സസ്നേഹ ത്തോടെ അവരുടെ കുറവുകൾ വിസ്മരിച്ചിരുന്നു. നിര ക്ഷരകുക്ഷികളും അസംസ്കൃതചരിതസ്ഥിതിയിൽ ജീവി ക്കുന്നവരുമായ അവരിൽനിന്നു ഉണ്ടാകുന്ന അപമര്യാദ കൾ ഗണനീയങ്ങളല്ലെന്നാണു കോൺറാഡിന്റെ വാദഗ തി. സാധുക്കളുടെ പിതാവെന്നാണു അളവറ്റവൻ അയൽ സ്ഥലങ്ങളിൽ അറിയപ്പെട്ടിരുന്നതു്. അവർക്കു കഴിവുള്ള സഹായങ്ങൾ നല്കാതെ, അവരെ വെറുംകൈയോടെ പറഞ്ഞുവിടാൻ കോൺറാഡിനു സാധിക്കയില്ല.

വി. അന്നായുടെ ആശ്രമത്തിലെ ശ്രേഷ്ഠന്മാർ കോ ൺറാഡിന്റെ ദാനകൃത്യങ്ങൾ കാണെക്കാണെയായിരുന്നു. അ ളവറ്റവൻ സാധുക്കൾക്കു വിതരണം ചെയ്യുന്നതിൽ പലമട ങ്ങു ഉടനെതന്നെ ആശ്രമത്തിൽ ധർമ്മമായി എത്തിച്ചേരു മെന്നു എല്ലാവർക്കും വിശ്വാസമുണ്ടായിരുന്നു. തന്മൂലം കടിഞ്ഞാണിട്ട കോൺറാഡിനെ നിയന്ത്രിക്കുവാൻ അ വശ്യം ഉണ്ടായില്ല. ഇതോടെ കോൺറാഡു തന്റെ അ പ്പുക്കട വാരിനിറച്ചു ലോകത്തെ ദാനം ചെയ്യു സംതൃപ്തനായി. നല്ല പാതിരാത്രിതന്നെ അളവറ്റവൻ തന്റെ കനിവിന്റെ തുള്ളികൾ പതിക്കുന്നതിൽ നിഷ്കർഷിച്ചിരുന്നു. സന്ന്യാസികളുടെ ഭക്ഷണം കഴിഞ്ഞു മിച്ചംവ രുന്നതു ഉടനേ കോൺറാഡ് സാധുക്കൾക്കായി പകുത്തു

കൊടുത്തിരുന്നു. ചില അവസരങ്ങളിൽ പാചകനുമായി ചില വനകുസമരങ്ങൾക്കും ഇതു ഇടനൽകിയിട്ടുണ്ട്. സമയത്തു വാജരില്ലാത്ത വല്ല സന്ദർഭങ്ങളെയും കരുതി, അടുക്കളവിചാരിപ്പു ചില ഭക്ഷണസാധനങ്ങൾ മാറി വെയ്ക്കാറുണ്ടായിരുന്നു. കോൺറാഡിന്റെ കണ്ണിൽപെട്ടാൽ അതും സാധുകളുടെ ഓട്ടുകിണ്ണത്തിൽ പതിയും. അതിനു വഴക്കു പറഞ്ഞ പാചകനോടു കോൺറാഡിന്റെ സമാധാനം ഇതാണ്. "ഈ അടുക്കളയിൽനിന്നു പുറത്തേക്കു പോകുന്ന ഭക്ഷണസാധനങ്ങളാണു വല മടങ്ങു ഭാരത്തോടെ തിരിച്ചുവിടുന്നു ഇവിടെ എത്തുന്നതു്."

ആശ്രമത്തിലേക്കുള്ള ധർമ്മക്രമാതീതമായി വർദ്ധിച്ചു. അദ്ദേഹത്തിന്റെ കൈവശം എത്തിച്ചേരുന്നതിൽ കൂടുതൽ അപ്പം അദ്ദേഹം ചിലപ്പോൾ ദാനംചെയ്യുകയുണ്ടായിട്ടുണ്ട്. കോൺറാഡിന്റെ അപ്പുക്കൂടയിൽ അത്ഭുതകരമായി അപ്പംവർദ്ധിക്കുന്നതാണിതിന്റെ രഹസ്യം. രോഗികൾക്കോ, അവരുടെ ആവശ്യത്തിനായി അർത്ഥിക്കുന്നവർക്കോ കോൺറാഡ സ്വന്തം ഭക്ഷണംതന്നെ ദാനം ചെയ്തിരുന്നു. ഭക്ഷണസാധനം നിരുപയോഗപ്പെടുത്തുന്നതു അദ്ദേഹത്തിനു അസഹനീയമാണ്. ഒരിക്കൽബോമ്മയിൽ മൂന്നപ്പം മുട്ടുവാൻവെച്ചതിനുശേഷം പാചകൻ കായ്ചശ്രദ്ധിച്ചുപോയി. അധികസമയത്തിനുള്ളിൽ അപ്പം പാകംതെറ്റി കരിഞ്ഞുപോയി. കോൺറാഡ് ആ സന്യാസിക്കു ശരിയായ താക്കീതുകൊടുത്തു.' "നമ്മുടെ ഗുണകാംക്ഷികളിൽനിന്നു കിട്ടുന്ന ധർമ്മം ഭക്തിയോടെ കൈക്കൊയ്യും ചെയ്യേണ്ടതാണ്. കാരണം, അതു ദൈവത്തിന്റെ കരങ്ങളിൽനിന്നുതന്നെയാണ്. നമുക്കു ലഭിക്കുന്നതു്. ഏറ്റവും സൂക്ഷത്തോടെവേണം അതുകൊണ്ടു പെരുമാറുവാൻ."

മനുഷ്യൻ അപ്പവും വെള്ളവുംകൊണ്ടു മാത്രമല്ല ഉപജീവിക്കുന്നതു്, പ്രത്യുത നിത്യ ദൈവത്തിന്റെ ഓരോ വചനവും കൊണ്ടാണ്. കോൺറാഡ് സാധുക്കൾക്കു അഴിഞ്ഞുപോകുന്ന അപ്പം നല്കിയതുകൊണ്ടു മാത്രം തൃപ്തനായില്ല. അവരെ ദൈവത്തിലേക്കാകർഷിക്കു

ന്ന വചനങ്ങളാലും, സാരോപദേശങ്ങളാലും, പരസ്യേ
ഹപ്രകടനങ്ങളാലും അവർ ക്രൂരതൽ ക്രൂരതൽ ദൈവാ
രൂപിയിൽ ജീവിക്കുന്നതിനു അദ്ദേഹം ഉത്തേജനം നല്കി.

സാധുക്കൾ സുവിശേഷമതകളിലും കോൺറാഡി
നേയാണ് ശരണം ഗമിച്ചിരുന്നത്. അദ്ദേഹത്തിന്റെ
മരണശേഷവും ഈ നടപടി അവസാനിച്ചില്ല. അദ്ദേ
ഹത്തിന്റെ ശവക്കല്ലറയിൽ എത്തി, അവർതങ്ങളുടെ
ശാരീരികവും ആധ്യാത്മികവുമായ ആവശ്യങ്ങളെ ഏറ്റു
പറഞ്ഞിരുന്നു. അതിന്റെ ഫലസിദ്ധിയിൽ അവർ പരി
പൂർണ്ണവിശ്വാസികളുമായിരുന്നു. അവരെ ശാന്തപ്പെടുത്തു
ന്ന ഒരു പ്രയോഗം കോൺറാഡിനുണ്ട്. "സമാധാന
ത്തിൽ മടങ്ങിപോകുക; ദൈവനാമത്തിൽ പോകുക.
കുരിശുകൂടാത്ത ലോകജീവിതം ഇല്ല. ജീവിതം ക്ലേശ
ഭൂയിഷ്ഠമാണ്. ധൈര്യമായിരുന്നാലും!" കുഴിമാടത്തുങ്കൽ
പ്രാർത്ഥനാനിരതരായിരിക്കുമ്പോഴും ഈ ആശ്വാസ നി
സ്വനം പ്രതിധ്വനിക്കുന്നതായി അവർക്കു തോന്നാറുണ്ട്.
അപഥസഞ്ചരണം ചെയ്യുന്നവർ പ്രത്യാഗമിക്കുന്നതി
നായി പ്രാർത്ഥിക്കുന്നവർ ഒരിക്കലും നിരാശയ്ക്കു വിധേയ
രായിട്ടില്ലെന്നാണ് കോൺറാഡിന്റെ ഭക്തസംഘത്തി
ലെ പലരുടേയും സാക്ഷ്യം. ഒരിക്കൽ ഒരു ഭക്തയായ യു
വതി ദുർവ്വഹമായ ദുഃഖഭാരത്തോടെ കോൺറാഡിനെ
സമീപിച്ചു, അവളുടെ മാതാപിതാക്കൾ സത്യസഭ വിട്ടു
പോയവിവരം അറിയിച്ചു. അദ്ദേഹം അവളോടു ഒരു
പ്രാർത്ഥന ചൊല്ലുവാൻ ഉപദേശിച്ചു. ക്രിസ്തുവിന്റെ പ
ഞ്ചക്ഷതങ്ങളെ അനുസ്മരിച്ചു ഓരോ ആകാശങ്ങളിലിരി
ക്കുന്ന ജപവും അവിടത്തെ തിരുത്തോളിന്റെ സ്തുതിക്കാ
യി ഒരാകാശങ്ങളിലിരിക്കുന്ന ജപവും ജപിക്കുവാൻ അ
ദ്ദേഹം ആവശ്യപ്പെട്ടു. ഏതാനും ദിവസങ്ങൾക്കുള്ളിൽ
ആ ധൂർത്തപുത്രൻ പിതൃഗൃഹത്തിലേയ്ക്കു പിന്തിരിഞ്ഞു.

മനുഷ്യ ഹൃദയങ്ങളെ അവധാരണം ചെയ്യുവാനു
ള്ള ഒരു ശക്തി ദൈവം കോൺറാഡിനു നല്കിയിരു
ന്നു. തൻമൂലം ഒറവാക്കാൽ ദുഃഖിതരെ ആശ്വസിപ്പിക്കു
വാൻ കോൺറാഡിനു കഴിഞ്ഞു. സംശയങ്ങൾക്കും നി

രാശകൾക്കും വശംവദരായ പലർക്കും കോൺറാഡ് ആശ്വാസവും പ്രത്യാശയും നല്കിയിട്ടുണ്ട്.

ആത്മാക്കളുടെ രക്ഷയെപ്രതി കോൺറാഡിനുള്ള തീക്ഷ്ണത അസാമാന്യമായിരുന്നു. ഒരിക്കൽ ഒരു വൈദികനെ വിളിച്ചു അദ്ദേഹത്തിന്റെ സഹായം അത്യാവശ്യമായിരുന്ന ഒരു രോഗിയുടെ മേൽവിലാസം കോൺറാഡ് നല്കി. വൈദികൻ രോഗിയെ അന്വേഷിച്ചു നിർദ്ദേശിക്കപ്പെട്ട സ്ഥലത്തെത്തി. അവിടെ ഒരു രോഗിയുണ്ടായിരുന്നു. എന്നാൽ അയാൾ കഠിനരോഗത്താൽ പീഡിതനോ ക്ലേശകൾ അവശ്യപ്പെട്ടവനോ ആയിരുന്നില്ല. എങ്കിലും ഒരു വൈദികനെ കണ്ടെത്തിയസ്ഥിതിക്ക് അയാൾ പാപസങ്കീർത്തനം കഴിക്കയും തിരുപ്പാഥേയം സ്വീകരിക്കയും ചെയ്തു. വൈദികൻ ക്ലേശകൾ നല്കിക്കൊണ്ടിരുന്നപ്പോൾ തന്നെ രോഗം മൂർദ്ധന്യാവസ്ഥയിൽ എത്തുകയും, വിനാവിളംബം രോഗി മരിക്കയും ചെയ്തു. ഈ സംഗതിയെപ്പറ്റി ആ വൈദികൻ കോൺറാഡിനോട് വിവരം ചോദിച്ചെങ്കിലും, എളിമയുടെ നിധിയായ ആ സന്ന്യാസി ദൈവം തന്നിൽ പ്രവർത്തിച്ച അത്ഭുതത്തെ ഗോപനം ചെയ്യുവാനായി മൗനം അവലംബിക്കയാണുണ്ടായത്.

സന്ന്യാസസഭയിലെ സഹജീവികളോടും അത്യന്തം സ്നേഹത്തോടെയാണ് കോൺറാഡ് പെരുമാറിയിരുന്നത്. അവർക്ക് അപ്രീതി ജനകമായ സംഗതിൽനിന്നും കോൺറാഡ് ഒഴിഞ്ഞിരുന്നെന്നു മാത്രമല്ല, കഴിവുള്ള സഹായങ്ങൾകൊണ്ടു അവരുടെ ഭാരമെയ്മയെ പരിഹരിച്ചുമിരുന്നു. പള്ളിസൂക്ഷിപ്പുകാരന്റെ ജോലി വളരെക്കാലം കോൺറാഡ് നിർവ്വഹിച്ചിരുന്നു. അന്യരുടെ തെറ്റുതിരുത്തുകയും, അവരെ കുറ്റപ്പെടുത്തുകയും ചെയ്യേണ്ട സന്ദർഭങ്ങൾ ആവിർഭവിക്കുമ്പോൾ അതു ഫലപ്രദമായി വിനിയോഗിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. തന്റെ സഹോദരർ അതിൽ സന്തോഷം കൊള്ളത്തക്കരീതിയിലാണ് ഈ അസുഖദമായ കൃത്യം അദ്ദേഹം നിർവ്വഹിച്ചതു.

ഒരിക്കൽ രണ്ടു സന്യാസികൾ ഏതോ ലക്ഷ്യമായ സംഗതിയിൽ അഭിപ്രായ സംഘട്ടനമുണ്ടാക്കി, ഏതാണ്ടു അക്ഷമരായി സംസാരിക്കുന്നതു കേട്ട കോൺറോഡ് പറഞ്ഞു. "ഒരുപക്ഷേ നിങ്ങൾ രണ്ടുപേരും തെറ്റുകാരായിരിക്കാം. അങ്ങനെയാണെങ്കിൽ നമ്മുടെ സന്യാസത്തിന്റെ ഗൗരവം പാലിക്കാതെ ഈ നിസ്സാര കാര്യത്തിൽ ക്ഷോഭിച്ചതു അന്ധാനത്തായി പോകയില്ലേ?"

അകാരണമായി താൻ ശിക്ഷിക്കപ്പെട്ട എന്നുകരുതി അസംതൃപ്തനായി കഴിഞ്ഞിരുന്ന ഒരു സന്യാസിയെ കോൺറാഡ് കണ്ടുമുട്ടി. "എന്തുലജ്ജാവഹമായ മനഃസ്ഥിതിയാണു സഹോദരന്റേതു്. കഷ്ടം! ഉടനേപോയി ശ്രേഷ്ഠന്റെ കൈമുത്തി കുറ്റം ഏറ്റുപറഞ്ഞാലും!" ഇപ്രകാരമാണു കോൺറാഡ് അദ്ദേഹത്തെ ശാസിച്ചതു്.

കോൺറാഡിനു ഹൃദയരഹസ്യങ്ങൾ വായിക്കാൻ കഴിവുണ്ടെന്നുള്ള വസ്തുത ഏതാണ്ടു പരസ്യമായപ്പോൾ മന്ദഭാഗ്യരായ സന്യാസികൾ അദ്ദേഹത്തിന്റെ സാമീപ്യം മനസാ വിട്ടകന്നിരുന്നു. ചില അവസരങ്ങളിൽ കോൺറാഡിന്റെ ഒരുനോട്ടം പാപിയെ അനുതപിപ്പിക്കുവാൻ ശക്തങ്ങളായിഭവിച്ചു.

ഒരിക്കൽ ഒരു യുവാവു് പാപസങ്കീർത്തനത്തിനു അണഞ്ഞുകൊണ്ടു കണ്ണുനീരോടെ താൻ ഒരു മഹാ പാപിയാണെന്നു ഏറ്റുപറഞ്ഞു. "ആരാണു തന്നോടു അപ്രകാരം പറഞ്ഞുതന്നതു്?" വൈദീകൻ ചോദിച്ചു. "ഞാൻ പടികടന്നപ്പോൾ, പടിപ്പുര സൂക്ഷിക്കുന്ന സന്യാസി എന്നെ നിശിതമായി നോക്കുന്നതുകണ്ടു്. ആ നോട്ടത്തിൽ വെച്ചു എന്റെ പാപഭാരത്തിന്റെ വലിപ്പം ഞാൻ മനസ്സിലാക്കി."

വേറൊരുത്തൻ പറഞ്ഞതിപ്രകാരമാണു്. "മുപ്പതു കൊല്ലത്തിനുമുമ്പു കോൺറാഡ് എന്നെ ഒരിക്കൽ തുറിച്ചുനോക്കിയിട്ടുണ്ടു്. ആ നോട്ടം ഇന്നും എന്റെ കൺമുമ്പിൽ സജീവമായി നില്ക്കുന്നു. അന്നുമുതൽക്കാണു ഞാൻ എന്റെ പാപവഴികളെ വിട്ടകന്നു ജീവിക്കുവാൻ തുടങ്ങിയതു്."

ഒരിക്കൽ മൂന്നു പെൺകുട്ടികൾ പള്ളിയിലെത്തി. അതിലൊരുത്തി അടക്കത്തിനു യോജിക്കാത്ത ഉടുപ്പുകൾ ധരിച്ചിരുന്നു. കോൺറാഡ് അവളെ സമീപിച്ചുകൊണ്ടു പറഞ്ഞു. "നിന്റെ ഉടുപ്പിനുവേണ്ടത്ര അടക്കമില്ല. ഒരു കന്യാസ്ത്രീയ്ക്കു യോജിച്ചതല്ല ഈ വേഷം."

"ഞാൻ ഒരു കന്യാസ്ത്രീയോ? ഒരിക്കലുമില്ല. പക്ഷെ ഇവരിൽ ആരെങ്കിലും കന്യാസ്ത്രീയായേക്കാം. ഞാൻ ആകയില്ല. നിശ്ചയം."

"അവരല്ല; നീതന്നെ; നീ ഒരു കന്യാസ്ത്രീയാകും" ഈ ദീർഘദർശനം കാലക്രമത്തിൽ പുത്തിയായി.

വെറും കൊച്ചുകുട്ടി ആയിരുന്ന കാലംമുതൽ ആശ്രമഗോപുരത്തിൽ ധർമ്മത്തിനു വന്നിരുന്ന ഒരു പെൺകുട്ടിയുണ്ടായിരുന്നു. പലരും ഭിക്ഷയ്ക്കായി വന്നിരുന്നെങ്കിലും ഈ കുട്ടി കോൺറാഡിന്റെ പ്രത്യേക പരിഗണനയ്ക്കു വിഷയമായി, വെറും ആറുവയസ്സുള്ളപ്പോൾ അവളുടെ മാതാപിതാക്കൾ അറിയാതെ ഇവൾ വി. കുർബാന സ്വീകരിക്കയുണ്ടായി. അവളുടെ കണ്ണിനുവന്ന ഒരു രോഗശമനത്തിനായി ആശ്രമത്തിൽവന്നു ആശീർവ്വാദം വാങ്ങുവാനേ അവളുടെ അമ്മ നിർദ്ദേശിച്ചിരുന്നുള്ളു. ഇതറിഞ്ഞ അവളുടെ അമ്മ പരിഭ്രമിച്ചു ആശ്രമത്തിൽവന്നു വിവരം അറിയിച്ചു. ബ്ര. കോൺറാഡ് അവരെ സമാധാനപ്പെടുത്തി. "ഒരു പ്രത്യേകാനുഗ്രഹത്താൽ ദൈവം അവളെ വി. കുർബാന സ്വീകരിപ്പാൻ ക്ഷണിച്ചതുമൂലമാണു അവൾ അപ്രകാരം ചെയ്തത്. അതിനു ദൈവത്തെ സ്തുതിക്കയാണവേണ്ടതു്." തദനന്തരം ഈ കുട്ടിയുടെമേൽ ഒരു പ്രത്യേക ദൃഷ്ടി കോൺറാഡിനുണ്ടായിരുന്നു. അവൾ പ്രായമായതിനോടുകൂടി അവളുടെ ജീവിതവും വേഷവും ആശാസ്യമല്ലാതായി. ഒരിക്കൽ അവൾ പതിവുപോലെ ധർമ്മത്തിനായി പടിവാതുക്കൽ എത്തിയപ്പോൾ കോൺറാഡ് അതിനിശിതമായി അവളെ ഒന്നുനോക്കി. അതോടെ അവൾ തന്റെ ആത്മാവിൽ കുടിയിരുന്ന മാലിന്യങ്ങൾ മനസ്സിലാക്കുകയും മരണപര്യന്തം ഒരു ആദർശജീവിതം നയിക്കയും ചെയ്തു.

കുട്ടികൾ അദ്ദേഹത്തെ പലവിധത്തിൽ ഉപദ്രവിച്ചിട്ടുണ്ടെങ്കിലും അവരോട് വളരെ കരുണയായിട്ടാണ് അദ്ദേഹം പെരുമാറിയിരുന്നത്. അവർ മണി അടിച്ചതിനുശേഷം മണ്ഡിക്കളക മുതലായ പലശല്യങ്ങളും അദ്ദേഹത്തിനോട് ചെയ്തിരുന്നു. ഈ കാരണംവെച്ച് അവക്കൊടുക്കുന്ന ഭിക്ഷ അദ്ദേഹം മുടക്കിയിട്ടില്ല. ദൈവദൂഷണം പറഞ്ഞെങ്കിൽമാത്രമേ ഈ ഔദാര്യത്തിനു അവർ അനർഹരായി പരിഗണിക്കപ്പെടുകയുള്ളൂ. അവർ പാഠശാലയിൽനിന്നു പ്രത്യാഗമിക്കുന്നതു അദ്ദേഹം നോക്കിനില്ക്കും. അവരോടൊന്നിച്ചു പരിശുദ്ധ ജനനിയുടെ മുമ്പിൽ ഒരു 'നന്മനിറഞ്ഞ' ജപം എത്തിച്ചതിനുശേഷം അദ്ദേഹം അവക്ക് അപ്പം വിതരണം ചെയ്തിരുന്നു. അദ്ദേഹം പട്ടവൃദ്ധനായതിനുശേഷവും തന്നത്താൻ പടിവാതുക്കൽഎത്തി അവരെ സ്വീകരിച്ചിരുന്നു. അവരും അദ്ദേഹത്തിന്റെ പാദധ്വനി ശ്രവിക്കുമ്പോൾ നന്മനിറഞ്ഞമറിയമേ എന്നു പ്രാർത്ഥിക്കാൻ തുടങ്ങും. ഈ പ്രാർത്ഥനഭക്തിയോടെ സ്പഷ്ടമായി ചൊല്ലിയാൽമതി, കോൺറാഡ് പരമസന്തുഷ്ടനായിത്തീരും. ഈ പ്രാർത്ഥന അറിയാത്തവരെ സ്നേഹത്തോടും ക്ഷമയോടുംകൂടെ പഠിപ്പിക്കുവാനും കോൺറാഡ് മറന്നില്ല. തൊഴിലില്ലാത്ത കുട്ടികൾ കൂട്ടമായി അദ്ദേഹത്തിന്റെ സമീപത്തിൽ എത്തിയിരുന്നു. എല്ലാവരോടും ഒന്നും രണ്ടും വാക്കു കരുണയോടെ പറഞ്ഞു, അവരെ ആശ്വസിപ്പിക്കുവാൻ കോൺറാഡ് പ്രത്യേക പ്രതിപത്തി പ്രദർശിപ്പിച്ചു. അതിന്റെ ഫലം ഭാവിയിൽ ആ കുഞ്ഞുങ്ങളിൽ പ്രതിഫലിച്ചു.

തന്റെ കുടുംബാംഗങ്ങളെ സംബന്ധിച്ചു നമ്മുടെ സ്മൃത്യുപുരുഷനു നിസ്സീമമായ ഹൃദയവേഴ്ചയുണ്ടായിരുന്നു. എങ്കിലും അതിരറ്റവിധത്തിൽ ഗാർഹികവ്യാപാരങ്ങളിൽ ഇടപെട്ടു തന്റെ സന്ന്യാസസമാധാനത്തെ തകിടംമറിക്കുവാൻ അദ്ദേഹം ഇടനല്കിയില്ല. അവർ അദ്ദേഹത്തെ ചില അവസരങ്ങളിൽ സന്ദർശിക്കാറുണ്ട്. സംഭാഷണമദ്ധ്യേ, സാമ്പത്തിക ക്ലെഷമുണ്ടെന്നോ, അഭിവൃദ്ധിയേയോ സ്പർശിച്ചാൽ അതിനു വിരാമമിടുവാൻ കോ

ൺറാഡ് ജാഗ്രതപ്രദർശിപ്പിച്ചിരുന്നു. "നമുക്കു പ്രാർത്ഥിക്കാം; നമ്മുടെ പ്രയത്നങ്ങൾ ഫലപ്പെടുവാൻ നമുക്കു പ്രാർത്ഥിക്കാം." ഇതാണു അദ്ദേഹത്തിന്റെ സമാധാനം.

അദ്ദേഹത്തിന്റെ കുടുംബത്തിൽ മീട്ടതിപ്പണിചെയ്യുന്ന ഒരു സ്ത്രീയ്ക്കു ഒരു ജപമാല സമ്മാനിച്ചുകൊണ്ടുപറഞ്ഞു. "ഭക്തിയോടുകൂടി ഇതു എത്തിക്കണം. ഈ ജപമാല നമസ്കരിക്കുമ്പോൾ, ഞാനും സ്വർഗ്ഗത്തിൽ എത്തിച്ചേരാൻ ദൈവജനനിയോടു അപേക്ഷിക്കുണേ."

"അയ്യോ, അവിടുന്നു എന്റെ പ്രാർത്ഥനകൂടാതെ സ്വർഗ്ഗത്തിൽ എത്തിച്ചേരും. എന്നാൽ പാപിനിയായ ഞാനോ? ഞാൻ ലോകത്തിലെ ഒച്ചപ്പാടിന്റെ ഇടയിലല്ലേ. എന്റെ ഭാവിയെന്തായിരിക്കും?" ആ സന്യാസി ആ സ്ത്രീയെ ആശ്വസിപ്പിച്ചു. "വിശ്വാസത്തോടും സ്ഥിരതയോടുംകൂടി ഈ ഭക്തകൃത്യം തുടരുക. നിശ്ചയമായും നിങ്ങളും സ്വർഗ്ഗത്തിൽഎത്തും."

തന്റെ കുടുംബാംഗങ്ങളെസന്ദർശിക്കുവാൻരണ്ടുപ്രാവശ്യം അശ്രമശ്രേഷ്ഠന്റെ കല്പന അനുസരിച്ചു കോൺറാഡ് പോയിരുന്നു. ത്യാഗത്തിന്റേയും ഇന്ദ്രിയനിഗ്രഹത്തിന്റേയും മാതൃകയാണ് കോൺറാഡിന്റെ താമസത്തിൽനിന്ന് കുടുംബാംഗങ്ങൾ പഠിച്ചതു്.

അദ്ദേഹത്തിന്റെ കിടക്ക ഒരുക്കിയിരുന്നതു് ഗൃഹത്തിലെ പ്രധാനമുറിയിലായിരുന്നു. അവിടെ ഏറ്റവും മൃദുവായ ഒരു ശയ്യ ഒരുക്കിയിരുന്നതുകണ്ട അതെല്ലാം എടുത്തുമാറുവാൻ കോൺറാഡ് ആവശ്യപ്പെട്ടു. ഒരു പരുപരുത്ത തഴപ്പാ ആ സന്യാസിയ്ക്കു ഹംസതൂലികാശയ്യയേക്കാൾ സ്പീകാര്യമായിരുന്നു. അതു ലഭിച്ചെങ്കിലും അർദ്ധരാത്രിമുഴുവനും പ്രാർത്ഥനയിലും തപശ്ചര്യയിലും ജാഗരണം അനുഷ്ഠിക്കയാണ് അദ്ദേഹം ചെയ്തതു്. കാലമേ അദ്ദേഹം ഇടവകപള്ളിയിലേയ്ക്കു യാത്രയായി. ഉച്ചയോടെ തിരിച്ചുവന്നതിനുശേഷമേ അദ്ദേഹം ഉപവാസം ലംഘിച്ചുള്ളു.

അദ്ദേഹത്തിനു സ്നേഹിതർ മുരുക്കുമായിരുന്നു. തൻകായ്സൗഖ്യത്തിനു ഇടമില്ലാത്തിടത്തു ചങ്ങാതികൾ

പറഞ്ഞുകൂടാറില്ലല്ലോ. പരിമിതരായ സ്നേഹിതരുടെ കൂട്ടത്തിൽ ഒരു സാധുവായ തയ്യൽക്കാരനുംകൂടി ഉണ്ടായിരുന്നു. അയാൾക്കു നമ്മുടെ കഥാപുരുഷൻ തന്റെ പ്രാർത്ഥനാപൂർവകം സമ്മാനം നല്കി. ഈയാൾ തന്റെ സ്നേഹിതനെ സന്ദർശിക്കുവാൻ ആശ്രമത്തിൽ ചെല്ലുന്ന അവസരത്തിൽ വളരെ ഹൃദയംഗമായ സത്കരണമാണു നല്കിയിരുന്നതു്. ഈ തയ്യൽക്കാരൻ ഭക്തികൃത്യങ്ങളിൽ താല്പര്യമുള്ളവനായിരുന്നതുകൂടാതെ, പുണ്യശാസ്ത്രത്തിൽ അഗാധമായ അനുഭവജ്ഞാനംകൂടി സമ്പാദിച്ചിട്ടുള്ള ആളുമായിരുന്നു. അദ്ദേഹത്തിനു അന്ത്യശുശ്രൂഷ ചെയ്ത ഒരു വൈദികൻ ഇയാളുടെ ആന്തരികഭക്തിയും ദിവ്യജ്ഞാനവുംകണ്ടു വിസ്മയാധീനനായി. തന്റെ അജ്ഞത ഗോപനം ചെയ്യുവാനായി താൻ വളരെ പണിപ്പെടേണ്ടിവന്നുവെന്നാണു അദ്ദേഹം ഏറുപറയുന്നതു്.

വൈദികരുടെനേരെ കോൺറാഡിനുണ്ടായിരുന്ന ബഹുമാനാദരങ്ങൾ അതുല്യമായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയപിതാവു് കാണപ്പെട്ട ദൈവംതന്നെയായിരുന്നു. ദൈവത്തിന്റെ തിരുശ്ശരീരരക്തങ്ങളെ കൈകാര്യം ചെയ്യുകയും നിത്യവചനങ്ങളെ ധരിക്കയും ചെയ്യുന്ന വൈദികൻ അല്ലെങ്കിൽ പുരോഹിതൻ ബഹുമാന്യനല്ല. ദൈവനീതിക്കെതിരായി ചെയ്തുകൊടുംപാതകങ്ങൾ ദൈവനാമത്തിൽ ക്ഷമിപ്പാൻ അധികാരം കൈപ്പറ്റിയിരിക്കുന്നതു അവരല്ലേ. ധ്യാനപ്രസംഗകരുടെ പരിശ്രമംമൂലം ആധ്യാത്മിക ഉണർവുണ്ടായെന്നവാർത്ത കോൺറാഡിനെ സന്തോഷനിമഗ്നനാക്കും. "നാം ധ്യാനഗുരുക്കൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം. അൾത്താരയിൽ അവർ നമുക്കായി ഈശോയെ സ്വർഗ്ഗത്തിൽനിന്നു വിളിച്ചിറക്കുന്നു; പ്രസംഗപീഠത്തിൽനിന്നുകൊണ്ടു അവർ നമ്മെ ഈശോയുടെ പക്കലേയ്ക്കു നയിക്കുന്നു.'

ജനതാമധ്യത്തിൽ ആവിർഭവിക്കുന്ന ദുഷ്പ്രവൃത്തികളെ വൈദികരുടെ ദൃഷ്ടിയിൽകൊണ്ടുവരികയും അവർ മുഖേന അതിനുവേണ്ട പ്രതിവിധികൾ തേടുകയും ചെ

യുവാൻ കോൺറാഡു പ്രത്യേകം നിഷ്കർഷിക്കാറുണ്ട്. ആദ്ധ്യാത്മിക ഉപദേശങ്ങൾക്കെന്ന നാട്യത്തിൽ ഒരു യുവതി കൂടക്കൂടെ ഒരു വൈദികന്റെ സേവനം ആവശ്യപ്പെട്ടുകൊണ്ട് ആശ്രമത്തിൽ വരുമായിരുന്നു. ഈ വിധത്തിലുള്ള തുടർച്ചയായ സംസർഗ്ഗത്തിൽനിന്നു വരാവുന്ന ഭയങ്കരവിപത്തിനെക്കുറിച്ചു കോൺറാഡ് ആ വൈദികനു മുന്നറിവു നല്കുകയും ആ സമാഗമം അതോടെ അവസാനിക്കയും ചെയ്തു.

തന്റെ ആദ്ധ്യാത്മികപിതാവിനുവേണ്ടി ജപിച്ചിരുന്ന ഒരു പ്രാർത്ഥന അദ്ദേഹത്തിന്റെ പ്രാർത്ഥനാപുസ്തകത്തിൽനിന്നു കണ്ടുകിട്ടിയിട്ടുണ്ട്.

"സർവ്വശക്തനും നിത്യനുമായ ദൈവമേ അങ്ങേ തിരുസന്നിധിയിൽ സാഷ്ടാംഗം കിടക്കുന്ന ഈ എളിയ പുത്രനെ തുക്കൺപാക്കണമേ. എന്റെ കുറവുകളും കുറവുകളും എന്നെ അങ്ങയിൽനിന്നു അകറ്റി നിർത്തുമ്പോൾ, അതിൽനിന്നു എന്നെ രക്ഷിക്കുന്നതിനും, എന്റെ ആത്മാവിനെ നിയന്ത്രിക്കുന്നതിനുമായി, ഇത്ര നല്ല ഒരു ഇടയനെ നല്കിയതിൽ ഞാൻ അങ്ങയെ സ്തുതിക്കുന്നു. രക്ഷാപഥത്തിൽക്കൂടെ എന്നെ നയിക്കയും, എന്റെ പാപങ്ങളുടെ സ്മരണ എന്നെ അപഹരണംചെയ്യുമ്പോൾ എന്നെ സമാശ്വസിപ്പിക്കയും ചെയ്യുന്ന ഒരുത്തനെ നല്കിയതിൽ ഞാൻ അവിടുത്തേ വീണ്ടും സ്തുതിക്കുന്നു. അദ്ദേഹം എനിക്കു നല്കിയതും നല്കുവാനിരിക്കുന്നതുമായ നന്മയ്ക്കു പ്രത്യുപകാരം ചെയ്യുവാൻ ഞാൻ അശക്തനാണു്. നിത്യപുരോഹിതനായ അങ്ങു അദ്ദേഹത്തിനു പ്രതിസമ്മാനം നല്കേണമേ. ലോകത്തിനു നല്കുവാൻ കഴിയാത്ത അമൂല്യമായ അനുഗ്രഹങ്ങൾ അദ്ദേഹത്തിൽ ധാരാളമായിവർഷിക്കേണമേ. അദ്ദേഹംഅവിടത്തേ സവിധത്തിൽ പ്രാർത്ഥനാഗീതങ്ങൾ ഉന്നയിക്കുമ്പോൾ അദ്ദേഹത്തെ അനുഗ്രഹിക്കേണമേ. അവിടത്തേ തിരുനാമം അദ്ദേഹം പ്രസംഗവേദിയിൽ ഏറ്റുപറയുമ്പോഴും, മരണക്കിടക്കയിലേക്കു ആശ്വാസദൈത്യം വഹിച്ചുകൊണ്ടു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനായി ആത്മാക്കളെ

ഒരുക്കുമ്പോഴും, നിത്യപിതാവേ അട്ടേഹത്തെ അനുഗ്ര
ഹിക്കേണമേ. പ്രത്യേകമായി പാപസങ്കീർത്തനാവസര
ത്തിൽ അവിടുത്തെ തിരുനാമത്തിൽ പാപികളായ ഞ
ങ്ങളെ വിധിക്കുന്ന അവസരത്തിൽ അട്ടേഹത്തെ അ
നുഗ്രഹിക്കേണമേ. ദയാപരനായ രക്ഷക അട്ടേഹ
ത്തിന്റെ മുമ്പിൽ പാപോച്ചാരണത്തിനായി അണയു
ന്നവർ അവരുടെ പാപങ്ങളെ പൂർണ്ണമായി ഏറ്റുപറ
യാൻ ഇടനല്കേണമേ. ആഴമേറിയ പശ്ചാത്താപ
ത്തിൽ അവരുടെ കണ്ണുനീർ അവരുടെ പാപങ്ങളുടെ
കറകഴുകിക്കളയുവാൻ നീ സഹായിക്കേണമേ. ഭാവി
യിൽ ജീവൻ നഷ്ടപ്പെട്ടാൽപോലും, അങ്ങയ്ക്കെതിരാ
യി പാപംചെയ്യുകയില്ലെന്നുള്ള ദൃഢവ്രതംചെയ്യുവാന
ുള്ള കരുത്ത് അവക്ക് നല്കേണമേ. ലജ്ജയോ, ഭയമോ,
ശത്രുവിന്റെ വിഷപ്രയോഗമോ അവരുടെ അധരങ്ങ
ളെ ബന്ധിക്കുമെങ്കിൽ അവിടത്തെ വരപ്രസാദത്തി
ന്റെ ശക്തിയാൽ അവരുടെ നാവുകൾ തുറന്നു, ഹൃദ
യം പരിപൂർണ്ണമായി വെളിപ്പെടുത്തുവാൻ അവരെ സ
ഹായിക്കേണമേ.

അവിടത്തെയ്ക്ക് സംതൃപ്തി നല്കുവാൻവേണ്ട സ
ന്മനോഭാവവും ആദ്ധ്യാത്മികശ്രേഷ്ഠകാന്തിയും അവക്ക് ന
ല്കേണമേ. അവിടത്തെ ദാസരായ വൈദികർ മുഖേ
ന, അവിടന്നു പഠിപ്പിക്കുന്ന കുരിശിന്റെ വഴിയെ അ
നുഗമിപ്പാനുള്ള അനുഗ്രഹം ഞങ്ങൾക്കു തരേണമേ. അ
വിടത്തെ അമൂല്യമായ തിരുരക്തത്താൽ ഞങ്ങളെ ത്രാ
ണംചെയ്ത ഞങ്ങളുടെ നല്പയിടയനേ, ഞങ്ങളുടെ ഏ
ളിമയോടുകൂടിയ പ്രാർത്ഥനകളെ ശ്രവിച്ചു, ഞങ്ങളുടെ
ആധ്യാത്മികപിതാക്കളും അവരുടെ സന്താനങ്ങളായ ഞ
ങ്ങളും അവിടത്തെ എന്നെന്നേയ്ക്കും കണ്ടാനന്ദിക്കുന്നതി
നുള്ള വരം സദാകാലവും ജീവിച്ചുവാഴുന്ന അവിടത്തെ
തിരുക്കുമാരൻവഴി നല്കേണമെന്നു അടിയങ്ങൾ പ്രാ
ർത്ഥിക്കുന്നു.

ഏഴാം അദ്ധ്യായം.

അന്ത്യദിനങ്ങൾ

ജനനം മരണത്തിന്റേയും പ്രഭാതം പ്രദോഷത്തിന്റേയും മുന്നോടികളാണ്. ഇന്ന് നാളത്തേയ്ക്കുവേണ്ടി സ്ഥലം മാറികൊടുക്കണം; അതാണു ലോകഗതി. വേല വിശ്രമത്തിലേയ്ക്കും, വിശ്രമംവേലയിലേയ്ക്കും നയിക്കുന്നു. നമ്മുടെ സ്മൃത്യുപരുഷൻ നിഷ്കാപട്യം വിളമ്പിയ ബാല്യത്തിൽനിന്ന്, സംഭവബഹുലമായ യൗവനത്തിലേയ്ക്കും, യൗവനത്തിൽനിന്നു ആയാസപ്രദമായ വാർദ്ധക്യത്തിലേയ്ക്കുമുള്ള പെരുവഴി താണ്ടിക്കഴിഞ്ഞു. ഒട്ടേറെ വയസ്സിന്റെ വൻഭാരം ചുമക്കയാൽ, പെരുംഭാരത്തിനു കൂറ്റാതിരുന്ന നട്ടെല്ലു, വില്ലിത്തുടങ്ങി. നിരവധി കൊല്ലങ്ങളിലെ കഠിനതപസ്സും, ഇടമുറിയാത്ത ജോലിയും ആ ആരോഗ്യവാന്റെ ആയുസ്സും ഓജസ്സും തേജസ്സും കരണ്ടുകളഞ്ഞു. എണ്ണപറഞ്ഞായ ദിവസങ്ങളുമായി അതു രൂപാന്തരപ്പെട്ടുന്നു. നമുക്കു ഓരോരുത്തർക്കും കടന്നുപോകേണ്ട കടമ്പ ഇതുതന്നെയല്ലേ?

കോൺറാഡിന്റെ ഭക്തകൃത്യങ്ങൾ യഥാവിധി നിവ്വഹിക്കുവാൻ ശരീരാസ്വാസ്ഥ്യം അനുവദിച്ചില്ല. അദ്ദേഹത്തിന്റെ സൗഖ്യത്തിൽ ഉത്സുകരായിരുന്ന ആശ്രമാധിപർ അദ്ദേഹത്തിന്റെ ആരോഗ്യത്തെ പരിഗണിച്ചു പല ഭക്ത്യാഭ്യാസങ്ങളേയും വിലക്കേണ്ടിവന്നു. സേവനത്തിനായി കൊതിപൂണ്ട അദ്ദേഹത്തിന്റെ മനഃശക്തി ഒന്നു മാത്രമാണ് ആയാസപ്രദമായ ദ്വാരപാലകകൃത്യം വഹിക്കുവാനുള്ള കരുത്തു പ്രദാനംചെയ്തിരുന്നത്.

ഉറക്കം അദ്ദേഹത്തിനു തീരെ കുറവായിത്തീർന്നു. അതിലും തുച്ഛമായിരുന്നു ആഹാരം. തന്റെ ജോലിയുടെ പ്രത്യേകതമൂലം സമൂഹത്തിൽചേർന്നു ഭക്ഷണംകഴിപ്പാൻ അദ്ദേഹം നിർബന്ധിതനായിരുന്നില്ല. തൻമൂലം പരദൃഷ്ടിയിൽപെടാതെ കഠിനമായ ഉപവാസം അനുഷ്ഠിക്കാൻ കോൺറാഡിനു സാധിച്ചു. വിശ്രമവും അദ്ദേഹത്തിന്റെ നിഷ്ഠയിൽ ഇല്ലായിരുന്നു. ജോലികഴിഞ്ഞുകിട്ടുന്ന ഒഴിവുസമയങ്ങളാണ് പ്രാർത്ഥനയുടെ കടമകൾക്കായി പ്രയോജനപ്പെടുത്തിയിരുന്നത്. വളരെ സമയം മുട്ടിന്മേൽനിന്നു അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. ക്രൂടാതെ ഒരു ഇരുമ്പുചങ്ങലകൊണ്ടു തന്റെ മാംസത്തെ കഠിനമായി മർദ്ദിച്ചു പതംവരുത്തുന്നതിൽ ഒരു ദയയും അദ്ദേഹം പ്രദർശിപ്പിച്ചില്ല.

അദ്ദേഹത്തിനു കാസത്തിന്റെ ഉപദ്രവങ്ങൾ ക്രൂടക്രൂടെ ഉണ്ടാകാറുപതിവുണ്ട്. രണ്ടു പ്രാവശ്യം കഠിനജ്വരത്താൽ മൃത്യുവക്ത്രംവരെ എത്തി. ഒരിക്കൽ അന്ത്യക്രൂടാശകൾക്രൂടെ സ്വീകരിച്ചു. അന്നു സ്വന്തകടമകളിൽനിന്നു ഒഴിവു ആവശ്യപ്പെടാൻ ആരോ ഗ്രണ്ടോഷിക്കയുണ്ടായി. അതിനു ലഭിച്ച മറുപടി ഇപ്രകാരമാണ്: "ജീവിതം സേവനമാണ്: സ്വർഗ്ഗത്തിൽ മാത്രമേ വിശ്രമമുള്ളൂ." അദ്ദേഹം ഇനിയും നീണ്ടജീവിക്കയില്ലെന്നു ബോധ്യമായി. വയസ്സു എഴുപതിനുമുകളിലായി.

1894 ഏപ്രിൽ 18—ാനു- പതിവുപോലെ അദ്ദേഹം എഴുന്നേറ്റു കാലത്തു അഞ്ചുമണിക്കുള്ള ദിവ്യപൂജയിൽ ശുശ്രൂഷിച്ചതിനുശേഷം ഒമ്പതുമണിവരെ കവാടത്തിൽ സ്വകൃത്യം അനുഷ്ഠിച്ചു. അന്നു അസാധാരണമായി വന്നുകൂടിയ തീർത്ഥകരുടെ ബാഹുല്യതകൊണ്ടു സഹായത്തിനായി കോൺറാഡ് ഒരു തുണസഹോദരനെക്രൂടെ വിളിക്കേണ്ടിവന്നു. ഉച്ചയോടെ കോൺറാഡിന്റെ ശക്തിതിരെ ക്ഷയിച്ചു. എഴുന്നേറ്റുനില്പാൻ ശക്തിയില്ലെന്നായപ്പോൾ അദ്ദേഹം ശ്രേഷ്ഠനെ സമീപിച്ചുകൊണ്ടു പറഞ്ഞു. "എനിക്കു ഈ സ്ഥിതിയിൽ ഇനി മുമ്പോട്ടുപോകുവാൻ കഴിയുമെന്നുതോന്നുന്നില്ല. ഞാൻ അന്ത്യത്തോട

ട്ടത്തിരിക്കുന്നു." ഉടനേതന്നെ തന്റെ അറയിലേയ്ക്കുപോ
യ്ക്കൊള്ളുവാൻ ശ്രേഷ്ഠൻ ഉത്തരവായി. ഒരുത്തന്റെ സ
ഹായത്തോടുകൂടി മാത്രമേ ഗോവണി കയറുവാൻ കോ
ൺറാഡ് ശക്തനായുള്ളൂ. മുറിയിൽ എത്തിയപ്പോൾ അ
ദ്ദേഹം പറഞ്ഞു. "ഇനി എനിക്കു ഒന്നും ചെയ്യുവാൻ സാ
ധിക്കയില്ല. എന്റെ ശക്തി അറിറിരിക്കുന്നു. എനിക്കു കി
ടക്കണം." അവർ അദ്ദേഹത്തെ കിടക്കയിൽ കിടത്തി.
അവിടെ സന്നിഹിതരായിരുന്നവരോടു അദ്ദേഹം പ്ര
ത്യേകം പ്രത്യേകം നന്ദിപറയുകയും, തന്റെ ജീവിതം
മൂലം അവക്കാക്കെങ്കിലും തണ്ണുടിഷ്ടമോ പാപമോചന
മോ നല്കിയിട്ടുണ്ടെങ്കിൽ അതിനു മാപ്പു ഇരക്കുകയും
ചെയ്തു.

രോഗം അത്യം ദേഭപ്പെടുന്ന ഭാവമുണ്ടായെങ്കിലും
മൂന്നുദിവസം കഴിഞ്ഞു രോഗം ക്രമപ്രവൃദ്ധമാകുകയാണ
ുണ്ടായതു്. അന്ത്യക്രിയാശുശ്രൂഷ നന്നായിരിക്കുമെന്നു
ശ്രേഷ്ഠൻ അഭിപ്രായപ്പെട്ടു. കോൺറാഡും തനിക്കു അന്ത്യ
ക്രിയാശകൾ നല്കണമെന്നു ശ്രേഷ്ഠനോടു ഭക്ത്യാദര
ത്തോടെ അപേക്ഷിച്ചു. അതനുസരിച്ചു, അന്ത്യോപച
രണം നല്കപ്പെട്ടു. "ബഹുമാന്യനായ പിതാവേ, ദൈവം
അവിടത്തേ അനുഗ്രഹിക്കട്ടെ." എന്നായിരുന്നു ക്രിയാശ
സ്വീകരിച്ചുകഴിഞ്ഞു അദ്ദേഹം പറഞ്ഞവാക്കുകൾ.

മരണത്തെ ഭയപ്പെടുന്നുണ്ടോയെന്നു ആരോ ചോദി
ക്കുണ്ടായി. "ദൈവത്തിരുമനസ്സു നിറവേറട്ടെ" ഇതാണു
ലഭിച്ച മറുപടി. പത്തൊമ്പതുകൊല്ലത്തോളം പടികാക്കു
ന്ന കൃത്യത്തിൽ തന്നെ സഹായിച്ച ബ്രൂ. ഗിൽബർട്ട് അ
ദ്ദേഹത്തിന്റെ എളിയ കിടക്കയോടടുത്തു രോഗവിവരം
അന്വേഷിച്ചു. "ഇപ്പോൾ എനിക്കു സംസാരിക്കാനുള്ള
സമയമല്ല. നിത്യവിധിയാളനെ അഭിമുഖീകരിക്കുന്ന
തിനു ഒരുങ്ങുകയാണു എന്റെ കർത്തവ്യം." എന്നായിരു
ന്നു മറുപടി. "സഹോദരൻ ഈരോഗത്തിൽനിന്നു മോ
ചിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു." ബ്രൂ. ഗിൽ
ബർട്ട് വീണ്ടും പറഞ്ഞു. "അതേ, നമ്മുടെ ശ്രേഷ്ഠനും
അതുതന്നെയാണു പറയുന്നതു്. ഇപ്പോൾ എനിക്കു യാ

തൊരുസഹായവും ആവശ്യമില്ല. അതുകൊണ്ട് ഞാൻ അല്പം ഏകാന്തത അനുഭവിച്ചുകൊള്ളട്ടെ." കോൺറാഡ് ആ സംഭാഷണത്തിനു വിരാമമിട്ടു.

1894 ഏപ്രിൽ ഇരുപത്തൊന്നാംതീയതി ഉദയം ചെയ്തു. സന്യാസികൾ സമൂഹമായി പ്രാർത്ഥനാവേദിയിൽ എത്തിയിരിക്കയാണ്. പ്രവേശനകവാടത്തുങ്കൽ ആരോ തുടർച്ചയായി മുട്ടുന്നസ്വരം കേൾക്കപ്പെട്ടു. നാല്പതുകൊല്ലക്കാലം ഈ സ്വരംകേട്ട അതിനു പ്രതുത്തരം നല്കിയിരുന്ന കോൺറാഡ് താനേ കിടക്കയിൽനിന്നു ഉദ്ധിതനായി. തന്റെ സാഹായകനായ ബ്രു. ഗിൽബർട്ടിനേ വിളിക്കുകയോ അതോ താൻതന്നെ നേരിട്ടുവിവരം അന്വേഷിക്കുയോ എന്നാവേണ്ടതെന്നു ചിന്തിക്കുയായിരുന്നു. അദ്ദേഹം സാവധാനം തന്റെ അറയുടെ വാതിൽ തുറന്നു. കഷ്ടം! അദ്ദേഹത്തിന്റെ ശക്തിതീരെ ക്ഷയിച്ചിരുന്നു. കാൽവഴുതി അദ്ദേഹം മുന്നാട്ടുചാഞ്ഞു. ദൈവഗത്യാ ആ വഴിക്കടന്ന ഒരു സഹോദരൻ ഈ അത്യാഹിതംകണ്ട് തന്റെ ശക്തങ്ങളായ ഇരുകൈകളാലും കോൺറാഡിനെ താങ്ങിയെടുത്തു. ആശ്രമദ്വാരത്തിലേക്കുള്ള ആരോഹണമല്ല, പ്രത്യുത, ദൈവതിരുസന്നിധയിലേക്കുള്ള ഒരു വിളിയായിരുന്നു ഇത്. നിത്യസമ്മാനം ഒരുക്കിവെച്ചുകൊണ്ട് സ്നേഹനാഥനായ ഈശോ ഈ പട്ടകിഴവനെ മാടിവിളിക്കയായിരുന്നു. അന്നു ശനിയാഴ്ചയായിരുന്നു. സന്ധ്യാജപത്തിനുള്ള മണിനാദംമുഴങ്ങിക്കഴിഞ്ഞു. അർത്ഥനിമീലിതങ്ങളായ ദൃഷ്ടികൾ ഏതോ ഒന്നിൽനിക്ഷിപ്തങ്ങളായിരുന്നു. പാതി അടച്ചിരുന്ന അധരങ്ങളിൽ ഒരു ചെറുപുഞ്ചിരി നിഴലിച്ചിട്ടുണ്ട്. അനന്യദൃശ്യമായ ഒരു ദീപ്തി അദ്ദേഹത്തിന്റെ വദനങ്ങളിൽ കളിയാടിയിരുന്നു. "ഇതാ പരിശുദ്ധ ജനനി ഈ പുണ്യവാന്റെ ആത്മാവിനെ സ്വർഗ്ഗത്തിലേയ്ക്കു സംവഹിക്കുവാൻ എഴുന്നള്ളിവന്നുകാണണം." എല്ലാവരും പരസ്പരം പറഞ്ഞു. അദ്ദേഹത്തിന്റെ സ്വർഗ്ഗീയ മഹിമ പക്ഷെ ആ വിനാഴികയിൽ ആരംഭിച്ചിരിക്കണം. ആ പുണ്യപുരുഷൻ തന്റെ പാവനദേഹിയെ സ്വർഗ്ഗീയാംബികയുടെ

പാദാരവിന്ദങ്ങളിൽ അടിയറവെച്ചു. ഇതാ പൂഞ്ചായൽ പൂഞ്ചിരിപുരത്തെ അദ്ദേഹത്തിന്റെ പൂജ്യാവശിഷ്ടം!!

ആ പാവനമായ മൃതദേഹം ഒരുനോക്കു കാണുവാനായി നാനാദിക്കുകളിൽനിന്നും ജനാവലി തടിച്ചുകൂടി. തങ്ങളുടെ ഉപകർത്താവും സ്നേഹിതനും നഷ്ടപ്പെട്ടതിൽ സാധുക്കളും കുട്ടികളും വാവിട്ടുകരഞ്ഞു. ഒട്ടുവളരെ പൈദികർ അദ്ദേഹത്തിന്റെ ശവമഞ്ചത്തിനു ചുറ്റും എത്തിക്കൂടി. ജീവിച്ചിരുന്നപ്പോൾ പൈദികർക്കുവേണ്ടി മുട്ടിപ്പോടെ പ്രാർത്ഥിച്ചിരുന്ന ഒരു ഹൃദയമല്ലേ, ഇന്നു സ്വന്തം നിലച്ചു ശയിക്കുന്നതു്. കപ്പൂച്ചിനാശ്രമത്തിലെ പൊതുശ്മശാനസ്ഥലത്തു് അവസാനം കോൺറാഡിന്റെ പാവനാവശിഷ്ടം യഥാവിധി സംസ്കരിക്കപ്പെട്ട ഏതൊരു സ്ഥലം ആണോ തന്റെ ശാരീരികാവശിഷ്ടങ്ങളുടെ ശാന്തി നികേതനമായിത്തീരുമെന്നു താൻ കരുതിയിരുന്നുവോ, ആ ഇടത്തിൽ കോൺറാഡ് തന്റെ ദീർഘനിദ്രയാരംഭിച്ചു. തന്നേക്കാൾമുമ്പു ഐഹികജീവിതത്തിനു വിരാമമിട്ട തങ്ങളുടെ രക്ഷാനാഥനുമായി അഭിമുഖസംഭാഷണത്തിനു ഇറങ്ങിപുറപ്പെട്ട ജേഷ്ഠസഹോദരങ്ങളുമായി കോൺറാഡ് നിത്യത്വത്തിലേക്കു പ്രവേശിച്ചു.

ആജീവാനാന്തം ആത്മാക്കൾക്കുവേണ്ടി വിശിഷ്യ പൈദികരുടേയും സന്ന്യാസികളുടേയും ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക കോൺറാഡിന്റെ ഭക്തകൃത്യങ്ങളിലൊന്നായിരുന്നു. അതിനായി ഈ സംസ്കാരസ്ഥലത്തു ജീവിതത്തിലെ നല്ലൊരു ഭാഗം നമ്മുടെ വിശ്രുതൻ വ്യയം ചെയ്തിട്ടുണ്ടു്. താൻ സജ്ജമാക്കിയ ശയ്യയിൽ കോൺറാഡ് സ്വച്ഛസുഖം അനുഭവിച്ചുതുടങ്ങി. ഈ ആറടി മണ്ണാണു് ചെങ്കോലുധരിക്കുന്ന രാജാവിനും ചെങ്കൊടി വഹിക്കുന്ന നിരീശ്വരനും അവസാനാധാരം. സത്യധർമ്മങ്ങൾ മാത്രമേ അന്നു ആശ്വാസത്തിനു ആലംബമാകയുള്ളു.

എട്ടാം അദ്ധ്യായം.

മരണാനന്തരം

ആശ്രമത്തിൽ ബാഹ്യലോകവുമായി ബന്ധപ്പെട്ടു ന്ന ഏതാനും ഉദ്യോഗങ്ങളിൽ ഒന്നാണ് ദ്വാരപാലക നേറത്ത്. ഈ ചുറ്റുപാടിലും ലോക വ്യവഹാരങ്ങളുടെ വേലിയേറ്റത്തിൽ താണുപോകാതെ ആന്തരികസമാധാനവും ഈശ്വരൈക്യവും പാലിക്കയും, അവസാനം പുണ്യസോപാനത്തിന്റെ അധിത്യകയിൽ എത്തിച്ചേരുകയും ചെയ്ത ഭാഗ്യകരമായ ഒന്നുതന്നെയാണ്. കോൺറാഡ് ഈ ജീവിത സമരത്താൽ വിജയിയായോ എന്നു നാം സകാരണം സംശയിച്ചേക്കാം. കോൺറാഡിന്റെ ജീവിത മാതൃകയാൽ ആകൃഷ്ടരായി, അതേ പന്ഥാവിൽക്കൂടെ അഭംഗമായ ദൈവസായൂജ്യത്തിൽ എത്തിച്ചേരുവാൻ ആഗ്രഹിക്കുന്നവർ, കോൺറാഡിന്റെ ആന്തരിക ജീവിതരഹസ്യം അറിയുവാൻ ആഗ്രഹിച്ചേയ്ക്കാം.

ഈ വിശുദ്ധന്റെ ജീവിതം വെറും മൂന്നു വാക്കുകളിൽ വേണമെങ്കിൽ സംഗ്രഹിക്കാം; എളിമ, അനുസരണം, ദാരിദ്ര്യം.

ഈ പുണ്യങ്ങൾക്ക് ആധാരവും പിൻബലവുമായി ഒരു പശ്ചാത്തലമുണ്ടാകാതെ, അതിന്റെ ഉന്നതശൃംഗങ്ങളിലേയ്ക്കു ആരോഹണം ചെയ്യുക സാധ്യമല്ല. ദൈവസായൂജ്യം ഏതെങ്കിലും ഭക്താനുഷ്ഠാനംവഴി പ്രാപിക്കയാണു എളുപ്പം.

അദ്ദേഹത്തിൽ വിളയാടിയിരുന്ന പ്രധാന ഗുണം ദിവ്യകാരുണ്യ ഭക്തിയാണ്. ശിശുവായിരുന്നതുമുതൽ വിശുദ്ധ കുർബാനയോടു അനന്യസാധാരണമായ ഭക്തി കോൺറാഡ് പ്രദർശിപ്പിച്ചിരുന്നു. പ്രധാന അൾത്താരയുടെ ഒരു ഒഴിഞ്ഞ കോണിലായി അദ്ദേഹം ഒരുസ്ഥലം തിരഞ്ഞെടുത്തിരുന്നു. അവിടെ ഈ കുട്ടി ഏകാഗ്രമായി നിലകൊണ്ടു, ദിവ്യകാരുണ്യത്തിൽ സന്നിധി ചെയ്യുന്ന ഈശോയേ സർവ്വാത്മനാ ആരാധിക്കുവാനായിരുന്നു. ഈ കുട്ടിയുടെ ഭക്തിപ്രഹർഷം ദർശിക്കുന്നതുതന്നെ ഏതാനും പേർക്കു ആശ്വാസപ്രദമായിരുന്നു. പലരും അവരുടെ മന്ദഭക്തിയെ ഉജ്ജ്വലിപ്പിച്ചിരുന്നതു ഈ കുട്ടിമുഖേനയായിരുന്നുവെന്നു പിന്നീടു ഏറ്റുപറഞ്ഞിരുന്നു. ഏകനായി പള്ളിയിൽ കഴിഞ്ഞുകൂടുന്ന അവസരത്തിൽ അദ്ദേഹം വിശുദ്ധ സക്രാരിയോടു കഴിയുന്നതും അടുത്തുനിന്നു തന്റെ പ്രകടനം നിർബാധം നിർവ്വഹിച്ചിരുന്നു. ഹൃദയം കവിഞ്ഞൊഴുകുന്ന ദീർഘനിശ്വാസങ്ങളും "സുകൃതജപങ്ങളും" പരിതസ്ഥിതിക്കു കേൾക്കുവാൻ കഴിഞ്ഞിരുന്നു. കഴിയുമെങ്കിൽ അകത്തുകടന്നു യേശുനാഥനെ ഒരുനോക്കു കാണാതെ കോൺറാഡ് ഒരുദൈവാലയവും കടന്നുപോയിട്ടില്ല. പക്ഷെ പള്ളി അടച്ചിരിക്കയാണെങ്കിൽ ബദ്ധമായ കവാടത്തിന്റെ പുറത്തു മുട്ടുകുത്തി അദ്ദേഹം പ്രാർത്ഥിച്ചിരുന്നു. തന്റെകൂടെ ആരെങ്കിലും ഉണ്ടെങ്കിൽപോലും വ്യർത്ഥാഭിമാനത്തിനടിപെട്ട ഈ ഭക്ത്യാഭ്യാസത്തിൽനിന്നു അദ്ദേഹം പിന്മാറുകയില്ലായിരുന്നു. നിത്യവും ദിവ്യബലിയിൽ സഹകരിക്കയും കഴിയുമ്പോളെല്ലാം ശ്രുശ്രൂഷിക്കയും അദ്ദേഹത്തിനു പ്രിയംകരങ്ങളായ കാര്യങ്ങളാണ്.

ഏതു ദൈവാലയത്തിൽ പ്രവേശിച്ചാലും അയസ്സാന്തത്താൽ ആകർഷിതനെന്നപോലെ അദ്ദേഹം വിശുദ്ധ കുർബാന അടക്കം ചെയ്തിരിക്കുന്ന ബലിപീഠത്തിലേയ്ക്കു ചെല്ലും. അവിടമായിരുന്നു അദ്ദേഹത്തിന്റെ ഭക്തജീവിതത്തിന്റെ ഉറവ. ഒരു അത്മായനായിരുന്നപ്പോൾ, എല്ലാതിരുനാളുകളിലും വി. കുർബാന സ്വീകരിച്ചി

രുന്നു. അന്നു പൊതുജനങ്ങൾക്കു അത്രയും അനുവാദമേ ഉണ്ടായിരുന്നുള്ളു. വ്രതവാശ്ദാനങ്ങൾക്കുശേഷം ഈ അനുഗ്രഹം പ്രതിദിനം ലഭിക്കുവാൻ അതിയായി ആഗ്രഹിച്ചു. നിയമം അനുവദിക്കാതിരുന്നതുമൂലം ആഴ്ചയിൽ മൂന്നുപ്രാവശ്യം ദിവ്യമേശയിലണഞ്ഞു സംതൃപ്തനായി ഏതാനുംകാലം ഇങ്ങനെ കഴിഞ്ഞു. കോൺറാഡിന്റെ ആന്തരികജീവിതത്തിൽ സംതൃപ്തരായ ശ്രേഷ്ഠന്മാർ പ്രതിദിന ദിവ്യകാരുണ്യസ്വീകരണത്തിനുള്ള അനുമതി അദ്ദേഹത്തിനു അനുവദിച്ചു. ആ ദിവ്യകാരുണ്യ ദാസൻ ഈ ഉറവയിൽനിന്നു ആധ്യാത്മികജലം ആകണ്ഠം പാനം ചെയ്തു.

ജനങ്ങളുടെ ദൃഷ്ടിയിൽപെട്ട പൊതുവിമർശനത്തിനു ഇടനല്കാതിരിക്കുവാനായി വിശുദ്ധ ഭോജനം അതികാലമേയാണ് കോൺറാഡിനു നല്കിയിരുന്നത്. എങ്കിലും പരദൃഷ്ടിയിൽനിന്നു ഇതു പൂർണ്ണമായി ഗോപനം ചെയ്യുവാൻ സാധിക്കാതെ വന്നു. ''കണ്ടാലും! ഇദ്ദേഹം എത്ര പരിശുദ്ധൻ! ഇതാ, ഇദ്ദേഹത്തിനു നിത്യവും ദിവ്യകാരുണ്യം നല്കുന്നു.'' അന്നു ജീവിക്കുന്ന പുണ്യവാന്മാക്കേ പ്രതിദിനം സ്വീകരിയ്ക്കുന്ന സംപ്രദാനം ചെയ്യുകപതിവുള്ളു. ആന്തരീക ജീവിതത്തെക്കുറിച്ചു ഒരു വിധി നല്കുവാൻ മനുഷ്യൻ അല്ലല്ല. ദൈവമാണ് ഹൃദയങ്ങളുടെ അന്തരാളങ്ങളെ പരിശോധിക്കുന്നത്. എങ്കിലും പ്രതിദിനം ദിവ്യഭോജനം സ്വീകരിച്ചിട്ടും പുണ്യജീവിതത്തിൽ അഭിവൃദ്ധി തേടാത്തവരെ ചിലപ്പോൾ നാം കണ്ടുമുട്ടാറുണ്ട്. ജീവിതത്തിന്റെ പനിനീർപൂവുകൾ മരണത്തിന്റെ നീർച്ചുഴികളാകാതിരിപ്പാനായി നമുക്കു ഈ പുണ്യവാന്റെ മാദ്ധ്യസ്ഥം തേടാം.

സാധാരണ അരമണിക്കൂർ നേരത്തേയുള്ള അദ്ദേഹത്തിന്റെ കൃതജ്ഞതാപ്രകാശനം നിങ്ങുനില്ക്കാറുണ്ട്. കോൺറാഡിന്റെ കവാടത്തിനു സമീപം ഒരു ചെറിയജനൽ ഉണ്ടായിരുന്നു. അവിടെക്കൂടെ നോക്കിയാൽ വിശുദ്ധ സക്രാരി കാണാമായിരുന്നു. തനിക്കു കിട്ടുന്ന ഒഴിവുസമയങ്ങളിൽ ഈ ജനൽപാളിയിലൂടെ നോക്കി

നിഷ്കയാണ അദ്ദേഹത്തിനു ആനന്ദം. അവിടെനിന്നു സ്നേഹത്തിന്റെ ആശംസകളെ കാരാഗാരവാസിയായ മിശിഹായ്ക്കു കോൺറാഡ് കാഴ്ചവെച്ചിരുന്നു. ചില അവസരങ്ങളിൽ വേറേ സന്യാസികൾ ഒളിഞ്ഞുനിന്നു ആത്മാലാപത്തിൽ പങ്കുകൊണ്ടിട്ടുണ്ട്. ദിവ്യകാരുണ്യ തിരുനാളും ക്രിസ്മസും ആയിരുന്ന കോൺറാഡിന്റെ പ്രിയമേറിയ തിരുനാളുകൾ. ക്രിസ്തുവിന്റെ ജനനത്താൽ രക്ഷയുടെ ദിവസം ഉദിച്ചു. അവിടുന്നു ദിവ്യകാരുണ്യസ്ഥാപനത്താൽ നമ്മെ ഓരോരുത്തരേയും സ്വർഗ്ഗത്തിലേയ്ക്കു നയിക്കുന്നു.

ഈ ഭക്തി തന്നേയാണ് പള്ളിയോടും, പട്ടക്കാരനോടും, ദൈവാലയ സാമഗ്രികളോടും ബഹുമാനാദരങ്ങൾ പ്രകടിപ്പിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. പള്ളിസൂക്ഷിപ്പുകാരനിൽനിന്നു വരുന്ന വീഴ്ചകൾ യഥാസമയം കോൺറാഡ് തിരുത്തുവാൻ ശ്രമിച്ചു; കഴിവുള്ളപ്പോളെല്ലാം പള്ളി ശുദ്ധിചെയ്യുന്നതിൽ വേണ്ട സഹായങ്ങൾ നല്കുവാൻ സന്നദ്ധനുമായിരുന്നു.

ക്രിസ്തുവിന്റെ പീഡാനുഭവങ്ങളും കോൺറാഡിനെ ഛായാകഷ്ടിച്ചിരുന്നു. പഞ്ചക്ഷതങ്ങൾ ക്രൂടാതെ, തിരുത്തോളിന്മേലുള്ള വ്രണവും കോൺറാഡിനെ ഗാഢമായി വ്യാകുലപ്പെടുത്തിയിരുന്നു. നിത്യവും ദിവ്യകാരുണ്യസന്ദർശനം കഴിഞ്ഞു. കുരിശിന്റെവഴി കഴിക്കുദിനചര്യയിൽ പെട്ടതായിരുന്നു. ലോകത്തിന്റെ ആരാധനയ്ക്കു വേണ്ടുന്നതു പാത്രമാകാത്ത തിരുത്തോളിലെ മുറിവുകളെപ്രതി ഈ ആശ്വാസകരമായ അഭ്യാസം പലകുറി ആവർത്തിച്ചിരുന്നു. പീഡാനുഭവചിത്രങ്ങൾ കോൺറാഡിന്റെ പഠനക്കുളരിതന്നെ ആയിരുന്നു. കിട്ടുന്ന ചിത്രങ്ങൾ ശേഖരിച്ചു തന്റെ ഗൃഹഭിത്തികൾ അലങ്കരിക്കുവാൻ ബാലനായ കോൺറാഡ് ഉത്സാഹിച്ചിരുന്നു. ഈ ഗൃഹത്തിന്റെ പരിധിവിട്ടു പത്തായത്തിലും കുതിരാലയത്തിലും എത്തുപെട്ടിരുന്നു. ഒരു സന്യാസിയായതിൽപിന്നെ അദ്ദേഹം പറയുമായിരുന്നു. "വിശുദ്ധ കുരിശാണ എന്റെ പുസ്തകം. കുരിശിൽ ശരിയായി നോക്കി

യാൽമാത്രം മതി പാപസന്ദർഭങ്ങളെ വിട്ടകന്നു ജീവിക്കുവാൻ. ക്ഷമയും എളിമയും ഞാൻ അവിടെനിന്നു പഠിക്കുന്നു. ദൈവതിരുവുള്ളത്തിനു വിധേയനായി ജീവിക്കുവാൻ എന്നെ അനുശാസിക്കുന്നതും കുരിശാണ്. ഈ പഠനാനന്തരം ലോകത്തിന്റെ കർക്കശ വശങ്ങൾ മൃദുലങ്ങളായി അനുഭവപ്പെടുന്നു. "സേവനം സ്നേഹവും സ്നേഹം സേവനവുമാകുന്നു" ഇതാണു കോൺറാഡിന്റെ മുദ്രാവാക്യം.

അല്ബേഹം രോഗിയായിരുന്ന അവസരത്തിൽ തീക്കണ്ഡീ നടത്തുവാനും ചൂടേല്ക്കുവാൻ ഒരു സന്യാസിക്ഷണിച്ചു. "എന്നെ ചൂടുപിടിപ്പിക്കുന്ന അഗ്നികുണ്ഡം ഇതാണ്" അല്ബേഹം ഒരു ക്രൂശിതരൂപം ചൂണ്ടിക്കാണിച്ചു. ഈശോയുടെ സ്നേഹഹൃദയവും കോൺറാഡിന്റെ പ്രത്യേക ഭക്തിവിഷയമായിരുന്നു. ലോകത്തിന്റെ നന്ദിഹീനതയിൽ പ്രതിനിമിഷം സങ്കടമനുഭവിക്കുന്ന ആ സ്നേഹഹൃദയത്തിനു ഗാഢനിലയ്ക്കുകയും തന്റെ പരിമിതശക്തികളാൽ സാന്ത്വനപ്പെടുത്തുകയും കോൺറാഡിന്റെ ഭക്തിതീക്ഷ്ണതയുടെ ചിലവശങ്ങളാണ്. ഏതെങ്കിലും അജ്ഞനായ പാപി ദൈവദൂഷണം പറയുന്നതായികേട്ടാൽ ഉടൻ മുട്ടിൽനിന്നു അവനുവേണ്ടി മാപ്പപേക്ഷിക്കുകയും, നിലം മുത്തി ദൈവനിന്ദിക്കു പരിഹാരം അർപ്പിക്കുകയും ചെയ്യാതെ കോൺറാഡു കടന്നുപോകയില്ല. ഇതെല്ലാം കോൺറാഡിന്റെ വിശ്വാസമാർഗ്ഗത്തെയല്ലെ ഉദ്ഘോഷിക്കുന്നതു്.

ദൈവമാതൃഭക്തി പുണ്യവാളന്മാരുടെ പൊതുസ്വത്താണ്. ദൈവനിന്ദിയുടെ മഹത്വംകണ്ടു ഞെട്ടി പിന്നോക്കം മാറുന്നവർ നമ്മുടെ സ്വർഗ്ഗീയനാഥയുടെ തണൽ പിടിച്ചാണു ഭക്തജീവിതത്തിൽ മുന്നോട്ടു ഗമിക്കുന്നതു്. ഈ അമ്മയുടെ ഇടനില ഒരു ഭക്താത്മാവിനു അനുപേക്ഷണീയമായ സങ്കേതമാണ്. ഈ അമ്മ സ്വർഗ്ഗകവാടവും വരപ്രസാദങ്ങളുടെ നിർഝരിയുമാകുന്നു. മരിയയിൽ കൂടിയാണ് മിശിഹായിൽ എത്തിച്ചേരുന്നതു്. കോൺറാഡ് പരിശുദ്ധജനനിയുടെ ഉത്തമസന്താനമായാണ്

ശൈശവം മുതൽവളർന്നവന്നതു്. അവളുടെ അമ്മയോടു വും വ്യാകുലം അടിയായ രഹസ്യങ്ങൾ കൊച്ചുകോൺറാഡിന്റെ ധ്യാനവിഷയവും ആശാകേന്ദ്രവുമായിരുന്നു. പ്രതിദിനം ഭക്തിയോടെ ജപമാല അപ്പിച്ചു കോൺറാഡു നമ്മുടെ സ്വർഗ്ഗീയരാജ്ഞിയുടെ വാത്സല്യത്തിനു പാത്രീഭൂതനായി. ജീവിതമമ്മങ്ങളെ സ്പർശിക്കുന്ന എല്ലാ പ്രശ്നങ്ങളിലും ഈ അമ്മയുടെ നിയന്ത്രണമാണ് അദ്ദേഹം വരിച്ചിരുന്നതു്. പെറും ബാലനായിരുന്ന അവസരങ്ങളിൽ പോലും ജപമാലയും ഉരുവിട്ടു പാഠശാലയിലേയ്ക്കു പോകുന്ന കാഴ്ച നാം അനുസ്മരിക്കേണ്ടതാണല്ലോ.

ലോകായതികത്വത്തിൽ ആണ്ടിരിക്കുന്ന ജനങ്ങൾക്കു പരിപൂർണ്ണമായ വിരക്തജീവിതം അസാദ്ധ്യമെന്നാണ് തോന്നിപ്പോകുന്നതു്. എന്നാൽ ദിവ്യകാരുണ്യഭക്തിയിൽനിന്നും മരിയഭക്തിയിൽനിന്നും ലഭിക്കുന്ന പിൻബലത്താൽ ഈ ദുർവ്വഹമായ ഭാരം എത്രകണ്ടു ലഘുവും ആസ്വാദ്യവുമായി പരിണമിക്കുന്നുവെന്ന അനുഭവസുക്കേ അറിഞ്ഞുകൂടാ.

അദ്ദേഹത്തിന്റെ പരസ്നേഹം നാം പലയിടങ്ങളിലായി കണ്ടതുപോലെ ദുഃഖവും ബഹുമുഖവുമായിരുന്നു. അതിന്റെ ഒരു പ്രതിഫലനമാണ്. ശുദ്ധീകരണാത്മാക്കളോടുള്ളഭക്തി. വേലചെയ്യുവാൻ വഹിയാത്ത രാത്രികാലങ്ങളിൽ കഴിയുന്ന ആ സ്നേഹാത്മാക്കളുടെ പീഡാശമനത്തിനായി കോൺറാഡ് എന്തെല്ലാം ചെയ്തില്ല. അദ്ദേഹത്തിന്റെ ജീവിതകാലത്തും ശേഷവും സ്വന്തമെന്നു പറയാവുന്ന എല്ലാ പരിഹാരഫലങ്ങളും ശുദ്ധീകരാത്മാക്കൾക്കുവേണ്ടി അദ്ദേഹം പരിശുദ്ധ ജനനിയുടെ തൃപ്പാദത്തുങ്കൽ അടിയറവെച്ചു. പാപിയായ താൻ നിത്യകാലം വേണമെങ്കിലും ശുദ്ധീകരണപീഡകൾ സഹിച്ചും, ആത്മാക്കളെ വിണ്ടുകൊള്ളാമെന്നു അദ്ദേഹം നോറ്റു. ഇതാണു ശുദ്ധീകരാത്മക്കളോടുള്ള സ്നേഹപ്രകടനത്തിന്റെ ധീരപ്രകടനം. അദ്ദേഹം എഴുതിയ ഒരു ലേഖനത്തിന്റെ ഒരു ഭാഗം നമ്മുടെ പരിഗണനയ്ക്കു വിഷയമാക്കേണ്ടതാണ്. "ദൈവം വെറും പാപികളായ ന

മുടെ നേരേ പ്രദർശിപ്പിക്കുന്ന സ്നേഹത്തെപ്രതി പീഡകളും നിന്ദാപമാനങ്ങളും സഹിക്കയാണ് എന്റെ ജീവിതലക്ഷ്യം. ഈ സ്നേഹപ്രകടനത്തിനു അന്ത്യം ഉണ്ടാകുന്നതു എന്റെ മരണത്തോടുകൂടിയായിരിക്കും. ദൈവം ഏതെല്ലാംവിധത്തിൽ അവിടത്തേ വരപ്രസാദങ്ങൾ നമുക്കു തരുന്നു. അതു ദുഷ്പ്രയോഗിക്കുവലിയ കുതഘ്നതയല്ലയോ. ഈ മഹാപാപം നാം ഒരിക്കലും ചെയ്യാതിരിക്കട്ടെ."

"ദൈവത്തെ അനന്തമായി സ്നേഹിക്കുവാൻ ഞാൻ അഭിവാഞ്ഛിക്കുന്നു. അവിടുന്നു അർഹിക്കുന്നിടത്തോളം മനുഷ്യർ അവിടത്തേ സ്നേഹിക്കുന്നില്ലല്ലോയെന്ന ചിന്തയാണ് എന്റെ പ്രധാന ദുഃഖഹേതു.ഒരു സോഹഫ് മാലാഖയായി, ലോകത്തെ മുഴുവനും അവിടത്തേ സ്നേഹത്തിലേക്കാകഷിക്കുന്നതിനും അനന്തകാലം അവിടത്തേ സ്നേഹത്തിൽ ജീവിതം ചിലവഴിക്കുവാൻ ക്ഷണിക്കുന്നതിനും ഞാൻ ആഗ്രഹിക്കുന്നു. സ്നേഹം അന്ധമാണ്; അനന്തമാണ്."



ഒമ്പതാം അദ്ധ്യായം

മഹിമ

അഗ്നി എരിയുന്ന വസ്തുവിൽ ചൂടുപകരുന്നതു ക്ര
ടാതെ സമീപസ്ഥങ്ങളിൽ സംക്രമിപ്പിക്കുകടി ചെയ്യുന്നു.
മനുഷ്യഹൃദയങ്ങളിൽ കുടികൊള്ളുന്ന ദിവ്യ സ്നേഹാഗ്നി
യും ഈ ഗുണത്തോടുകൂടിയതാണു്. ലോകത്തിൽ ജീവി
ച്ചിരിക്കുമ്പോൾ തങ്ങളുടെ ചുറ്റുമുള്ളവരിൽ ഭക്തിയു
ടെ തീപ്പൊരികൾ ഉതിർപ്പിടിപ്പിക്കുവാൻ അവക്കു കഴി
യുന്നു. മരണത്തോടെ ഈ അഗ്നി അണഞ്ഞു പോകുന്നി
ല്ല. പ്രത്യുത ജീവിക്കുന്ന അഗ്നിഗോളമായി അതു അന്ത
രീക്ഷത്തിൽ ലാലസിക്കുകയും സജ്ജനങ്ങളുടെ മേലും അതി
ന്റെ പാലൊളി കിരണങ്ങളെ വർഷിക്കുകയും ചെയ്യുന്നു.

നമ്മുടെ സ്വർഗ്ഗപുരുഷന്റെ കായ്ത്തിലും ഇതു അ
ക്ഷരശഃ സാർത്ഥകമായി; ജീവിതവേളയിൽതന്നെ മനു
ഷ്യരെ ദൈവത്തിലേക്കാനയിക്കാൻ ഈ പ്രേഷിതനു
കഴിഞ്ഞു. ഭാവിദർശനവരം, ഹൃദയങ്ങളെ വായിപ്പാനു
ള്ളക്ഷമത ആദിയായ പല അത്ഭുതങ്ങളാലും കോൺറാ
ഡിനെ ഒരു പുണ്യവാനായി ലോകം കരുതിയിരുന്നു.
ഈ അനുഗ്രഹങ്ങളാൽ വഴിവിട്ട കൊട്ടം പാപികൾ
നേർ വഴിയിലേയ്ക്കു പ്രത്യാഗമിച്ചിട്ടുണ്ട്. ആശ്രമത്തി
ന്റെ കവാടത്തുങ്കൽ ക്ലിപ്തമായ രീതിയിലെങ്കിലും പൊ
തുനന്മയ്ക്കായി യത്നിക്കുകയായിരുന്നു നമ്മുടെ പുണ്യവാ
ന്റെകടമ. അഗതികളേയുംആർത്തികളേയും അഭ്യേഹംഒരി

ക്കൽപോലും ആശ്വസിപ്പിക്കാതിരുന്നിട്ടില്ല. തന്റെ കഴി
വുകൾക്കും അതീതമായ നിലയിൽ അവരെ സേവിക്ക
വാൻ അദ്ദേഹം പണിപ്പെട്ടു. ദരിദ്രരിൽ ദരിദ്രനായ ഒരു
സന്യാസ സഹോദരനു എന്തുചെയ്യുവാൻ കഴിയും. എ
ന്നാൽ ഇന്നുലോകബന്ധം അറ്റതോടെ ഒരു വലിയ നി
ക്ഷേപത്തിന്റെ കാവൽസ്ഥനായി അദ്ദേഹം തീർന്കഴി
ഞ്ഞു. തന്റെ പരസ്നേഹം പലപ്പോഴും കഴിവുകളുടെ
പരിമിതികൊണ്ടു പുളച്ചു ഒഴുകുവാൻ ഇടവന്നിട്ടില്ല.
ഇന്നു, സമ്പത്സമൃദ്ധം ജഗത്തിൽ വിത്തസ്സംഭരണവന്റെ ഭ
ണ്ഡാരം സൂക്ഷിപ്പുണ്ട കോൺറാഡിന്റെ സ്ഥാനം. ഇരു
കൈകളും നിറയെ അർത്ഥികൾക്കു ദാനം ചെയ്യുവാൻ
കോൺറാഡ് ശക്തനായിതീർന്നിരിക്കുന്നു. തന്റെ സ്വത്തും
ഭൂമിയിൽ ക്ലേശിക്കുന്നവരുടെ ആശ്വാസത്തിനായി ഈ
സന്യാസി വ്യയം ചെയ്തുതുടങ്ങി. അദ്ദേഹം സാധുക്കളു
ടെ– തൊഴിലാളികളുടെ സ്നേഹിതനായിരുന്നു. സ്വത്ത്
ത്തിൽവെച്ചും ഈ പക്ഷപാതം അദ്ദേഹം കാക്കുന്നുവെ
ന്നാണ് അദ്ദേഹംമൂലം ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്ര
ഹങ്ങൾ പരിഗണിക്കുന്നതിൽ നിന്നു അനുമിക്കേണ്ടതു്.

ഏതൊരു സ്ഥലത്തു നാലുനാഴുകൊല്ലം തന്റെ
ജീവിതത്തിന്റെ കാതലായ ഭാഗം വ്യയം ചെയ്യുവോ,
ആ പടിപ്പുരയിൽ കൊട്ടിവിളിച്ചു ദിവ്യപ്രകാശത്തിനും,
മനസ്സ്തിരിവിനും, സാമ്പത്തിക സഹായങ്ങൾക്കും, രോ
ഗവിമുക്തിക്കും അർത്ഥിച്ചിരുന്ന എല്ലാവർക്കും സംതൃപ്തി
നല്കുവാൻ കോൺറാഡ് സന്നദ്ധനാണ്.

ജീവിതത്തിൽ അത്ഭുത പ്രവർത്തനത്തിനുള്ള വരം
കോൺറാഡിനു ദൈവത്തെക്കയിൽനിന്നു ലഭിച്ചിരുന്നു.
മരണത്തോടെ അതിന്റെ പ്രവർത്തനപരിധി വിസ്തൃത
മാകയാണുണ്ടായതു്. 1911 ഏപ്രിൽ 21–ാംനു- വി അന്നാ
യുടെ ആശ്രമത്തിലേ ശ്രേഷ്ഠൻ, കോൺറാഡിന്റെ ശവ
കുടീരത്തിൽ പതിവനുസരിച്ചു പ്രാർത്ഥനാനിമഗ്നനായി
രിക്കുന്നു. അദ്ദേഹം ഇപ്രകാരം വിശ്വസ്തനോടു പറഞ്ഞു.
"അല്ലയോ കോൺറാഡ് സഹോദരി, അങ്ങു ഒരു വി
ശുദ്ധനാണെന്നും, അങ്ങയുടെ മാധ്യസ്ഥം അപേക്ഷിക്കേ

ന്നവക്ക് ഫലസിദ്ധിയുണ്ടാകുന്നു വെന്നും എല്ലാവരും പറയുന്നുവല്ലോ. അങ്ങു ഒരു പുണ്യവാനാണെങ്കിൽ എനിക്കു ഒരു ആയിരം "മാർക്സ്" തന്നാലും. എനിക്കു പണത്തിനു വളരെ ആവശ്യമുണ്ട്."

അന്നുവൈകുന്നേരം ഒരപരിചിതൻ പടിപ്പുരയിലെത്തി ആശ്രമശ്രേഷ്ഠന്റെ കൈവശം ഒരുപൊതി കൊടുത്തുകൊണ്ടു സ്ഥലംവിട്ടു. അതിൽ ആയിരം മാർക്സിന്റെ നോട്ടുകൾ ഉള്ളടക്കം ചെയ്തിരുന്നു.

അൽടോടിംഗിലെ ആശ്രമശ്രേഷ്ഠൻ വരപ്രസാദമാതാവയ കന്യാകാംബികയുടെ നാമത്തിൽ ഒരു പള്ളി പണിയുവാൻ ആഗ്രഹിച്ചു. എന്നാൽ പണദൗർലഭ്യംകൊണ്ടു പണി ആരംഭിക്കുവാൻ ധൈര്യപ്പെടാതിരിക്കയാണ്. ഈ സംഗതിയെപ്പറ്റി ആശ്രമശ്രേഷ്ഠൻ ഒരു വൃദ്ധയോടുസംസാരിച്ചു. വി. കോൺറാഡുമായി വളരെക്കാലത്തെ പരിചയമുള്ളവളും പ്രതിദിനം അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം അർത്ഥിച്ചിരുന്നവളുമായ വൃദ്ധ ഇപ്രകാരം പറഞ്ഞു. "അച്ചനു ആഗ്രഹമില്ലാത്തതുകൊണ്ടല്ലേ പള്ളിപണി നടക്കാത്തതു്. അച്ചന്റെ സിമിത്തേരിയിലല്ലേ ബ്ര. കോൺറാഡ് വസിക്കുന്നതു്. ഒരു വാക്കു അദ്ദേഹത്തോടു പറഞ്ഞാൽ പള്ളിപണിക്കുള്ള സമ്പത്തു കിട്ടാതിരിക്കയില്ല."

ഈ വാക്കുകേട്ട ഉടനെ ശ്രേഷ്ഠൻ നേരിട്ടു കോൺറാഡിന്റെ ശവകുടീരത്തിൽ എത്തി ഇപ്രകാരം പ്രാർത്ഥിച്ചു. "നമ്മുടെ പള്ളിപണിക്കുള്ള ധനം അങ്ങയുടെ മദ്ധ്യസ്ഥത്താൽ ലഭിക്കയാണെങ്കിൽ, അങ്ങയെ വിശുദ്ധനെന്നു നാമകരണം ചെയ്യുവാനുള്ള ശ്രമങ്ങൾ സവ്കഴിവുകളും പ്രയോഗിച്ചുകൊള്ളാം ആരംഭിക്കുന്നതാണ്."

ഈ പ്രാർത്ഥനയുടെ ഫലസിദ്ധി അവർണ്ണനീയമായിരുന്നു. 1912 ഒക്ടോബർ 13-ാംനു പള്ളിവെഞ്ചരിപ്പു നടത്തുവാൻ കഴിഞ്ഞു. വി. കോൺറാഡിന്റെ ചരിത്രം ഇത്താലിയാഭാഷയിൽ വിരചിച്ച ദേഹത്തിനും ഇതുപോലുള്ള ഒരനുഗ്രഹം ലഭിച്ചുവെന്നു ആ പുസ്തകത്തിൽ പറയുന്നു. അൽടോടിംഗിലെ ശ്രേഷ്ഠനു ലഭിച്ച അനുഗ്ര

ഹത്താൽ പ്രേരിതനായി അദ്ദേഹം കോൺറാഡിന്റെ മദ്ധ്യസ്ഥം അപേക്ഷിച്ചു. വളരെകൊല്ലത്തെ മിഷ്യനറി പ്രവർത്തനങ്ങൾ കഴിഞ്ഞു തിരിച്ചുവരുന്ന മിഷ്യനറിമാർക്ക് അന്ത്യകാലം നയിക്കുന്നതിനു ഒരു ഭവനം നിർമ്മിക്കുന്നതിനായിരുന്നു, കോറാഡിന്റെ അനുഗ്രഹം അർത്ഥിച്ചത്. പെരും ആറുമാസംകൊണ്ടു ഒരു മഹാസൗധം പണിതീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ക്രൂടാതെ, സാധുക്കളായ തൊഴിലാളികളുടേയും കർഷകരുടേയും സ്നേഹിതനായ കോൺറാഡ് അവർക്കുവേണ്ടി സ്വർഗ്ഗത്തിൽനിന്നു വർഷിച്ചിട്ടുള്ള അനുഗ്രഹങ്ങൾ വളരെയാണ്. അദ്ദേഹത്തെ വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനായി നിയോഗിതമായ ന്യായാസനത്തുങ്കൽ അദ്ദേഹംമൂലം സംപ്രാപ്തമായ ഒട്ടനവധി അത്ഭുതങ്ങൾ അണിനിരത്തിട്ടുണ്ട്. ക്രൂടാതെ പലർക്കും പ്രതിദിനഭോജനം നല്കിയിരുന്ന മൃഗങ്ങൾ, ഫലവൃക്ഷങ്ങൾ, തൊഴിലുകൾ ആദിയായവ വിനാശത്തിൽനിന്നു നമ്മുടെ വിശുദ്ധന്റെ മദ്ധ്യസ്ഥത്താൽ സംരക്ഷിക്കപ്പെട്ട സന്ദർഭങ്ങൾ അനവധിയാണ്. ഒരു കർഷകനായി മുപ്പത്തിമൂന്നുകൊല്ലം ജീവിച്ച കോൺറാഡിനു, ഒരു കുതിര, കാളവണ്ടി, ആദിയായ കാർഷികോപകരണങ്ങളുടെ വില ശരിക്കറിയാമായിരുന്നു. അതിനു വരുന്ന അപകടംമൂലം പക്ഷെ ആകുടുംബംപട്ടിണികിടക്കേണ്ടിവന്നേയ്ക്കുമെന്നു അദ്ദേഹം ധരിച്ചിരുന്നു. അതുപോലെ നാളുതോറും കൊല്ലം രാപകൽ ജോലിചെയ്യുന്ന ഒരു തൊഴിലാളിയാണദ്ദേഹം. തൊഴിലിന്റെ വിഷമതകളും അതിൽ ഒരുത്തനു അഭിമുഖീകരിക്കേണ്ട ശത്രുക്കളും അദ്ദേഹത്തിനു അനുഭവപാഠമായിരുന്നു. ശാരീരികവും ആദ്ധ്യാത്മികവുമായ പല ശത്രുക്കളും തൊഴിലാളിയെ വലയം ചെയ്യുന്നുണ്ട്. ഇങ്ങനെ നെറ്റിയിലെ വിയർപ്പുകൊണ്ടു തങ്ങളുടെ നിത്യാഹാരം കണ്ടെത്തുന്ന തൊഴിലാളികളെ, രോഗത്തിൽനിന്നും, ആപത്തിൽനിന്നും കോൺറാഡ് ത്രാണനം ചെയ്ത സന്ദർഭങ്ങൾ ശതക്കണക്കിനു ആവർത്തിക്കാൻ കഴിയും. ഒരു മാതൃകാതൊഴിലാളിയായി അദ്ദേഹം ജീ

വിച്ചു. തൊഴിലാളികളുടെ മദ്ധ്യസ്ഥനായി അദ്ദേഹം സ്വർഗ്ഗത്തിൽ പ്രശോഭിക്കുന്നു. ഇദ്ദേഹത്തിന്റെ അനുഗ്രഹത്താൽ രോഗപീഡിതർ ലഭിച്ചിട്ടുള്ളവരും ഒട്ടനവധിയാണ്.

ഈ ചെറുഗ്രന്ഥംമൂലം ലോകത്തിനു ഒരു മാതൃകപുണ്ഡികാണിക്കുവാനാണ് ഗ്രന്ഥകാരൻ ഉദ്ദേശിച്ചിട്ടുള്ളതു്. എളിയ ഇടത്തിൽ, ലോകത്തിനു അജ്ഞരായി, അധ്രുഷ്യരായി, ജീവിച്ചു പരിശുദ്ധിയുടെ അത്യുച്ചിയിലേക്കു അമ്പാരി എഴുന്നള്ളത്തു നടത്തുന്ന വിശുദ്ധരുടെ മാതൃകനമ്മെ കണ്ണുതുറപ്പിക്കുവാൻ ഇടയാക്കട്ടെയെന്നു ഗ്രന്ഥകാരൻ ഉദ്ദേശിക്കാതിരുന്നിട്ടില്ല.

എളിമയുടെ താഴ്വരകളിൽക്കൂടി അദ്ദേഹം പുണ്യസൗധത്തിന്റെ മണിമണ്ഡപത്തിൽ എത്തിച്ചേർന്നു. ലോകത്തിന്റെ ആഗ്രഹം അനുസരിച്ചു 1930ജൂൺ 25-ാം തീയതി അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ സഭ അംഗീകരിച്ചു.

ആ കൊല്ലം ഡിസംബറിൽതന്നെ ഒരു അപ്പസ്തോലികസംഘം വിശുദ്ധന്റെ ജീവിതത്തെ ഒരാവർത്തികൂടി പഠിപ്പാനും, വിശുദ്ധനെന്നു നാമകരണം ചെയ്യുന്നതിനു വേണ്ട തെളിവുകൾ ശേഖരിക്കുന്നതിനും നിയുക്തരായി.

1934 മേയ് 20-ാംനു- പരിശുദ്ധാത്മാവിയുടെ തിരുനാളിൽ നമ്മുടെ കഥാപുരുഷനെ പുണ്യവാന്മാരുടെ ഗണത്തിൽ ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പിയൂസ് ആലേഖനം ചെയ്തു.

ഈ പുണ്യവാന്റെ ജീവിതമാതൃകയാൽ ആകൃഷ്ടരായി ഏതെങ്കിലും ഒരാത്മാവു് പാപവഴിയെവിട്ടു പുണ്യത്തിൽ അഭിവൃദ്ധിപ്പെടാനും ഒടുവിൽ നിത്യകിരീടത്തിനു അർഹനാകുവാനും ഇടയാകുന്നെങ്കിൽ ഈ വിനീതശ്രമം നിഷ്ഫലമല്ലെന്നു ഈയുള്ളവൻ ആശ്വസിച്ചേനേ.

ശുഭം.

S. J. Press Mannanam, 1946.

No.				
,, 43	മുന്തിരിവള്ളി	0	3	6
,, 44	തൊഴിലാളികളോട്	0	2	6
,, 45	ജയിച്ചുപോയി	0	5	0
,, 46	ദേവകിയമ്മാൾ	0	5	0
,, 47	വി. ഫിലോമിനാ	0	5	0
,, 48	സ്നീസ്പാതഞ്ഞും	0	5	0
,, 49	കഞ്ഞുവക്കിയുടെതുലികത്തുമ്പ്	0	4	0
,, 50	അടിച്ചുടയ്ക്കും	0	4	0
,, 51	നരകത്തിൽനിന്ന്	0	4	0
,, 52	സത്യാന്വേഷിയായ സ്ത്രീമാൻ	0	4	0
,, 53	അപ്പസ്തോലപ്രഭു	0	3	0
,, 54	ഗ്രാമോദ്ധാരണം	0	8	0
,, 55	ലിസ്സിവിലെ മറ്റൊരുപുഷ്പം	0	6	0
,, 56	ഭാഗവതർ	0	4	0
,, 57	മിന്നൽ പിണരുകൾ	0	4	0
,, 58	കുരിശുകൾ	0	4	0
,, 59	വിങ്ങുന്ന ഹൃദയം	0	2	0
,, 60	വേലയുടെ വില	0	1	0
,, 61	കേ. കത്തോലിക്കർ ഒന്നടങ്കം സംഘടിക്കണം	0	4	0
,, 62	ആ ചൈതന്യ വിശേഷം	0	2	0
,, 63	ചിത്രകാരൻ	0	3	0
,, 64	ആങ്ങ് പഠിപ്പിക്കണം	0	3	0
,, 65	ബോട്ടയാത്രയിൽ	0	3	0
,, 66	വി. കൊച്ചുത്രേസ്യാ	0	4	0

PALACKAL JEEVAS REFERENCE LIBRARY ACHARYA